


KERALA INSTITUTE OF LOCAL ADMINISTRATION (KILA)
Mulamkunnathukavu P O, Thrissur - 680 581, Kerala, India,
Ph: +91-487-2207000,2201312, +91-487-2201062 | Mail: info@kila.ac.in,
Web: www.kila.ac.in




## സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

# പ്രാദേശികവികസനം ലിംഗസമത്വ കാഴ്ചപ്പാടിൽ

### കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
ജൂലൈ 2022

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

# പ്രാദേശികവികസനം ലിംഗസമത്വ കാഴ്ചപ്പാടിൽ

## കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ്, തൃശൂർ-680581
ജൂലൈ 2022

| | |
|---|---|
| **ചീഫ് എഡിറ്റർ** | **Chief Editor** |
| **ഡോ. ജോയ് ഇളമൺ** | **Dr. Joy Elamon** |
| ഡയറക്ടർ ജനറൽ, കില | Director General, KILA |
| **എഡിറ്റർമാർ** | **Editors** |
| ഡോ. കെ.പി.എൻ അമൃത | Dr. K.P.N Amrutha |
| ശ്രീമതി. സുകന്യ കെ.യു | Ms. Sukanya K.U |
| **എഡിറ്റോറിയൽ സഹായം** | **Editorial Support** |
| ശ്രീ. ഷൈജു എം | Mr. Shyju M |
| **തയ്യാറാക്കിയത്** | **Prepared by** |
| ഡോ. അമൃത്‌രാജ് ആർ.എം | Dr. Amruthraj R.M |
| ശ്രീമതി. വിനീത എം | Ms. Vineetha M |
| ശ്രീ. ടി.എം ഷിഹാബ് | Mr. Shihab T.M |
| ശ്രീമതി. കെ.ജി ശശികല | Ms. Sasikala K.G |
| ശ്രീമതി. പ്രീതി ഉണ്ണികൃഷ്ണൻ | Ms. Preethi Unnikrishnan |
| ശ്രീമതി. റിസ്മിയ ആർ.ഐ | Ms. Rismiya R.I |
| **കവർ & ലേഔട്ട്** | **Cover & Layout** |
| ശ്രീ. അഭിരാം കെ.ടി.കെ | Mr. Abhiram K.T.K |
| **ഡി. ടി.പി.** | **DTP** |
| ശ്രീമതി. ശ്രീലത എസ് | Ms. Srilatha S |
| **പ്രസാധനം** | **Published by** |
| കേരളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local Administration |
| അഡ്മിനിസ്ട്രേഷൻ (കില), | (KILA), Mulamkunnathukavu, |
| മുളംകുന്നത്തുകാവ്, തൃശൂർ-680581 | Thrissur-680581 |
| ഫോൺ-+91-487-2207000, 2201312 | Phone: +91-487-2207000, 2201312 |
| ഫാക്സ്: +91-487-2201062 | Fax: +91-487-2201062 |
| ഇമെയിൽ: info@kila.ac.in | Email: info@kila.ac.in |
| വെബ്സൈറ്റ്: http://www.kila.ac.in | Website: http://www.kila. ac. in |
| **അച്ചടി** | **Printed at** |
| ഗ്രാമലക്ഷ്മി മുദ്രാലയം | Gramalakshmi Mudralayam |
| ജൂലൈ 2022 | July 2022 |

# ഉള്ളടക്കം


| അദ്ധ്യായം | വിഷയം | പേജ് നം |
| --- | --- | --- |
| 1 | ആമുഖം | 05 |
| 2 | സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളും സുസ്ഥിര വികസന ലക്ഷ്യങ്ങളും | 06 |
| 3 | ജെൻഡർ അനുബന്ധ ആശയങ്ങൾ | 09 |
| 4 | ലിംഗപദവിയും വികസനവും | 18 |
| 5 | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ | 26 |
| 6 | ജെൻഡറും പഞ്ചായത്തീരാജ്/ നഗരപാലികസംവിധാനവും | 38 |
| 7 | ജെൻഡർ സൗഹൃദ തദ്ദേശ ഭരണം | 44 |
| 8 | വികസനം ലിംഗ സമത്വ കാഴ്ച്ചപ്പാടിലൂടെ | 53 |
| 9 | ലിംഗപദവി ആസൂത്രണം / ജെൻഡർ പ്ലാനിംഗ് | 58 |
| 10 | മോണിറ്ററിംഗ് | 60 |
| 11 | ഉപസംഹാരം | 61 |

അദ്ധ്യായം 1

# ആമുഖം

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ അഞ്ചാമതായ ലിംഗ പദവി സമത്വവും സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണവും കൈവരിക്കുന്നതിൽ കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിലൂടെ കേരളം കൈവരിച്ച നേട്ടങ്ങൾ എടുത്തു പറയേണ്ടതാണ്. ഉദാഹരണത്തിന് സംവരണത്തിലൂടെയും കുടുംബശ്രീ സംവിധാനത്തിലൂടെയും ദൃശ്യത കൈവരിച്ചു. ആയുർ ദൈർഘ്യത്തിലെ വർദ്ധനവ്, ശിശു–മാതൃ മരണ നിരക്കിലെ കുറവ്, ഉന്നത വിദ്യഭ്യാസ മേഖലയിൽ പെൺകുട്ടികളുടെ പ്രാതിനിധ്യത്തിലുണ്ടായ വർദ്ധനവ്, ഉയർന്ന ലിംഗാനുപാതം എന്നിവ നാം ആർജ്ജിച്ചെടുത്ത നേട്ടങ്ങളാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം, വരുമാന വിനിയോഗ നിയന്ത്രണം, സഞ്ചാരസ്വാതന്ത്ര്യം, സ്വത്തവകാശം, ആസ്തികളുടെ നിയന്ത്രണം, സുരക്ഷ, രാഷ്ട്രീയതലത്തിലും നയരൂപീകരണ സ്ഥാനങ്ങളിലുമുള്ള പങ്കാളിത്തം എന്നിവയിൽ ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. ഉച്ചനീചത്വത്തിലധിഷ്ഠിതമായ സാമൂഹികവ്യവസ്ഥിതിയും സ്ത്രീവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞവയാണ്. തന്മൂലം അവയെ പരിവർത്തനം ചെയ്യെടുക്കുക എളുപ്പമല്ല. ഓരോ രാജ്യങ്ങളുടെയും വികസന നിലവാരം നിർണ്ണയിക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ (SDG) അഞ്ചാമത്തെ ലക്ഷ്യം തന്നെ ലിംഗസമത്വത്തിനു വേണ്ടിയുള്ള ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യപ്പെടുന്നതാണ്.

ലിംഗപരമായ അസമത്വങ്ങളെ ഇല്ലാതാക്കണമെങ്കിൽ സാമൂഹ്യ–സാമ്പത്തിക –വിദ്യാഭ്യാസ–നിയമ–രാഷ്ട്രീയ മേഖലകളിലെല്ലാം പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സ്ത്രീകളുടേയും മറ്റ് ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളുടെയും താൽപര്യങ്ങളും കാഴ്ച്ചപ്പാടും കണക്കിലെടുക്കാതെ ഒരു തീരുമാനവും ഉണ്ടാവുകയില്ലെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആരും ഒഴിവാക്കപ്പെടാതെ എല്ലാ മനുഷ്യരുടെയും കഴിവുകളും സാധ്യതകളും വികസിപ്പിക്കുകയും അവ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വേണം. സാമൂഹ്യനീതി സ്ഥാപിക്കുന്നതിനും സാമൂഹ്യമായ ഉൾച്ചേർക്കൽ സാധ്യമാക്കുന്നതിനും നിരവധി സംവിധാനങ്ങൾ കേന്ദ്ര സംസ്ഥാന ഭരണതലത്തിലും തദ്ദേശ സ്ഥാപനതലത്തിലും നിലവിലുണ്ട്. അവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് എല്ലാ ജനങ്ങൾക്കും പ്രാപ്യമാക്കേണ്ടത് പ്രാദേശികതല ഭരണസംവിധാനത്തിന്റെ ചുമതലയാണ്.

## അദ്ധ്യായം 2

# സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളും (Millennium Development Goals-MDG), സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals-SDG)

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള ആഗോള വികസന ലക്ഷ്യങ്ങളാണ് MDG യും SDG യും. 1972 ൽ സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ വച്ചു നടന്ന മാനവ പരിസ്ഥിതി (Human Environment) സമ്മേളനത്തിൽ നിന്നാണ് ഇവയുടെ തുടക്കം. 1983 ൽ ഐക്യരാഷ്ട്രസഭ രൂപീകരിച്ച പരിസ്ഥിതിയും വികസനവും എന്ന ലോക കമ്മീഷനാണ് (World Commission on Environment and Development) ആഗോള വികസന ലക്ഷ്യത്തിന് നിർവചനം നൽകിയത്. "**ഭാവിതലമുറയുടെ വികസനാവശ്യങ്ങൾക്ക് ഭംഗം വരാതെ ഇന്നത്തെ തലമുറയുടെ വികസനാവശ്യങ്ങൾ പരിഗണിക്കുക**" എന്നതായിരിക്കണം സുസ്ഥിര വികസനത്തിന്റെ മുഖ്യ ഊന്നൽ എന്ന ആശയം ഈ കമ്മീഷൻ മുന്നോട്ടു വച്ചു.

1989 ൽ നടന്ന കുട്ടികളുടെ അവകാശം എന്ന കൺവൻഷൻ, 1990 കളിൽ ഐക്യരാഷ്ട്രസഭയിലെ അംഗരാജ്യങ്ങൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വികസന മുൻഗണനകൾ സംബന്ധിച്ച് തുടർച്ചയായി സംഘടിപ്പിച്ച ചർച്ചകളും സമ്മേളനങ്ങളും, 1992 ൽ റിയോയിൽ വച്ച് നടന്ന പരിസ്ഥിതിയും വികസനവും സമ്മേളനം, 1994 ൽ കെയ്റോയിൽ വച്ച് നടന്ന ജനസംഖ്യാ സമ്മേളനം, 1995 ൽ ബീജിംഗിൽ വച്ച് നടന്ന വനിതാ സമ്മേളനം എന്നിവയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ആഗോള വികസന ലക്ഷ്യങ്ങൾക്ക് അടിസ്ഥാനമായത്.

2000 സെപ്റ്റംബറിൽ ന്യൂയോർക്കിൽ വച്ചു നടന്ന സഹസ്രാബ്ദ ഉച്ചകോടി (Millennium Summit) സഹസ്രാബ്ദ പ്രഖ്യാപനം പാസ്സാക്കി. ഇതിൽ 147 രാജ്യങ്ങളുടെ



തലവന്മാർ ഒപ്പിട്ടു. ഒരുവർഷം കഴിഞ്ഞ് 2001 ആഗസ്റ്റിൽ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ (Millennium Development Goals-MDG) ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. 2015 ഓടുകൂടി കൈവരിയ്ക്കേണ്ടിയിരുന്ന 8 ലക്ഷ്യങ്ങളും 48 ഉപലക്ഷ്യങ്ങളും ചേർന്നതാണ് സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ.

സുസ്ഥിര വികസനലക്ഷ്യങ്ങൾ (Sustainable Development Goals) 2030 ഓടുകൂടി കൈവരിക്കുന്നതിനുള്ള സാർവ്വത്രികമായ ഒരുകൂട്ടം ലക്ഷ്യങ്ങളും (Goals) ഉപലക്ഷ്യങ്ങളും (Targets) സൂചകങ്ങളും (Indicators) ആണ്. ഐക്യരാഷ്ട്രസഭയുടെ അംഗരാജ്യങ്ങൾ രാഷ്ട്രീയ നയരൂപീകരണത്തിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട ലക്ഷ്യങ്ങളാണിവ.




"നമ്മുടെ ലോകത്തിന്റെ പരിവർത്തനം സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള 2030 അജണ്ട" എന്നതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഔദ്യോഗികനാമം. ഈ അജണ്ട പ്രകാരം 17 ലക്ഷ്യങ്ങളും 169 ഉപലക്ഷ്യങ്ങളും 300 പരം സൂചകങ്ങളും ഐക്യരാഷ്ട്രസഭയുടെ അംഗ രാജ്യങ്ങൾ 2030 ഓടുകൂടി കൈവരിക്കേണ്ടതാണ്.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ അഞ്ച് ബൃഹത്തായ പരിപ്രേക്ഷ്യത്തിൽ ഊന്നിയുള്ളവയാണ്. **ഇത് 5 പി എന്നറിയപ്പെടുന്നു.**



സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളിലെ 'ലിംഗനീതിയും സ്ത്രീശാക്തീകരണവും പ്രോത്സാഹിപ്പിക്കൽ' എന്ന മൂന്നാമത്തെ ലക്ഷ്യവും സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ 'ലിംഗസമത്വം കൈവരിക്കുകയും സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും ചെയ്യുക' എന്ന അഞ്ചാമത്തെ ലക്ഷ്യവും ആ പ്രഖ്യാപനത്തിൽ ഒപ്പുവച്ച രാജ്യങ്ങളിലെ എല്ലാ സർക്കാരുകളുടെയും ഉത്തരവാദിത്തമാണ്. സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളുടെ ഊന്നൽ എല്ലാത്തരം അസമത്വങ്ങളെയും ഇല്ലായ്മകളെയും 2015നകം കുറച്ചു കൊണ്ടുവരിക എന്നതായിരുന്നെങ്കിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ അത്തരം അസമത്വങ്ങളെയും ഇല്ലായ്മകളെയും 2030 നുള്ളിൽ ഉന്മൂലനം ചെയ്യുക എന്നതിൽ ഊന്നുന്നു.

ഈ ലക്ഷ്യപ്രഖ്യാപനങ്ങളിൽ ഒപ്പുവച്ച രാജ്യമെന്ന നിലയിൽ ഇവ നേടിയെടുക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്. SDG യിലെ പുരോഗതി വിലയിരുത്തിയാണ് ലോകത്ത് ഓരോ രാജ്യങ്ങളുടെയും വികസന നിലവാരം നിർണ്ണയിക്കുന്നത്. നീതി ആയോഗ് പ്രസിദ്ധീകരിച്ച ഒടുവിലത്തെ റാങ്കിങ്ങിൽ കേരളം ഇൻഡ്യയിൽ ഒന്നാമതാണ്–സ്കോർ 75/100 പോയന്റ്. ഈ മികച്ച സൂചികക്കിടയിലും ലിംഗസമത്വം കൈവരിക്കാനും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ കേരളം 20 പോയന്റുകൾക്ക് പിറകിലാണ് എന്ന കാര്യം എല്ലാ തലത്തിലെയും ആസൂത്രകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അദ്ധ്യായം 3

# ജെൻഡർ അനുബന്ധ ആശയങ്ങൾ

ഐക്യരാഷ്ട്രസഭ, ലോകബാങ്ക്, വിവിധ സർക്കാരുകൾ തുടങ്ങി അന്തർദ്ദേശീയ, പ്രാദേശികതലങ്ങൾ വരെ ഇപ്പോൾ സാധാരണയായി ജെൻഡർ, ലിംഗനീതി, ലിംഗസമത്വം, ശാക്തീകരണം തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ജനാധിപത്യപരവും ഫലപ്രദവുമായ, എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിയുള്ള ഒരു ഭരണസംവിധാനത്തിന് ലിംഗനീതി പരിഗണന ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

എന്നാൽ മേൽപറഞ്ഞ വാക്കുകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും അവയുടെ അർത്ഥം എല്ലാവരും ഒരേ പോലെയല്ല മനസ്സിലാക്കുന്നത്. പലപ്പോഴും 'സ്ത്രീ' എന്നതിന് പകരമായി ജെൻഡർ ഉപയോഗിക്കപ്പെടുന്നുണ്ട്; പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ. അടുത്തകാലത്തായി 'സ്ത്രീയും പുരുഷനും' ഉൾപ്പെടുന്നതാണ് ജെൻഡർ എന്നും പറയാൻ തുടങ്ങിയിട്ടുണ്ട്. 'ജെൻഡർ' എന്ന പ്രയോഗത്തിന്റെ അർത്ഥതലങ്ങൾ അതിലും വ്യാപ്തിയും ആഴവും ഉള്ളതുമാണ്.

ഒരു പെൺകുട്ടി/സ്ത്രീ; ആൺകുട്ടി/പുരുഷൻ എന്ന ലിംഗ വിഭാഗങ്ങൾക്ക് സമൂഹം നൽകുന്ന വ്യാഖ്യാനങ്ങൾ, മൂല്യങ്ങൾ, അവരിൽ നിന്നും പ്രതീക്ഷിക്കുന്ന ചുമതലകൾ, അവർ തമ്മിലുള്ള ബന്ധങ്ങൾ ഇവയെല്ലാം ഉൾക്കൊണ്ടതാണ് ലിംഗപദവി (ജെൻഡർ). ഇതൊരു വിശകലന ആശയമാണ് (Analytical Concept) ഒരാൾ ഏതു ലിംഗ വിഭാഗത്തിൽ (sex) ജനിച്ചു എന്ന് നോക്കിയിട്ടല്ല മറിച്ച് സമൂഹം അതാതു കാലങ്ങളിൽ നിർണ്ണയിക്കുന്നതാണ് ജെൻഡർ. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ജൈവശാസ്ത്രപരമായ വ്യത്യാസങ്ങളല്ല, മറിച്ച് സാമൂഹികമായി നിർണ്ണയിക്കപ്പെടുന്ന വ്യത്യസ്തതകളും, ചിട്ടകളും സാംസ്കാരിക പ്രതീക്ഷകളും ഒക്കെയാണ് ജെൻഡറിനെ സൂചിപ്പിക്കുന്നത്. ഓരോ സംസ്കാരത്തിലും കാലത്തിലും സ്ത്രീത്വവും പുരുഷത്വവും നിർണ്ണയിക്കപ്പെടുന്നത് വ്യത്യസ്തമായിട്ടായിരിക്കും. സ്ത്രീ–പുരുഷന്മാർ തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്ത് സ്ത്രീക്കും പുരുഷനും എത്രമാത്രം അധികാരത്തിന് പ്രാപ്യത ഉണ്ട്, ജീവിതത്തിലെ അവസരങ്ങൾ എത്ര വ്യത്യസ്തമായിട്ടാണ് ലഭ്യമായിരിക്കുന്നത് തുടങ്ങിയവയിലൂടെയും ജെൻഡർ മനസ്സിലാക്കാം.


സാമൂഹികമായി നിർണ്ണയിക്കപ്പെടുന്ന ചുമതലകളും റോളുകളും അനിവാര്യമല്ല; കാലം മാറുന്നതനുസരിച്ച് സംസ്കാരികമായ ചട്ടങ്ങൾക്കും മൂല്യങ്ങൾക്കും മാറ്റം സംഭവിക്കുന്നുണ്ട്. പുരുഷ–സ്ത്രീ സങ്കല്പങ്ങളും ചുമതലകളും മാറുന്നുണ്ട്. വലിയ മാറ്റമില്ലാതെ നില്ക്കുന്നത് സ്ത്രീ–പുരുഷന്മാർക്ക് നിർണ്ണയിച്ചിരിക്കുന്ന തുല്യതയില്ലാത്തതും വ്യത്യസ്തവുമായ അധികാരങ്ങളാണ്. മിക്ക സമൂഹങ്ങളിലും സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച്

കുറഞ്ഞ അധികാരവും അവകാശങ്ങളും നേട്ടങ്ങളും ആണ് നൽകുന്നത്. നമ്മുടെ ശാരീരിക വ്യത്യാസങ്ങളല്ല ഇതിന് കാരണം. മറിച്ച് സാമൂഹ്യചിട്ടകളും മൂല്യങ്ങളുമാണ്.

ലോകത്ത് ഇന്ന് നിലനില്ക്കുന്ന അസമത്വങ്ങൾക്കും വിവേചനങ്ങൾക്കും പുറകിൽ മറ്റ് പല സാമൂഹിക–സാമ്പത്തിക ഘടകങ്ങളുമുണ്ട്. വംശീയത, ജാതി, വർഗ്ഗം, പ്രായം, ഭിന്നശേഷി, ലൈംഗിക തെരഞ്ഞെടുപ്പുകൾ, മതം തുടങ്ങിയവ വിവേചനങ്ങൾക്ക് കാരണമാകുന്ന ചില ഘടകങ്ങളാണ്. സ്ത്രീയുടെയും പുരുഷന്റെയും സ്വത്വബോധങ്ങൾ (Identities) ഇത്തരം പല സ്വത്വബോധങ്ങളുടെയും മധ്യേ (Intersection) ആണ് നിലനില്ക്കുന്നത്. ഇവയിൽ ചിലത് അർഹതകൾ (Privileges) നല്കുന്നവയായിരിക്കും; മറ്റ് ചിലത് വിവേചനങ്ങളും. ഉദാഹരണത്തിന് ഒരാൾ നല്ല ഒരു വ്യവസായിയായിരിക്കും എന്നാൽ അതേ സമയം ഗാർഹിക അതിക്രമങ്ങൾ നേരിടുന്ന ആളുമായിരിക്കും. ഇതിന്റെ അർത്ഥം നമ്മുടെ വിശകലനപരമായ ജെൻഡർ അവലോകനം വിശാലമാക്കുകയും മറ്റ് സാമൂഹിക ബന്ധങ്ങൾ എത്രമാത്രം നമ്മുടെ ജീവിതങ്ങളുടെമേൽ സ്വാധീനം ചെലുത്തുന്നുണ്ട് എന്ന് കൂടി മനസ്സിലാക്കുകയും വേണം.

അതുകൊണ്ട് ജെൻഡർ വിശകലനം കുറച്ചുകൂടി വിശാലമാക്കി പല മേഖലകളുടെ ഇടകലർന്ന തലത്തിൽ (Inter sectional analysis) ഉള്ളതാകേണ്ടിയിരിക്കുന്നു. വിവിധ തരത്തിലുള്ള വിവേചനങ്ങൾ, മിക്ക സ്ത്രീകളുടെയും പുരുഷന്മാരുടെയും ജീവിത യാഥാർത്ഥ്യമാണെന്നും അവ പരസ്പരം സ്വാധീനിക്കുന്നുണ്ടെന്നും നമ്മൾ തിരിച്ചറി യേണ്ടതുണ്ട്. ദാരിദ്ര്യത്തിന്റെയും ജാതിയുടെയും വിവേചനങ്ങൾ അനുഭവിക്കുന്ന സ്ത്രീ, സ്ത്രീയെന്ന നിലയിലുള്ള വിവേചനം കൂടി നേരിടുമ്പോൾ, വളരെ സങ്കീർണ്ണമായ ഒരു അവസ്ഥയായിരിക്കും അവൾ നേരിടുന്നത്. അതുപോലെ ജാതീയമായ വിവേചനം നേരിടുന്ന പുരുഷന് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിട്ടുണ്ടാകാം; സാമ്പത്തിക ഭാരവും അധികമായിരിക്കും. പുരുഷൻ എന്ന നിലയിലുള്ള അധികാരസ്വത്വം സ്വന്തം കുടുംബത്തിൽ മാത്രമായിരിക്കും സാധ്യമാകുക. അതുകൊണ്ട് തന്നെ എല്ലാ സ്ത്രീകളും എല്ലാ പുരുഷനും ഒരേ തരത്തിലുള്ള ഒരേ സ്വഭാവത്തിലുള്ള ലിംഗവിവേചനങ്ങൾ അല്ല അനുഭവിക്കുന്നത്

## 3.1 ലിംഗ പദവി (Gender), ലിംഗവ്യത്യാസം (Sex)



ബഹുസ്വരമായ ഒരു സമൂഹത്തിൽ സാമൂഹ്യനീതി എല്ലാ ജനവിഭാഗങ്ങളിലും എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെങ്കിൽ നവ വൈവിധ്യങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. വിവിധ തരത്തിലുള്ള മനുഷ്യരെ അറിയാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും ജെൻഡറുമായി ബന്ധപ്പെട്ട തുടർപഠനം അനിവാര്യമാണ്. എല്ലാ മനുഷ്യരുടെയും കഴിവുകളും സാധ്യതകളും ജാതി–മത–വർഗ്ഗ –ലിംഗ–വ്യത്യാസമില്ലാതെ വികസിപ്പിക്കുകയും അവ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വേണം.

അതുകൊണ്ടുതന്നെ വികസനത്തിലും ആസൂത്രണത്തിലും പങ്കാളികളാകുന്നവർ ജെൻഡറും അനുബന്ധ ആശയങ്ങളും മനസ്സിലാക്കേണ്ടതും അനിവാര്യമാണ്. അനുദിനം വികസിതമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ രംഗത്തെ അടിസ്ഥാനപരമായ ചില ആശയങ്ങളെ പരിചയപ്പെടാം.

## 3.2 ലിംഗ വ്യത്യാസം (Sex)

ലിംഗവ്യത്യാസം ജൈവപരമാണ്(biological). മറ്റ് ഏകലിംഗജീവികളെ പോലെ മനുഷ്യനിലും സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശാരീരിക വ്യത്യാസങ്ങളെ ഇത് സൂചിപ്പിക്കുന്നു (male, female, intersex). ഇത് ജന്മനാ ഉള്ളതും മാറ്റാൻ ബുദ്ധിമുട്ടുള്ളതുമാണ്.

## 3.3 ഇന്റർസെക്സ് (Intersex)

ലൈംഗിക–പ്രത്യുൽപാദന അവയവങ്ങൾ പൂർണമായും സ്ത്രീയുടെയോ പുരുഷന്റെയോ അല്ലാത്തതായോ, അവ രണ്ടും ചേർന്നതോ, വ്യത്യസ്തങ്ങളായ ക്രോമസോമുള്ളവരോ ആയി ജനിച്ചവരാണ് ഇന്റർസെക്സ്.

## 3.4 ലിംഗപദവി (Gender)

ലിംഗപദവി എന്നത് സാമൂഹികമായും സാംസ്കാരികമായും നിർമ്മിക്കപ്പെടുന്നതാണ് (social and cultural construction). ഒരു പ്രത്യേക സമൂഹത്തിലോ, ചരിത്രഘട്ടത്തിലോ സാംസ്കാരിക സാഹചര്യത്തിലോ ഒരു സ്ത്രീയോ പുരുഷനോ ആയിരിക്കുന്നതിന് സാമൂഹികമായി നിലനിൽക്കുന്ന അർത്ഥമാണ് ലിംഗപദവി. ഇത് എല്ലാകാലത്തും എല്ലായിടത്തും ഒരു പോലെയല്ല.

ലിംഗപദവി ബന്ധങ്ങൾ സാമൂഹികമാണ്, അവ അധികാര ബന്ധങ്ങളുമാണ്. സ്ത്രീ പുരുഷന്മാർക്ക് ഓരോ കാലഘട്ടത്തിലും സ്ഥലങ്ങളിലും ലഭിക്കുന്ന അധികാരത്തിന്റെ തോതനുസരിച്ച് ലിംഗപദവി ബന്ധങ്ങളിലും വ്യത്യാസങ്ങളുണ്ടാവും.

## 3.5 ട്രാൻസ്ജെൻഡർ (Transgender)

ജന്മനായുള്ള ശാരീരിക ലിംഗവും മാനസികമായ ലിംഗത്വവും തമ്മിൽ വളരെയധികം വ്യത്യാസം അനുഭവപ്പെടുന്ന ന്യൂനപക്ഷ വിഭാഗമാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ. ആണായി ജനിച്ച് പെണ്ണായിമാറാൻ ആഗ്രഹിക്കുന്നവരും പെണ്ണായി ജനിച്ച് ആണായിമാറാൻ ആഗ്രഹിക്കുന്നവരും ആൺ പെൺ ദ്വന്ദ്വത്തിലൊതുങ്ങാത്തവരും എല്ലാം ഇതിന്റെ ഉപവിഭാഗങ്ങളാണ്. ചില ട്രാൻസ്ജെൻഡർ വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെയും തന്റെ ശാരീരികമായ ലിംഗവസ്ഥയെ മാനസികമായ ലിംഗ ത്വത്തിന് അനുരൂപമാക്കി അവ തമ്മിലുള്ള പൊരുത്തക്കേടിനെ പരിഹരിക്കാറുണ്ട്.

## 3.6 എൽ.ജി.ബി.ടി.ഐ.ക്യൂ.എ+ (LGBTIQA+)

| | |
|---|---|
| **ലെസ്ബിയൻ** | ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയോട് ശാരീരികമായും മാനസികമായും ആകർഷണം തോന്നുന്ന അവസ്ഥ |
| **ഗേ** | ഒരു പുരുഷന് മറ്റൊരു പുരുഷനോട് ശാരീരികമായും മാനസികമായും ആകർഷണം തോന്നുന്ന അവസ്ഥ |
| **ബൈസെക്ഷ്വൽ** | സ്ത്രീകളോടും പുരുഷന്മാരോടും ശാരീരികമായും മാനസികമായും ആകർഷണം തോന്നുന്ന സ്ത്രീകളും പുരുഷന്മാരും |
| **ട്രാൻസ്ജെൻഡർ** | ആണായി ജനിച്ച് പെണ്ണായി മാറാൻ ആഗ്രഹിക്കുന്നവരും പെണ്ണായി ജനിച്ച് ആണായി മാറാൻ ആഗ്രഹിക്കുന്നവരും ആൺ–പെൺ ദ്വന്ദ്വങ്ങളിൽ ഒതുങ്ങാത്തവരും |
| **ഇന്റർസെക്സ്** | ലൈംഗിക പ്രത്യുൽപാദന അവയവങ്ങളിൽ പൂർണ്ണമായി സ്ത്രീയുടെയോ പുരുഷന്റേയോ അല്ലാത്തതായോ അവ രണ്ടും ചേർന്നതോ വ്യത്യസ്തങ്ങളായ ക്രോമസ്സോം ഉള്ളവരോ ആയി ജനിച്ചവരോ |
| **ക്വിയർ** | ലൈംഗിക ലിംഗത്വ ന്യൂനപക്ഷങ്ങളെ ഒന്നായി സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം |
| **അസെക്ഷ്വൽ** | ലൈംഗിക ചോദനകൾ തീരെ ഇല്ലാത്തവരോ വളരെ കുറച്ചുമാത്രം ഉള്ളവരോ ആയ ന്യൂനപക്ഷം |

ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളെ ഒന്നായി സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, ഇന്റർ സെക്സ്, ക്വിയർ, അസെക്ഷ്വൽ എന്നതിന്റെ ചുരുക്കപ്പേരാണ് എൽ.ജി.ബി.ടി.ഐ.ക്യൂ.എ+. ഈ ചുരുക്കപ്പേരുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ലൈംഗിക സ്വത്വം. അതൊരു 'umbrella term' ആണ്. അതു കൊണ്ടാണ് പ്ലസ് എന്ന ചിഹ്നം ഉപയോഗിച്ചു വരുന്നത്.

വ്യത്യസ്ത സാമൂഹിക തലങ്ങളിലായാണ് ലിംഗപദവി പ്രവർത്തിക്കുന്നത്

1. **സ്വയം തിരിച്ചറിവിന്റെ തലം**–ഒരു പ്രത്യേക സമൂഹത്തിൽ പുരുഷൻ അല്ലെങ്കിൽ സ്ത്രീ ആയിരിക്കുക എന്നതെന്താണെന്ന് നമ്മൾ സ്വയം മനസ്സിലാക്കുന്ന (മനസ്സിലാക്കാൻ നിർബന്ധിക്കപ്പെടുന്ന) തലം
2. **സ്ഥാപനങ്ങളുടെ തലം**–വിദ്യാഭ്യാസ വ്യവസ്ഥ, തൊഴിൽ കമ്പോളം, കുടുംബം, വിവാഹം (പുരുഷനെ കുടുംബം സംരക്ഷിക്കുന്ന ആളായി കണക്കാക്കുന്നു), പൊതുജീവിതം (രാഷ്ട്രീയക്കാർ = പുരുഷന്മാർ എന്ന ധാരണ) തുടങ്ങിയ സ്ഥാപനങ്ങളുടെ തലത്തിൽ
3. **പ്രത്യയശാസ്ത്രതലം**–മത–രാഷ്ട്രീയ പ്രമാണങ്ങൾ പോലെയുള്ള ചിന്താധാരകൾ, ദേശീയ സാമൂഹിക പ്രത്യയശാസ്ത്രങ്ങൾ, ആണത്തത്തെയും പെണ്ണത്തത്തെയും

കുറിച്ചുള്ള ഇവയുടെ ധാരണകൾ എന്നിവയിൽ ലിംഗപദവിയുടെ പ്രവർത്തനം വ്യക്തമാണ്.

ഉദാ: പാരമ്പര്യത്തിന്റെയും സമൂഹ വ്യക്തിത്വത്തിന്റെയും കാവൽക്കാരാണ് സ്ത്രീകൾ എന്ന ധാരണ.

4. **പ്രതീകാത്മകതലം**–എല്ലാ തലത്തിലുള്ള മാതൃകകളെയും ഗുണങ്ങളെയും നന്മതിന്മകളെയും സൂചിപ്പിക്കാനുപയോഗിക്കുന്ന അടയാളങ്ങളിലും ആണത്തവും പെണ്ണത്തവും കാണപ്പെടുന്നു. (സ്വാതന്ത്ര്യം, ജനാധിപത്യം, യുക്തി, അധികാരം എന്നിവ ആണത്തത്തിന്റെ പ്രതീകങ്ങളും വികാരം, അധികാരമില്ലായ്മ തുടങ്ങിയവ പെണ്ണത്തത്തിന്റെ പ്രതീകങ്ങളുമാകുന്നു).

## 3.7 പിതൃമേധാവിത്ത വ്യവസ്ഥ (Patriarchy)

സ്ത്രീയേക്കാൾ ഉയർന്നതായി പുരുഷനെ കരുതുന്ന ഒരു സാമൂഹിക വ്യവസ്ഥയാണ് പിതൃമേധാവിത്വ വ്യവസ്ഥ. ഇതിൽ പുരുഷന് വിഭവങ്ങളിലും തീരുമാനമെടുക്കുന്നതിലും പൂർണ്ണ നിയന്ത്രണമുണ്ട്. ഇത് ചരിത്രപരമായ നിർമ്മിതിയാണ്. അതിന്റെ ഉള്ളടക്കവും ഘടനയും വ്യാപ്തിയുമെല്ലാം കാലത്തിനും സാഹചര്യത്തിനും അനുസരിച്ച് മാറുന്നു. സ്ത്രീകളുടെ തൊഴിൽ, ലൈംഗികത, പ്രത്യുൽപാദനം, ചലനാത്മമകത, സമയം തുടങ്ങിയ അവരുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളുടെമേലും പുരുഷനുള്ള നിയന്ത്രണമാണ് പിതൃമേധാവിത്വവ്യവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷയിലും പ്രതീകങ്ങളിലും മൂല്യങ്ങളിലും ഗുണങ്ങളിലും എല്ലാം ഇത് അന്തർലീനമായിരിക്കും. മറ്റു സാമൂഹിക വ്യവസ്ഥകളെ പോലെ പിതൃമേധാവിത്വ വ്യവസ്ഥയ്ക്കും ഒരു പ്രത്യയശാസ്ത്രവും ഘടനയും ഉണ്ട്. ഇവ പുരുഷനെ കുടുംബത്തിന്റെയോ ഗോത്രത്തിന്റെയോ തലവനും കുടുംബപേരിന്റെയും സ്വത്തിന്റെയും അവകാശിയും ആകുന്നു. ഒരു സാമൂഹ്യ വ്യവസ്ഥ എന്ന നിലയിൽ എല്ലാ പുരുഷന്മാർക്കും ഇത് അനുകൂലമായിരിക്കുമെങ്കിലും ഇതിലെ അധികാരത്തിലും ആനുകൂല്യങ്ങളിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. മൂത്തമകന് ലഭിക്കുന്ന അധികാരവും ആനുകൂല്യങ്ങളും താഴെയുള്ള മറ്റു പുരുഷന്മാർക്ക് ലഭിക്കണമെന്നില്ല. ഈ അധികാരത്തിലെ ഏറ്റക്കുറച്ചിലുകളെ ജാതിയിലും മതത്തിലും വർഗ്ഗത്തിലുമുള്ള ശ്രേണിബന്ധങ്ങളും സ്വാധീനിക്കുന്നു. കുടുംബം, ഭരണകൂടം, വിദ്യാഭ്യാസം, മാധ്യമം, നിയമം തുടങ്ങിയ എല്ലാ സാമൂഹ്യ സ്ഥാപനങ്ങളും പുരുഷമേധാവിത്വപരമായാണ് പ്രവർത്തിക്കുന്നത്. ഈ സാമൂഹിക വ്യവസ്ഥയിൽ ജീവിക്കുന്ന സ്ത്രീകളും പുരുഷന്മാരും ഇതേ മൂല്യങ്ങൾ ആർജിക്കുന്നു. മനുഷ്യരെ പുരുഷൻ, സ്ത്രീ എന്നീ ദ്വന്ദ്വങ്ങൾ മാത്രമായി വീക്ഷിക്കുന്ന, ഭിന്നവർഗ്ഗ ലൈംഗികതയെ സാധാരണമായി കാണുന്ന പിതൃമേധാവിത്ത വ്യവസ്ഥയുടെ ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളോടുള്ള സമീപനവും കൂടുതൽ കലുഷിതമാണ്.

## 3.8 ആണത്തം (Masculinity)

ആണത്തമെന്നത് ആണ്/ആൺകുട്ടി എന്നതിന് സമൂഹം നൽകുന്ന നിർവ്വചനമാണ്. ഇത് ആണിന്റെ പെരുമാറ്റം, വസ്ത്രം, രൂപം, ഗുണങ്ങൾ, മനോഭാവങ്ങൾ, അധികാരങ്ങൾ, അവകാശങ്ങൾ തുടങ്ങിയവയെ നിർണ്ണയിക്കുന്നു. ആണത്തം ഒരു സാമൂഹിക–സാംസ്കാരിക നിർമ്മിതിയാണ്. അതിനാൽ അത് കാലത്തിനും ദേശത്തിനും സമുദായത്തിനും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു.

ജനിക്കുമ്പോൾ മുതൽ ആൺകുട്ടിയെ സമൂഹം പഠിപ്പിച്ചെടുക്കുന്ന റോൾ ആണ് ആണത്തം. കുടുംബം, മതം, വിദ്യാഭ്യാസം, മാധ്യമങ്ങൾ, നിയമങ്ങൾ, സർക്കാർ, കമ്പോളം തുടങ്ങിയ സാമൂഹിക–രാഷ്ട്രീയ സ്ഥാപനങ്ങൾ ഇതിൽ പ്രധാന പങ്കു വഹിക്കുന്നു. ആണത്തം തുടർച്ചയായി പുനർ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കും. സാമ്പത്തികാവസ്ഥ, ദുരന്തങ്ങൾ, യുദ്ധം, കുടിയേറ്റം തുടങ്ങി അനേകം കാര്യങ്ങൾ ഇതിനെ സ്വാധീനിക്കുന്നു.

തൊഴിലാളിവർഗ്ഗ ആണത്തം, അധികാരിവർഗ്ഗ ആണത്തം, കീഴാള ആണത്തം, ബുദ്ധിജീവി ആണത്തം, നഗര ആണത്തം, ഗ്രാമീണ ആണത്തം, യൂറോപ്യൻ ആണത്തം, ഇന്ത്യൻ ആണത്തം, അധീശ ആണത്തം, എന്നിങ്ങനെ ആണത്തം ഒന്നിനൊന്ന് വ്യത്യസ്തമാണ്. അതിനാൽ പൊതുവെ ആണത്തങ്ങൾ എന്നു പറയുന്നതാവും ശരി. ആണത്തം അധികാരമാണ്. അധീശ ആണത്തം, മറ്റുള്ളവരുടെ (ആണിന്റെയും പെണ്ണിന്റെയും കുട്ടികളുടെയും) മേൽ അധികാരം പ്രയോഗിക്കുകയും അവരിൽ നിന്നും അനുസരണ (കീഴടങ്ങൽ) ആവശ്യപ്പെടുകയും ചെയ്യുന്നു.

സമ്പത്ത്, സ്വാധീനം, വിദ്യാഭ്യാസം, വർഗ്ഗം, ജാതി, മതം തുടങ്ങിയവയെല്ലാം അധീശ ആണത്തത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.

## 3.9 ജെൻഡർ റോളുകൾ (Gender Roles)

സമൂഹത്തിൽ ആണോ പെണ്ണോ ആയി ജനിക്കുന്ന ഓരോ വ്യക്തിയിൽ നിന്നും, സമൂഹം ഒരു സ്ത്രീക്ക്, പുരുഷന് ആ സമൂഹത്തിന് ഉചിതമെന്ന് തോന്നുന്ന കുറേ സ്വഭാവ വിശേഷങ്ങളും ചുമതലകളും പ്രതീക്ഷകളും ഉത്തരവാദിത്തങ്ങളും അടിച്ചേൽപ്പിക്കുന്നു. ഇതിനെയാണ് ജെൻഡർ റോളുകൾ എന്ന് പറയുന്നത്. ഇത് പലപ്പോഴും വ്യക്തിയുടെ സവിശേഷമായ സ്വത്വത്തിനോ കഴിവുകൾക്കോ നൈപുണികൾക്കോ അടിസ്ഥാന മാകണമെന്നില്ല. ഇത്തരം അടിച്ചേൽപ്പിക്കപ്പെടുന്ന ജെൻഡർ അടിസ്ഥാനത്തിലുള്ള 'റോൾ വിഭജനം' ഇന്റർസെക്സ് വ്യക്തികളെയോ ട്രാൻസ്ജെൻഡേഴ്സിനെയോ മറ്റ് ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളെയോ പരിഗണിക്കാൻ പോലും തയ്യാറായിട്ടില്ല എന്ന് മാത്രമല്ല പലപ്പോഴും അവർ അത്തരം ജെൻഡർ റോളുകളിൽ ഒതുങ്ങാൻ നിർബന്ധിക്കപ്പെടുകയും ചെയ്യും. അതായത് ആണോ പെണ്ണോ ഇന്റർസെക്സോ, ട്രാൻസ്ജെൻഡറോ ആയ വ്യക്തിയെ സാമൂഹ്യവൽക്കരണ പ്രക്രിയയിലൂടെയും സാമൂഹ്യ നിയന്ത്രണ പ്രക്രിയയിലൂടെയും സമൂഹത്തിലെ അധികാര ബന്ധത്തിന്റെ ഭാഗമായി നിൽക്കുന്ന പുരുഷത്വത്തിന്റെയും സ്ത്രീത്വത്തിന്റേയും സങ്കല്പങ്ങൾക്കനുസരിച്ച് പരുവപ്പെടുത്തപ്പെടുന്നു.

## 3.10 ലിംഗപദവി വാർപ്പ്മാതൃകകൾ (Gender Stereotypes)

സ്ത്രീകൾ, പുരുഷന്മാർ, ലിംഗ–ലൈംഗികന്യൂനപക്ഷങ്ങൾ എന്നിവരെക്കുറിച്ച് മുൻവിധിയിൽ അധിഷ്ഠിതമായ വാർപ്പ് മാതൃകകളാണ് ലിംഗപദവിവാർപ്പു മാതൃകകൾ. സമൂഹത്തിൽ ദൃഢമൂലമായി നിലനിൽക്കുന്ന വിശ്വാസങ്ങളുടെ ഭാഗമായി ഇത്തരം കൽപ്പനകൾ വളരെ സ്വാഭാവികമായി തന്നെ തോന്നിയേക്കും. ഏതാനും ചില മനുഷ്യരുടെ സവിശേഷതകളേയോ ന്യൂനതകളെയോ പർവ്വതീകരിച്ചോ വക്രീകരിച്ചോ ചിത്രീകരിച്ചുകൊണ്ട് അത് ആ സമൂഹത്തിന്റെ തന്നെ പ്രത്യേകതയായി അവതരിപ്പിക്കുന്നു. അയാഥാർത്ഥ്യത്തിലോ അർദ്ധസത്യത്തിലോ അധിഷ്ഠിതമായ ഇത്തരം മുൻവിധികൾ

ലിംഗ വിവേചനത്തിന് കാരണമാകും. മാധ്യമങ്ങളും പരസ്യങ്ങളും ഇത്തരം വാർപ്പ് മാതൃകകളെ പ്രബലമാക്കുവാൻ പ്രധാന പങ്കുവഹിക്കുന്നു.


## 3.11 ലിംഗവിവേചനം (Gender Discrimination)

പൂർണമായ മനുഷ്യാവകാശങ്ങൾ അനുഭവിക്കുന്നവരിൽ നിന്നും ഒരു വ്യക്തിയെ തടയുന്ന ലിംഗാടിസ്ഥാനത്തിലുള്ള വിവേചനങ്ങളാണ് ഇതുകൊണ്ട്അർത്ഥമാക്കുന്നത്. സ്ത്രീയായതു കൊണ്ട് ചില ജോലികൾക്ക് അപേക്ഷിക്കാൻ പാടില്ല, ചില സ്ഥലങ്ങളിൽ പോകാൻ പാടില്ല മുതലായവ ഉദാഹരണങ്ങളാണ്. ലിംഗപദവി വിവേചനങ്ങൾ പലപ്പോഴും സൂക്ഷ്മവും പരോക്ഷവുമായിരിക്കും. കുറഞ്ഞ ലിംഗാനുപാതവും പെൺഭ്രൂണഹത്യയും പെൺശിശുഹത്യയും തുല്യജോലിക്ക് തുല്യവേതനം ലഭിക്കാത്തതും അസമയങ്ങളിലും അന്യദേശങ്ങളിലേക്കുള്ള സഞ്ചാര വിലക്കും വേതനമില്ലാത്ത തൊഴിലുകളും തുടങ്ങി ഉയർന്ന സ്ഥാനമാനങ്ങളിലും തീരുമാനമെടുക്കുന്ന സഭകളിലും സ്ത്രീകളുടെ കടന്നുവരവിനെ തടയിടുന്ന ഗ്ലാസ്സ് സീലിംഗുകളും എല്ലാം ലിംഗവിവേചനത്തിന് ഉദാഹരണങ്ങളാണ്. LGBTIQA+ മനുഷ്യരെ അദൃശ്യമാക്കുന്ന തരത്തിൽപോലും ക്രൂരമായി ലിംഗവിവേചനം സമൂഹത്തിൽ നിലനിൽക്കുന്നു.

## 3.12 ലിംഗസമത്വം (Gender Equality)

നിയമങ്ങളിലും, നയങ്ങളിലും, പരിപാടികളിലും ലിംഗഭേദമില്ലാതെ എല്ലാ മനുഷ്യരേയും ഒരേപോലെ വീക്ഷിക്കുക, എല്ലാവർക്കും തുല്യപരിഗണനയും അവസരങ്ങളും ലഭിക്കുക, കുടുംബത്തിലെയും സമൂഹത്തിലെയും വിഭവങ്ങളിലും സേവനങ്ങളിലും തുല്യ പ്രാപ്യതയും നിയന്ത്രണവും ഉണ്ടാവുക എന്നതാണ് ലിംഗസമത്വം കൊണ്ട് ഉദ്ദേശിക്കുന്നത്. ലിംഗസമത്വം പ്രധാനപ്പെട്ട ഒരു മനുഷ്യാവകാശമാണ്.

## 3.13 ലിംഗനീതിയും സന്തുലനവും (Gender Equity and Justice)




മനുഷ്യരുടെ ഇടയിലുള്ള വ്യത്യസ്തതയെ അംഗീകരിക്കുകയും, പരിഗണിക്കുകയും ചെയ്തു കൊണ്ട് ഉത്തരവാദിത്തങ്ങളുടെയും നേട്ടങ്ങളുടെയും കാര്യത്തിൽ നടക്കേണ്ട നീതിപൂർവ്വമായ വിതരണമാണ് ലിംഗനീതി കൊണ്ട് അർത്ഥമാക്കുന്നത്. എല്ലാവരേയും

ഒരുപോലെ പരിഗണിക്കുക എന്നതല്ല മറിച്ച് ഓരോരുത്തരുടെയും പ്രത്യേകതകൾ തിരിച്ചറിഞ്ഞ് നിലനിൽക്കുന്ന തുല്യതയില്ലായ്മ ഇല്ലാതാക്കാൻ അവർക്ക് ആവശ്യത്തിനനുസരിച്ചുള്ള പ്രത്യേക ഇടപെടലുകളും പിന്തുണയും നൽകലാണ് ലിംഗ നീതി. ബസ്സുകളിലെ സീറ്റ് സംവരണം മുതൽ പ്രാദേശികസർക്കാരിലേക്കുള്ള വനിതാ സംവരണവും പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇത്തരത്തിലുള്ള ഇടപെടലിന്റെ ഭാഗമാണ്.

അവസര സമത്വവും വിഭവങ്ങളുടെ മേൽ തുല്യമായ പ്രാപ്യതയും എല്ലാവർക്കും ലഭിക്കണമെങ്കിൽ സാമൂഹിക-സാംസ്കാരിക നിയമങ്ങളിലും ശ്രേണിബന്ധങ്ങളിലും മാറ്റം ഉണ്ടാവണം. ഇതു നടക്കണമെങ്കിൽ പലപ്പോഴും സാമൂഹ്യഘടനയിൽ സമൂലമായ അഴിച്ചുപണി തന്നെ വേണ്ടിവരും.

## 3.14 ലിംഗപദവി മുഖ്യധാരാവൽക്കരണം

നിലവിലുള്ള അധികാര കേന്ദ്രീകരണം മാറ്റിതീർക്കാനും വികസന പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും പരിപാടികളിലും നയങ്ങളിലും നിലനിൽക്കുന്ന ലിംഗപദവി വ്യത്യാസങ്ങളെ തിരിച്ചറിഞ്ഞ് ഇവയിലെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും ലിംഗ-ലൈംഗികന്യൂനപക്ഷങ്ങൾക്കും തുല്യപ്രാപ്യതയും നിയന്ത്രണവും ഉറപ്പുവരുത്താനുമുള്ള പ്രക്രിയയാണ് ലിംഗപദവി മുഖ്യധാരാവൽക്കരണം.

ജനങ്ങൾക്ക് നീതിയും ക്ഷേമവും ഉറപ്പാക്കാനും അശരണരും പുറന്തള്ളപ്പെട്ടവരുമായ ജനവിഭാഗങ്ങളുടെ ശബ്ദങ്ങൾ കേൾക്കാനും ആവശ്യങ്ങൾ അംഗീകരിക്കാനും അവ നിവർത്തിക്കാനും കൈക്കൊള്ളുന്ന എല്ലാ നടപടികളും മുഖ്യധാരാവൽക്കരണത്തിൽപ്പെടും. സ്ത്രീകളിൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ടവരും, ഇരുളിൽ നിന്ന് ദൃശ്യതയിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്ന ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ പ്രശ്നങ്ങളായി ഉൾക്കൊള്ളാനും അവ പരിഹരിക്കാനും പൊതുസമൂഹത്തെ പ്രാപ്തരാക്കുന്ന ഉത്തരവാദിത്തവും ലിംഗപദവി മുഖ്യധാരാവൽക്കരണത്തിന്റെ ഭാഗമാണ്.

## 3.15 ലിംഗപദവി സംവേദനക്ഷമത (Gender Sensitivity)

ലിംഗവിവേചനങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള വിമർശനപരവും വിശകലനാത്മകവുമായ അവബോധമാണ് ലിംഗപദവി സംവേദനക്ഷമത. നിരന്തരമായ പുനർപഠനവും അപപഠനവും (Unlearning) അതിനാവശ്യമാണ്. സ്ത്രീകളും പുരുഷന്മാരും മറ്റ് ലിംഗ-ലൈംഗിക വിഭാഗങ്ങളും നിർവഹിക്കുന്ന റോളുകളും ചുമതലകളും എങ്ങനെയാണ് സാമൂഹികമായി നിർമ്മിക്കപ്പെടുന്നത് എന്നും ഇവ എങ്ങനെ സാമൂഹികബന്ധങ്ങളെ സ്വാധീനിക്കുന്നു എന്നുമുള്ള തിരിച്ചറിവും ഇതിന്റെ ഭാഗമാണ്. ലിംഗപദവി വീക്ഷണത്തിലൂടെയുള്ള ആസൂത്രണത്തിൽ പങ്കാളികളാകുന്നവർ ലിംഗപദവി സംവേദനക്ഷമതയുള്ളവരും ഈ മേഖലയിൽ ശരിയായ കാഴ്ചപ്പാടും വൈദഗ്ധ്യവുമുള്ളവരുമായിരിക്കണം. ഈ സാമൂഹിക രാഷ്ട്രീയ പ്രക്രിയയിൽ പങ്കാളികളാകുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെയും ഉന്നത ഉദ്യോഗസ്ഥരുടേയും മനോഭാവവും ലിംഗപദവി സംവേദനക്ഷമതയും ലിംഗസമത്വവും ലിംഗനീതിയും ഉറപ്പു വരുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു.

## 3.16 ലിംഗപദവി വീക്ഷണം (Gender Perspective)

പുരുഷാധിപത്യപരവും ഭിന്നവർഗ്ഗലൈംഗികതയെ സാധാരണവുമായി കാണുന്ന (heteronormative) ഒരു സമൂഹത്തിൽ വ്യക്തികൾ കാര്യങ്ങൾ എങ്ങനെ കാണണം എന്നുള്ളത് മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കാഴ്ചകൾ ലിംഗപദവിയെയും അധികാരബന്ധങ്ങളെയും കണക്കിലെടുക്കാത്ത തരത്തിലുള്ളതാണ്. ഈ മങ്ങിയ കാഴ്ച തെളിവോടെ കാണണമെങ്കിൽ വ്യക്തികൾ ലിംഗപദവി സംവേദനക്ഷമതയുള്ള ഒരു ജെൻഡർ ലെൻസ് (Gender Lens) സ്വായത്തമാക്കേണ്ടതുണ്ട്. ഒരേ സമൂഹത്തിൽ ആയിരിക്കുമ്പോഴും സ്ത്രീകളും പുരുഷന്മാരും ലിംഗ-ലൈംഗികന്യൂനപക്ഷങ്ങളും വ്യത്യസ്തങ്ങളായ ജീവിതമാണ് നയിക്കുന്നത്. അവരുടെ പ്രതീക്ഷകളും വെല്ലുവിളികളും വ്യത്യസ്തമായിരിക്കും, പരോക്ഷവും കാണാൻ കഴിയാത്തതുമായ ലിംഗപദവി വ്യത്യാസങ്ങളെ ഒരുപോലെ വീക്ഷിക്കുമ്പോൾ അല്ലെങ്കിൽ ഒരേ മാനദണ്ഡത്തിൽ അളക്കുമ്പോൾ മറ്റുപല കാഴ്ചകളും കണ്ണിൽപെടാതെ പോകും. ലിംഗപദവി വീക്ഷണം മുഖ്യമായും പദവിയിലും അധികാരത്തിലുമുള്ള വ്യത്യാസങ്ങളെ വിമർശനാത്മകമായി കാണുന്നു. ലിംഗാധിഷ്ഠിത വിവേചനം എങ്ങനെ സ്ത്രീകളെയും പുരുഷന്മാരെയും ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെയും വ്യത്യസ്തമായി ബാധിക്കുന്നുവെന്നും അവരുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങളും ആവശ്യങ്ങളും എങ്ങനെ നയരൂപീകരണത്തിലും വികസനപ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലും ഉൾപ്പെടുത്താനാവുമെന്നും അതുവഴി തുല്യതയും തുല്യനീതിയും ഉറപ്പുവരുത്താനാവുമെന്നും ലിംഗപദവി വീക്ഷണം സഹായിക്കുന്നു.

## 3.17 ശാക്തീകരണം (Empowerment)

സ്വന്തം ജീവിതത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞ് വിശകലനം ചെയ്തുകൊണ്ട് ആ അവസ്ഥയെ മെച്ചപ്പെടുത്തുന്നതിനോ മറികടക്കുന്നതിനോ വേണ്ടിയുള്ള അറിവ്, വൈദഗ്ധ്യങ്ങൾ, അവകാശബോധം എന്നിവ വ്യക്തികൾ ആർജ്ജിച്ചെടുക്കുന്ന പ്രക്രിയയാണ് ശാക്തീകരണം. തങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ ചോദ്യംചെയ്യാനും വ്യക്തിപരമോ കൂട്ടായതോ ആയ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാനുമുള്ള വൈദഗ്ധ്യവും കഴിവും വ്യക്തികൾ ഈ പ്രക്രിയയിലൂടെ വികസിപ്പിച്ചെടുക്കുന്നു.

സ്വന്തം കഴിവുകളെ സ്വതന്ത്രമായി വികസിപ്പിക്കാനും പരിധികളില്ലാതെ തെരഞ്ഞെടുക്കുവാനും വ്യക്തികൾക്ക് കഴിയണം. വ്യക്തികളിൽ ആത്മവിശ്വാസവും, സ്വാശ്രയത്വവും വർദ്ധിപ്പിച്ച് സ്വന്തം അവകാശങ്ങൾക്ക് വേണ്ടി വിലപേശുകയും സ്വത്തിലും വിഭവങ്ങളിലും അവർക്ക് പ്രാപ്യതയും നിയന്ത്രണമുണ്ടാവുകയും ചെയ്യുക വഴി സ്വന്തം ജീവിതത്തിന്റെ എല്ലാമേഖലകളെയും നിയന്ത്രിക്കാനും കഴിവുണ്ടാകുന്ന അവസ്ഥയാണിത്.

സ്വന്തം ജീവിത സാഹചര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തുവാനുള്ള ശരിയായ സമീപനവും അറിവും കഴിവും സ്ത്രീകളും പെൺകുട്ടികളും നേടിയെടുക്കുകയും അതുവഴി ജീവിതത്തിന്റെ എല്ലാ തലങ്ങളെയും നിയന്ത്രിക്കാൻ കഴിവുണ്ടാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സ്ത്രീ ശാക്തീകരണം.

അദ്ധ്യായം 4

# ലിംഗപദവിയും വികസനവും

വികസനം എന്ന പദം വ്യാപകമായി ഇന്ന് സമൂഹത്തിൽ ഉപയോഗിക്കപ്പെടുന്ന ഒന്നാണ്. പൊതുവിൽ നിലവിലുള്ളതിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്കുള്ള ഒരു സമൂഹത്തിന്റെയും, അതിന്റെ ഭാഗമായ ജനങ്ങളുടെയും ജീവിതാവസ്ഥയിലെ മാറ്റത്തെ ആണ് വികസനം (Development) എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. വ്യാപകമായി ഉപയോഗിക്കപ്പെടുന്ന പദം എന്നതുപോലെ തന്നെ പ്രധാനമാണ് വ്യത്യസ്ത അർത്ഥ തലങ്ങളിൽ ഇത് ഉപയോഗിക്കപ്പെടുന്നു എന്നതും. ഓരോരുത്തരും അതിനെ എങ്ങനെ സമീപിക്കുന്നു എന്നതിന് അനുസൃതമായി വാക്കിന്റെ അർത്ഥതലങ്ങൾ മാറുന്നു. ചുരുക്കത്തിൽ വികസന സമീപനങ്ങളിലെ മാറ്റങ്ങൾ വികസനത്തെ സംബന്ധിച്ച നിർവചനത്തിലും മാറ്റം വരുത്തുന്നു.

## യഥാർത്ഥ വികസനം

- എല്ലാ മനുഷ്യർക്കും വേണ്ടതായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങി എല്ലാ അടിസ്ഥാന ആവശ്യങ്ങളും നിറവേറ്റുന്ന പ്രക്രിയയെ വികസനം എന്നു പറയാം.
- തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കാൻ എല്ലാവർക്കും അവസരം ഉണ്ടാകണം.
- സ്വാഭിമാനത്തോടെയുള്ള ജീവിതം എല്ലാവർക്കും സാധ്യമാകണം.
- മനുഷ്യരുടെ സാധ്യതകളും കഴിവും വികസിപ്പിക്കാനും പ്രയോജനപ്പെടുത്താനും കഴിയണം.
- സുരക്ഷിതവും, സ്വതന്ത്രവും, ഉത്തരവാദിത്തപൂർണവുമായ ഒരു ജീവിതം നയിക്കുക എന്ന ആഗ്രഹം സഫലീകരിക്കാൻ സാധ്യമാകുന്നതാകണം.
- അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ കഴിഞ്ഞാൽ മാത്രം പോരാ, നമുക്ക് തന്നെ ഉൽപാദിപ്പിക്കാനും ഉപയോഗിക്കാനും അതിജീവനം ഉറപ്പാക്കാനും കഴിയണം (വരുമാനം, തൊഴിൽ)
- പാരിസ്ഥിതിക നിലനിൽപ്പ്–പരിസ്ഥിതിവിഭവങ്ങൾ എന്നിവ ഭാവിതലമുറയ്ക്കുവേണ്ടി സംരക്ഷിക്കാൻ കഴിയുന്നുണ്ടോ.
- വികസനസമീപനങ്ങളെ സ്വാധീനിക്കുന്ന മുഖ്യഘടകമായ രാഷ്ട്രീയപങ്കാളിത്തം നിർണായകമാണ്

## 4.1 മനുഷ്യവികസനത്തെക്കുറിച്ചുള്ള നാല് പ്രധാന ആശയങ്ങൾ

മനുഷ്യവികസനത്തെക്കുറിച്ചുള്ള പ്രധാന ആശയങ്ങളായ ഉല്പാദനപരത, നീതി, സുസ്ഥിരത, ശാക്തീകരണം എന്നിവ നടപ്പിലാകണമെങ്കിൽ ജെൻഡർ ഒരു പ്രധാന വികസനപ്രശ്നവും മനുഷ്യാവകാശ പരിഗണനയും ആകണം. വികസനം ലിംഗനീതിക്കനുസൃതമല്ല എങ്കിൽ അത് അപകടത്തിലാണ്.

## 4.2 വികസനം ഒരു സമത്വ കേന്ദ്രീകൃത കാഴ്ച്ചപ്പാട്

വ്യക്തികൾ, കുടുംബങ്ങൾ, സാമൂഹിക വിഭാഗങ്ങൾ, എന്നിവർക്ക് ഇടയിലും, അവർ തമ്മിലും നിലനിൽക്കുന്ന വിവിധ തരം അസമത്വങ്ങൾ ഇല്ലാതാകുന്ന സാമൂഹിക അവസ്ഥയാണ് തുല്യത (Equality). ആ അവസ്ഥയിലേക്ക് എത്തുന്നതിന് ജീവിതത്തിന്റെ ഓരോ മേഖലയിലും നിലനിൽക്കുന്ന അസമത്വങ്ങൾ ഇല്ലാതാകുന്ന മാർഗ്ഗമാണ് സമത്വം (Equity). തുല്യനീതി, വിവേചനമില്ലായ്മ, തുല്യ അവസരങ്ങൾ എന്നിവ സമത്വ സങ്കൽപ്പത്തിന്റെ ആധാരശിലകൾ ആണ്. അവസരങ്ങളും വിഭവങ്ങളും എല്ലാവർക്കും വിവേചനമില്ലാതെ തുല്യമായി ലഭ്യമാകുമ്പോൾ മാത്രമാണ് സമൂഹം സമത്വം എന്ന സങ്കൽപ്പത്തിലേക്ക് എത്തുക. പ്രദേശം, ജാതി, ലിംഗം, പരമ്പരാഗത സ്വത്തുടമസ്ഥത എന്നിവയൊക്കെ വിവിധതരം അസമത്വങ്ങളെ നില നിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഒരു രാജ്യത്ത് ലിംഗനീതി എത്രത്തോളം ഉണ്ട് എന്ന് മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ അവിടുത്തെ വികസനത്തെ വിലയിരുത്തുന്നതിനുള്ള സൂചകം ആണ് ലിംഗപദവി വികസന സൂചിക (Gender Development Index). സ്ത്രീകളുടെ ആയുർദൈർഘ്യം, സാക്ഷരത, സ്കൂൾ പ്രവേശന നിരക്ക്, സ്വയാർജ്ജിത വരുമാനം എന്നിവയെല്ലാം ഉൾച്ചേർന്നാണ് ലിംഗപദവി വികസന സൂചിക രൂപീകരിച്ചിട്ടുള്ളത്. ആരോഗ്യകരമായ ജീവിതം, അറിവ് നേടാനുള്ള ശേഷി, അതിജീവിക്കാനുള്ള വരുമാനം എന്നിവ ലിംഗപദവി വികസന സൂചികയുടെ ഘടകങ്ങളായി പരിഗണിക്കപ്പെടുന്നു. വിഭവങ്ങളുടേയും, ശേഷികളുടേയും വികസനം എന്നത് തന്നെയാണ് സ്ത്രീ ശാക്തീ കരണത്തിന്റെയും, ലിംഗനീതിയുടേയും അടിത്തറയായി പ്രവർത്തിക്കേണ്ടത് എന്ന് ഇത് അടിവരയിടുന്നു. സമ്പത്തിന്റെയും വരുമാനത്തിന്റെയും കേന്ദ്രീകരണം കുറച്ചു കൈകളിലേക്ക് എത്തുമ്പോൾ രാജ്യത്തെ സമത്വപൂർണ്ണമായ വികസനത്തിന്റെ സാദ്ധ്യതകളെ അത് വലിയ തോതിൽ ബാധിക്കുന്നു. വികസനത്തിന്റെ സമത്വ സങ്കൽപ്പം അതിലൂടെ നഷ്ടപ്പെടുന്നു. ജാതി–മത–ഭാഷ–ലിംഗഭേദമന്യേ ഉള്ള വികസനം എന്ന സങ്കൽപ്പം ഒരു വിദൂര സ്വപ്നമായി തുടരുന്നു.

## 4.3 സ്ത്രീകളും വികസനവും ലിംഗപദവിയും വികസനവും

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ജോലി, തങ്ങളെ ബാധിക്കുന്ന തീരുമാനങ്ങളിൽ പങ്കെ ടുക്കാനുള്ള അവകാശം തുടങ്ങി അന്തസ്സോടെ ജീവിക്കാൻ വേണ്ട എല്ലാ കാര്യങ്ങളും ഉറപ്പുവരുത്തുന്ന പ്രക്രിയയാണ് വികസനം എന്ന് പൊതുവായി പറയാം. മനുഷ്യന്റെ അസ്തിത്വം, സുരക്ഷിതത്വം, സ്വാതന്ത്ര്യം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റപ്പെടാനും അവന്റെ/അവളുടെ എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്താനും കഴിയുന്ന പ്രക്രിയയാവണം വികസനം. അത് തുല്യതയോടുകൂടിയ, പങ്കാളിത്തമുള്ള, ചുറ്റുപാടുകളെ സംരക്ഷിച്ചുകൊണ്ടുള്ള വളർച്ചയാണ്. എന്നാൽ ഇത്തരത്തിലൊരു വികസനം ഇന്ത്യ

യുടെ ചരിത്രത്തിലെവിടെയും നമുക്ക് കണ്ടെത്താനാവില്ല എന്നതാണ് യാഥാർത്ഥ്യം. സമൂഹത്തെ വർഗ്ഗ, ജാതി, മത, ലിംഗ അടിസ്ഥാനത്തിൽ ധ്രുവീകരിക്കുന്ന വികസന മാണിവിടെ നടക്കുന്നത്. ലാഭവും ഉല്പാദനക്ഷമതയും മാത്രം അടിസ്ഥാനപ്പെടുത്തിയ വികസന രീതികൾ പരിസ്ഥിതിയെയും പ്രകൃതി വിഭവങ്ങളെയും അമിതമായി ചൂഷണം ചെയ്യുന്നതിലാണ് എത്തിനിൽക്കുന്നത്. സ്വാതന്ത്ര്യാനന്തരം ആധുനികവൽക്കരണ ത്തിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും ഉള്ള വികസനത്തിന് ഊന്നൽ നൽകിയ ഭരണകൂടങ്ങൾ 90 കളിലെ ആഗോളവൽക്കരണ ഉദാരവൽക്കരണ പ്രക്രിയകളിൽ കൂടി സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ നിലനിന്നിരുന്ന ധ്രുവീകരണം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. സമ്പന്നരും ദരിദ്രരും തമ്മിലും വ്യക്തികൾ തമ്മിലും രാജ്യങ്ങൾ തമ്മിലും എല്ലാം ഈ ധ്രുവീകരണം നിലനിൽക്കുന്നു. ഏറ്റവും അടിസ്ഥാന പരമായ സാമൂഹികബന്ധങ്ങളുടെ സ്ത്രീ-പുരുഷബന്ധങ്ങളുടെ തലത്തിലും ഇത്തരം സങ്കീർണ്ണതകളും അസമത്വങ്ങളും നിലനിൽക്കുന്നുണ്ട്. സ്വന്തം അടിസ്ഥാനാവകാശങ്ങളെ മനുഷ്യാവകാശങ്ങളായി കണക്കാക്കി കിട്ടാനുള്ള പോരാട്ടത്തിലാണ് 21ാം നൂറ്റാണ്ടിലും സ്ത്രീകൾ. ഒന്നാം വികസന ദശകത്തിനു ശേഷം 1970 കളുടെ തുടക്കത്തിലാണ് സാമ്പ ത്തിക-സാമൂഹികഘടകങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ വികസന അവബോധം രൂപപ്പെടുന്നത്. ഇത് വികസനത്തിൽ സ്ത്രീകളുടെ പങ്കിന് പ്രാധാന്യം കൊടുക്കുന്ന വിവിധ സമീപനങ്ങൾ രൂപപ്പെടാൻ കാരണമായി.

## 4.4 സ്ത്രീകൾ വികസനത്തിൽ (Women in Development-WID)

1970 കൾക്കു മുമ്പ് നടന്ന സാമ്പത്തിക-സാമൂഹിക വികസനപ്രവർത്തനങ്ങൾ സ്ത്രീകൾക്ക് കാര്യമായ പ്രയോജനം ചെയ്തില്ല എന്നതിന്റെ പ്രതികരണമായാണ് 70 കളിൽ സ്ത്രീകൾ വികസനത്തിൽ (Women in Development) എന്ന വികസന സമീപനം ഉയർന്നുവന്നത്. 1975 നെ വനിതാവർഷമായും 85 വരെയുള്ള ഒരു ദശകത്തെ വനിതാ ദശകമായും ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചത് ഈ സമീപനത്തിന് കൂടുതൽ പ്രാധാന്യം നേടിക്കൊടുത്തു. സ്ത്രീകൾ വെറും ഭാവി തലമുറയെ സൃഷ്ടിക്കുന്നവരും വികസനത്തിന്റെയും ക്ഷേമ പ്രവർത്തനങ്ങളുടെയും ഗുണഫലമനുഭവിക്കുന്നവരും മാത്രമല്ലെന്നും ഉത്പാ ദനത്തിന്റെയും സാമ്പത്തിക വികസനത്തിന്റെയും ഉത്തരവാദിത്തം ഏറ്റെടുക്കാൻ കഴിവുള്ള സാമ്പത്തികശക്തി (Economic Agents) ആണെന്നും തിരിച്ചറിയപ്പെട്ടു. അതുകൊണ്ടുതന്നെ ഈ സമീപനം സ്ത്രീകളുടെ ഉത്പാദക കഴിവിന് ഊന്നൽ നൽകുന്നു. വികസന പ്രക്രിയകൾ സ്ത്രീകളെക്കൂടി ലക്ഷ്യം വയ്ക്കണമെന്ന് WID നിർദ്ദേശിക്കുന്നു. സ്ത്രീകളെ അവരുടെ പാരമ്പര്യ റോളുകളിൽ തന്നെ നിലനിർത്തിക്കൊണ്ട് അവരുടെ കാര്യശേഷി വർദ്ധിപ്പിക്കാനായി കൂടുതൽ വിഭവങ്ങൾ ലഭ്യമാക്കി, നിലനിൽക്കുന്ന വികസന പ്രക്രിയയിൽ അവരെ ഉൾച്ചേർക്കുന്ന സമീപനമാണ് ഇത്. ഇത് അഞ്ച് വ്യത്യസ്തരീതിയിലുണ്ട്. ക്ഷേമ സമീപനം, ശാക്തീകരണ സമീപനം, കാര്യക്ഷമതാ സമീപനം, ദാരിദ്ര്യനിർമാർജന സമീപനം, തുല്യതാ സമീപനം എന്നിവയാണ് അവ.

## 4.5 സ്ത്രീകളും വികസനവും (Women and Development-WAD)

1970 കളുടെ രണ്ടാം പാദത്തിൽ ഉയർന്നു വന്ന സമീപനമാണ് സ്ത്രീകളും വികസനവും (WAD) എന്നത്. പെട്ടെന്ന് സാമ്പത്തിക സാമൂഹിക രംഗങ്ങളിലേക്ക് കടന്നുവന്നവരല്ല സ്ത്രീകളെന്നും മറിച്ച്, അവർ എല്ലായ്പ്പോഴും വികസനപ്രക്രിയയുടെ ഭാഗമായിരുന്നുവെന്നുമുള്ള നിലപാടാണ് ഈ സമീപനത്തിന്റേത്. സ്ത്രീകളെ വികസ

നവുമായി ബന്ധിപ്പിക്കുക എന്ന ആശയം മൂന്നാംലോക രാജ്യങ്ങൾക്ക്, പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങൾക്ക്, വ്യാവസായികരാഷ്ട്രങ്ങളോടുള്ള സാമ്പത്തികാശ്രയത്തം നിലനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന അഭിപ്രായം 70 കളുടെ മദ്ധ്യത്തിൽ ഉയർന്നുവന്നു. എന്നാൽ ഇതുവഴി സ്ത്രീകളെ വികസനവുമായി ബന്ധിപ്പിക്കുന്ന തന്ത്രങ്ങളാവിഷ്കരിക്കുന്നതിനേക്കാളുപരി സ്ത്രീകളും വികസനപ്രക്രിയയും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കാനാണ് ശ്രമിച്ചത്. സ്ത്രീകൾ സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. കുടുംബത്തിനുള്ളിലും പുറത്തും സ്ത്രീകൾ ചെയ്യുന്ന ജോലികൾ സമൂഹത്തിനാവശ്യമാണ്. അതേസമയം ഇത് സമൂഹത്തിൽ നിലനിൽക്കുന്ന അസമത്തങ്ങളെ അതേപടി തുടരാൻ സഹായിക്കുകയാണ് ചെയ്യുന്നത്. മൂന്നാംലോക രാജ്യങ്ങളിലെ പുരുഷന്മാരും ഈ അസമത്തങ്ങൾ, പ്രത്യേകിച്ച് വർഗ്ഗപരമായവ, നേരിടുന്നുവെന്നാണ് കരുതപ്പെടുന്നത്. പക്ഷേ വിവിധ വർഗ്ഗങ്ങളിലെ സ്ത്രീപുരുഷപദവി ബന്ധങ്ങളെക്കുറിച്ച് ഇത് പരാമർശിക്കുന്നതേയില്ല.

സ്ത്രീകളുടെ സമൂഹത്തിലെ സ്ഥാനത്തെക്കുറിച്ച് ആദ്യത്തെ സമീപനം വിശകലനം ചെയ്യുന്നതിനേക്കാൾ കൂടുതൽ വിമർശനങ്ങൾ ഈ സമീപനം നൽകുന്നുണ്ട്. പിതൃമേധാവിത്വവും ഉത്പാദനരീതികളും തമ്മിലും സ്ത്രീകളുടെ അടിമത്തവും അടിച്ചമർത്തലും തമ്മിലുമെല്ലാമുള്ള ബന്ധങ്ങളെ വിശകലനംചെയ്യുന്നതിൽ പരാജയപ്പെട്ടു. മാത്രമല്ല, ഈ രണ്ടു സമീപനങ്ങളും ഒരുപോലെ ഒഴിവാക്കിയ മറ്റൊരു മേഖല, സ്ത്രീകളുടെ ജീവന്റെ ഉത്പാദനവുമായി ബന്ധപ്പെട്ട സേവനങ്ങളാണ്. ജീവന്റെ ഉദ്പാദന പരിപാലന ജോലികൾ, വീട്ടുജോലികൾ, പ്രായമായവരുടെ പരിചരണം തുടങ്ങിയവയ്ക്ക് യാതൊരു മൂല്യവും കൽപ്പിക്കപ്പെടുന്നില്ല.

## 4.6 ലിംഗപദവിയും വികസനവും (Gender and Development-GAD)

സോഷ്യലിസ്റ്റ് ഫെമിനിസത്തിലൂന്നിയ സൈദ്ധാന്തിക അടിത്തറയാണ് ഈ സമീപനത്തിന്റേത്. മാത്രമല്ല, ഉത്പാദനവും ജീവന്റെ ഉത്പാദനവും തമ്മിലുള്ള ബന്ധമുൾപ്പെടെ സ്ത്രീ ജീവിതത്തിന്റെ എല്ലാ മേഖലകളെയും കണക്കിലെടുക്കുന്ന സമീപനമാണ് ഇത്.

സ്ത്രീകൾ ചെയ്യുന്ന വീട്ടുജോലികളെ മൂല്യമില്ലാത്തതാക്കുന്ന പൊതു/സ്വകാര്യ വേർതിരിവുകൾ ഈ സമീപനം തള്ളിക്കളയുന്നു. "സ്വകാര്യം" എന്നു കരുതി വിമർശനങ്ങൾക്കതീതമായി നിലനിൽക്കുന്ന കുടുംബത്തിൽ, സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നതിനെയും ഈ സമീപനം വിശകലനം ചെയ്യുന്നു. സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്തം ഭരണകൂടത്തിനുണ്ടെന്ന് ഈ സമീപനം ഓർമ്മിപ്പിക്കുന്നു. വികസനത്തിന്റെ നിശബ്ദ ഗുണഭോക്താക്കളെന്നതിനുപരി സ്ത്രീകൾ സമൂഹത്തിൽ മാറ്റമുണ്ടാക്കാൻ കഴിവുള്ളവരാണെന്നും ലിംഗപദവിയും വികസനവും അഭിപ്രായപ്പെടുന്നു. അതുകൊണ്ടു തന്നെ അവർ സംഘടിക്കേണ്ടതിന്റെ ആവശ്യകതയും ഈ സമീപനം ഊന്നിപ്പറയുന്നു. മറ്റു രണ്ടു സമീപനങ്ങളെക്കാളും ഒരുപടി കടന്ന് ഈ സമീപനം സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയഘടനയിൽ നിലനിൽക്കുന്ന ധാരണകളെ ചോദ്യംചെയ്യാൻ തയ്യാറാകുന്നുണ്ട്.

വർഗ്ഗവിവേചനത്തെ എതിർക്കുന്ന സോഷ്യലിസ്റ്റ് ഗവൺമെന്റുകൾ നിലനിന്ന പ്രദേശങ്ങളിൽ പോലും, സ്ത്രീ-പുരുഷപദവി വിവേചനം അവസാനിപ്പിക്കാൻ സഹായിക്കുന്ന

ലിംഗപദവി സമീപനം യഥാർത്ഥ രീതിയിൽ നടപ്പിലാക്കാൻ ഭരണകൂടങ്ങൾ ശ്രമിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ സമീപനം ഭാഗികമായി മാത്രം പ്രതിഫലിപ്പിക്കുന്ന വികസന സമീപനമാണെന്ന് പറയേണ്ടിവരും.

## GAD യുടെ പ്രാധാന്യം

നിലവിലുള്ള സാഹചര്യങ്ങളിൽ വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ ആസൂത്രകർ കാണാതെ പോകുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. കുടുംബം എന്നത് ഭാര്യയും ഭർത്താവും ഒന്നോ രണ്ടോ മക്കളും അടങ്ങിയതാണെന്ന മുൻധാരണയാണ് മിക്കവർക്കും. പുരുഷൻ കുടുംബത്തലവൻ എന്ന നിലയിൽ പുറത്ത് വരുമാനം ലഭിക്കുന്ന തൊഴിലിൽ ഏർപ്പെടുന്നുവെന്നും, കുടുംബത്തിനകത്തെ ജോലികളും പ്രത്യുല്പാദന ഉത്തരവാദിത്തങ്ങളും സ്ത്രീകൾ ചെയ്യേണ്ടവയാണെന്നും അവർ വിശ്വസിക്കുന്നു. കുടുംബത്തിനകത്ത് വിഭവങ്ങളുടെ നിയന്ത്രണത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും പുരുഷന്മാർക്കാണ് അധികാരമെന്നും അവർ വിശ്വസിക്കുന്നു. ലിംഗപരമായ തൊഴിൽവിഭജനം സ്വാഭാവികമായി കരുതുകയും വിദ്യാഭ്യാസസ്ഥാപനങ്ങളും മാധ്യമങ്ങളും ഈ വിശ്വാസങ്ങളെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാനും വിശകലനം ചെയ്യാനും ശ്രമിച്ചാലേ ഈ മുൻവിധികൾ മാറുകയുള്ളു.

## 4.7 സ്ത്രീകളും വികസനവും-വ്യത്യസ്ത സമീപനങ്ങൾ

കഴിഞ്ഞ കാലങ്ങളിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന സ്ത്രീകളെ സഹായിക്കാനായി ഒട്ടേറെ പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ നിലവിലുള്ള അവസ്ഥയെ മെച്ചപ്പെടുത്തുന്നതിനും പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും ഇവ എത്രമാത്രം സഹായകരമായി എന്ന് മനസ്സിലാക്കാനും ഭാവിയിൽ കുറവുകൾ നികത്തി ഏത് സമീപനങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകണമെന്ന വ്യക്തതയ്ക്കും ഇത്തരം വികസന സമീപനങ്ങളുടെ കാഴ്ചപ്പാടും അവയുടെ ന്യായീകരണവും അറിയേണ്ടതുണ്ട്.

a) **ക്ഷേമ സമീപനം** – സ്ത്രീകളെ നല്ല അമ്മമാരും കുടുംബിനികളുമാക്കുക

b) **ദാരിദ്ര്യ നിർമ്മാർജന സമീപനം** – അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള സഹായം–വരുമാനദായക തൊഴിലുകൾ, നിക്ഷേപ വായ്പാപദ്ധതികൾ മുതലായവ

c) **കാര്യക്ഷമത സമീപനം** – വികസനത്തിൽ സ്ത്രീകളെ കൂടി ഉൾപ്പെടുത്തിയാൽ വികസനം കാര്യക്ഷമാകും/ക്കാനാകും

d) **തുല്യതാ സമീപനം**–സ്ത്രീകൾക്ക് സ്വത്തിലും അറിവിലും തുല്യപ്രാപ്തി ഉണ്ടാകണം

e) **ശാക്തീകരണ സമീപനം**–(ലിംഗപദവിയും വികസനവും)

### സവിശേഷതകൾ

- അടിച്ചമർത്തലുകളെ ചോദ്യംചെയ്യാനുള്ള കഴിവ്
- ചലനസ്വാതന്ത്ര്യം
- ആത്മവിശ്വാസം
- കൂട്ടായ പ്രവർത്തനം.
- സ്ത്രീകളുടെ അവസ്ഥ പദവി മെച്ചപ്പെട്ടാൽ പോര, പദവിയിലും വ്യത്യാസം ഉണ്ടാവണം

| ക്ഷേമസമീപനം | തുല്യത സമീപനം | ദാരിദ്ര്യവിരുദ്ധ സമീപനം | കാര്യക്ഷമത സമീപനം | ശാക്തീകരണ സമീപനം |
|---|---|---|---|---|
| • വികസനം എന്നത് ആസൂത്രണ പദ്ധതികൾ വഴിയുണ്ടാകുന്ന സാമ്പത്തികവളർച്ചയും അതിന്റെ ഫലങ്ങൾ ദരിദ്രരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുമെന്നുമായിരുന്ന പ്രതീക്ഷ.<br>• സ്ത്രീകൾ വികസന പ്രക്രിയയുടെ സജീവ പങ്കാളിയല്ല മറിച്ച് നിഷ്ക്രിയരായ പ്രയോക്താക്കൾ<br>• അതിൽ സ്ത്രീകളുടെ മുഖ്യ ഉത്തരവാദിത്തം മാതൃത്വം<br>• മാതൃ ശിശു ആരോഗ്യ പരിപാടികൾ പോഷകാഹാര പരിപാടികൾ തുടങ്ങിയവ ഈ സമീപനങ്ങളെ അടിസ്ഥാനമാക്കിയവയാണ്<br>• സ്ത്രീകളുടെ മാതൃത്വം പദവിക്ക മാത്രം നൽകുന്ന ഇത്തരം സമീപനങ്ങൾ അവളുടെ പിന്നോക്കാവസ്ഥയെ ചോദ്യം ചെയ്യാനോ, അതിനെ മറികടക്കാനോ, അവളെ സഹായിക്കുന്നില്ല. | • കർഷകമേഖലയിലും മറ്റു ഭക്ഷ്യോത്പാദന പ്രവർത്തനങ്ങളിലും സ്ത്രീകൾ നിർണായകമായ പങ്കുവഹിക്കുന്നുണ്ടെങ്കിലും ദേശീയ കണക്കുകളിൽ ആസൂത്രണ സമീപനങ്ങളിൽ പദ്ധതികളിൽ സ്ത്രീകളുടെ പങ്ക് പ്രതിഫലിക്കുന്നില്ല<br>• ധന പ്രത്യുല്പാദന ചുമതലകൾ നിറവേറ്റുക വഴി സ്ത്രീകൾ വികസനപ്രക്രിയയിൽ സജീവപങ്കാളികളാകണമെന്നും സാമ്പത്തിക വളർച്ചയിൽ നിർണായക പങ്കു വഹിക്കുമെന്നും വിശ്വസിക്കുന്നു<br>• ഇതിലൂടെ പദവിയെ സംബന്ധിച്ച് അംഗീകാരമുള്ള ഒരു സൂചികയുടെ അഭാവത്തിലും നിലവിലുള്ള സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പദവിയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലും പദവി മെച്ചപ്പെട്ടതാണോ എന്ന് അളക്കുക ബുദ്ധിമുട്ടായി. | • നിലനിൽക്കുന്ന സാമൂഹിക സാഹചര്യങ്ങളിൽ ദാരിദ്ര്യം കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണെന്നും അവരെ ലക്ഷ്യം വെച്ചുള്ള പ്രത്യേക പദ്ധതികൾ, സ്ത്രീകൾക്ക് സംവരണം തുടങ്ങിയവ ആവശ്യമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.<br>• ദാരിദ്ര്യനിർമ്മാർജ്ജനത്തെ ലക്ഷ്യമാക്കിയുള്ള തൊഴിൽ പരിപാടികൾ സ്ത്രീകൾക്ക് വരുമാനം നൽകുമെങ്കിലും അത് അവരെ കൂടുതൽ സ്വാശ്രയത്വത്തിലേക്ക് നയിപ്പിച്ചില്ലെങ്കിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥയെ മറികടക്കാനാവില്ല.<br>• കുടുംബത്തിലെ സാമ്പത്തിക നിയന്ത്രണം സമ്പത്ത് പുരുഷന്റെ കൈകളിൽ തന്നെയായിരുന്നു. കുടുംബത്തിലെ ഉത്തരവാദിത്തങ്ങളിൽ നിന്നും മോചനം ലഭിക്കാത്ത തിനാൽ ഇരട്ട ജോലിഭാരം പേറേണ്ടി വരുന്നു. | • ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകൾ വികസന പ്രക്രിയയിൽ ഉൾപ്പെടാതെ വരുന്നതുമൂലം വികസനത്തിന് പ്രയോജനപ്പെടത്തേണ്ട വിലപ്പെട്ട മനുഷ്യശേഷി പാഴായി പോകുന്നു എന്ന ചിന്തയാണ് ഈ സമീപനത്തിന് പുറകിലുള്ളത്<br>• ഉയർന്ന കാര്യക്ഷമതയും ഉത്പാദന ക്ഷമതയും ഘടനാപരമായ ക്രമീ കരണ നയങ്ങളുടെ പ്രധാന നയങ്ങളാണ്. | • ശാക്തീകരണ സമീപനം സ്ത്രീപുരുഷന്മാർ തമ്മിലുള്ള തുല്യത ഇല്ലായ്മ തിരിച്ചറിയുകയും സ്ത്രീകളുടെ അടിച്ചമർത്തലിന്റെ ആരംഭം കുടുംബത്തിലാണ് എന്ന് അംഗീകരിക്കുകയും ചെയ്യുന്നു<br>• സ്ത്രീകളുടെ വംശം, വർഗ്ഗം, ജാതി, രാജ്യങ്ങളുടെ ചരിത്രം, സാർവ്വദേശീയ സമ്പദ് വ്യവസ്ഥയിലെ സ്ഥാനം തുടങ്ങിയ ഘടകങ്ങൾക്കനുസരിച്ച് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങൾ ആയിരിക്കും. സ്ത്രീകളുടെ ആന്തരിക ശക്തി വർധിപ്പിക്കുക ഭൗതികവും ഭൗതികേതരവുമായ വിഭവങ്ങളിൽ നിയന്ത്രണം കൈവരിക്കുക |

- സ്വത്തവകാശം.
- രാഷ്ട്രീയപ്രക്രിയകളിൽ പങ്കാളിത്തം

വീട്ടുജോലി, ശിശുപരിചരണം എന്നിവയിൽ പുരുഷ പങ്കാളിത്തം.

ലിംഗാവബോധത്തോടെയുള്ള വികസനം ശാക്തീകരണ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

## 4.8 പ്രാദേശിക വികസനം ലിംഗനീതിയുടെ അടിസ്ഥാനത്തിൽ

സംസ്ഥാന ബജറ്റിന്റെ ഏതാണ്ട് മൂന്നിലൊന്ന് ഭാഗം തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന നാടാണ് കേരളം. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും തനതായി സ്വരൂപിക്കുന്ന വിഭവങ്ങളും ഉണ്ട്. ആകെ നോക്കുമ്പോൾ സംസ്ഥാന ബജറ്റിന്റെ 40 ശതമാനത്തോളം വരും ഇത്. സാമാന്യ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള അധികാരങ്ങളും സംവിധാന ങ്ങളും പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലാണ്. സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും ഒരു പരിധിവരെ തന്ത്രപ്രധാന ആവശ്യങ്ങളും നിറവേറ്റാൻ ഏറെ സാധ്യതകളുള്ള വികസനതലമാണിത്. പ്രാദേശിക ആസൂത്രണത്തിൽ പങ്കാളിയായി തങ്ങളുടെ പങ്ക് കണക്കു പറഞ്ഞ് വാങ്ങാൻ ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും നേരിട്ട് അവസരമുള്ള ഏക സർക്കാരും തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്.

രാജ്യവും ലോകം തന്നെയും ഉറ്റുനോക്കുന്ന പങ്കാളിത്ത വികസനത്തിന്റെ മാതൃകാ സ്ഥാനമാണ് കേരളം. കേരളത്തിന്റെ സാമൂഹ്യ അവബോധത്തിന്റേയും കൂട്ടായ്മ യുടേയും ഉൽപ്പന്നമാണ് ജനകീയാസൂത്രണം. ജനകീയാസൂത്രണം കേരളത്തിലെ സ്ത്രീകൾക്ക് പ്രാദേശിക ഭരണ വ്യവസ്ഥയിൽ അവകാശപ്പെട്ട ഒരു ഇടം നൽകിയിട്ടുണ്ട്. പഞ്ചായത്തീരാജിന്റെയും വികേന്ദ്രീകരണത്തിന്റെയും ഇന്ത്യയിലെ മികച്ച മാതൃകയായി ജനകീയാസൂത്രണം ദേശീയവും അന്തർദേശീയവുമായ പഠനങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടെ വ്യക്തിപരമായ കഴിവുകൾ വികസിപ്പിക്കാനും ഭരണപരമായ നൈപുണികൾ വർദ്ധിപ്പിക്കാനും, നേതൃശേഷി വളർത്താനും ജനകീയാസൂത്രണം നല്ലൊരു വേദിയായിട്ടുണ്ട് എന്ന് പഠനങ്ങൾ പറയുന്നു. അതേസമയം പ്രാദേശിക ഭരണത്തിലും രാഷ്ട്രീയത്തിലും കൈവന്ന ഈ അവസരം സംസ്ഥാന–ദേശീയ രാഷ്ട്രീയ–ഭരണ സംവിധാനങ്ങളിലേയ്ക്ക് വളർന്നു വികസിക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നും ഇതേ പഠനങ്ങൾ പറയുന്നു.

മനുഷ്യന്റെ വികസനമെന്നാൽ അവർക്ക് വേണ്ടത് തെരഞ്ഞെടുക്കാനുള്ള സാധ്യതകൾ വർദ്ധിക്കുകയും അവരുടെ കഴിവുകൾ വർദ്ധിയ്ക്കുകയും കൂടുതൽ സ്വാ തന്ത്ര്യം ഉപയോഗിക്കാൻ അവർക്ക് പ്രാപ്തിയുണ്ടാവുകയുമാണ്. സ്വന്തം കഴിവുകളും അഭിരുചികളും പരമാവധി വളർത്തിയെടുക്കാനും സ്വന്തമായ ചിന്തകളും അഭിപ്രായങ്ങളും പ്രകടിപ്പിക്കാനും കഴിയണം. അതേപോലെ, തീരുമാനമെടുക്കൽ പ്രക്രിയകളിൽ പങ്കാളി യാകാനും ചൂഷണമില്ലാത്ത സാഹചര്യം ലഭിക്കാനും സ്വാതന്ത്ര്യമുള്ള ഒരു സാമൂഹ്യാന്ത രീക്ഷത്തിലാണ് യഥാർത്ഥത്തിൽ വികസനം സാധ്യമാകുന്നത്.

നാമിന്ന് ചിന്തിക്കുന്ന രീതിയും പെരുമാറുന്ന രീതിയും മാറണം. തുല്യതയും തുല്യ അവകാശവും അംഗീകരിക്കുന്ന മൂല്യങ്ങളാവണം, ഏതു പ്രായത്തിലും വിശ്വാസത്തിലും

പശ്ചാത്തലത്തിലും പെട്ട വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ നിർണ്ണയിക്കുന്നത്. തുല്യതയുള്ള ജനാധിപത്യപരമായ പൗരത്വം ശരിയായ അർത്ഥത്തിൽ ഉണ്ടാവുന്നത് തീരുമാനമെടുക്കൽ പ്രക്രിയയിൽ എല്ലാ വേദികളിലും ലിംഗപരമായ തുല്യത സാധ്യമാവുമ്പോഴാണ്. ലിംഗപരമായ അസമത്വങ്ങളെ ഇല്ലാതാക്കണമെങ്കിൽ സാമൂഹ്യ–സാമ്പത്തിക–വിദ്യാഭ്യാസ–നിയമ–രാഷ്ട്രീയ മേഖലകളിലെല്ലാം പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

വികേന്ദ്രീകൃത വികസനം എന്നത് പ്രാദേശിക ഗവൺമെന്റുകളുടെ ശാക്തീകരണവും അതിലൂടെ സാമാന്യജനങ്ങൾ കൈവരിക്കുന്ന ജനാധികാരവുമാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ലിംഗപരമായ വിവേചനം വളരെയധികം കുറച്ചുകൊണ്ടു വരുന്നതിൽ വിജയിച്ച ഒരു നാടാണ് കേരളം. സാമ്പത്തിക പങ്കാളിത്തം, രാഷ്ട്രീയം മുതലായ രംഗങ്ങളിൽ കൂടി ഈ ദിശയിൽ ഏറെ ദൂരം മുന്നോട്ടു പോകാൻ കേരളത്തിനു കഴിയേണ്ടതുണ്ട്. വികസനം യഥാർത്ഥമായ സ്വാതന്ത്ര്യം ആസ്വദിക്കാനായി ഒരു ജനത വിചാരപൂർവ്വം ഏർപ്പെടുന്ന പ്രക്രിയയാണ്. വികസന രംഗത്തെ സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഒരേസമയം അവരുടെ കാര്യശേഷി വികസനവും സ്വാതന്ത്ര്യബോധവും സാധ്യമാക്കുന്ന ഉപാധിയാണ്.

പക്ഷെ, പ്രാദേശിക പദ്ധതികളിൽ സ്ത്രീ വികസന പരിപാടികളുടെ പൊതുസ്വഭാവം മറ്റൊരു ദിശയിലാണ്. കുടുംബത്തിനുള്ളിൽ നിലനിൽക്കുന്ന ലിംഗപരമായ തൊഴിൽ വിഭജനംമൂലം നമ്മുടെ സമൂഹത്തിൽ വീട്ടുജോലി, കുട്ടികളുടെ പരിചരണം, കുടുംബാംഗങ്ങളുടെ ആരോഗ്യം, ഭക്ഷണം തുടങ്ങിയവയെല്ലാം സ്ത്രീകൾ നിർവ്വഹിക്കേണ്ടി വരുന്നു. ഇതിനുപുറമേ ഉല്പാദനപരമായ ജോലികളിൽ ഏർപ്പെട്ട് വരുമാനം ഉണ്ടാക്കുകയും വേണം. തന്മൂലം വീട് നോക്കാൻ വേണ്ട കുടുംബ വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്നീ സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളാണ് ആസൂത്രണത്തിൽ സ്ത്രീകൾക്കായി പരിഗണിക്കപ്പെടുന്നത്. ഇവയാകട്ടെ അവരുടെ സാമൂഹ്യപദവിയിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമല്ല.

സ്ത്രീകളുടെ നിർണ്ണായകമായ (Strategic Need) ലിംഗപദവി ആവശ്യങ്ങൾ മനസ്സിലാക്കി വികസനാസൂത്രണം നടത്തുമ്പോഴാണ് അവരുടെ സാമൂഹ്യപദവിയിൽ മാറ്റം വരുത്താനാവുന്നത്. ലിംഗപരമായ തൊഴിൽ വിഭജനം ഇല്ലാതാക്കുക, വീട്ടുജോലി, കുട്ടികളുടെ പരിരക്ഷ എന്നീ ചുമതലകൾ പങ്കുവയ്ക്കപ്പെടുക, ഭൂമി, വസ്തുവകകൾ എന്നിവയുടെ ഉടമസ്ഥാവകാശത്തിലുള്ള വിവേചനം ഇല്ലാതാക്കുക, തുല്യമായ രാഷ്ട്രീയ പങ്കാളിത്തം ലഭ്യമാവുക, പ്രത്യുൽപ്പാദനപരമായ കാര്യങ്ങളിൽ സ്വതന്ത്രമായ തീരുമാനമെടുക്കാനുള്ള അവകാശം അംഗീകരിയ്ക്കപ്പെടുക, പീഡനത്തിൽ നിന്നുള്ള സംരക്ഷണം ഉറപ്പുവരുത്തുക മുതലായവയാണ് നിർണ്ണായകമായ ലിംഗപദവി ആവശ്യങ്ങൾ. സ്ത്രീകളുടെ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളിൽ അവരുടെ പ്രായോഗികാവശ്യങ്ങളെപ്പോലെ തന്നെ ഈ നിർണ്ണായക ആവശ്യങ്ങളും പരിഗണിക്കപ്പെടണം.

UNDP വികസിപ്പിച്ച ലിംഗ തുല്യതാ ഇൻഡക്സും (Gender Equality Index) ലോക സാമ്പത്തിക ഫോറം മുന്നോട്ടു വക്കുന്ന ലോക ലിംഗ അന്തരം (Global Gender Gap) സംബന്ധിച്ച റിപ്പോർട്ടും വികസനത്തിൽ ഭരണ–രാഷ്ടീയ രംഗങ്ങളിലെ തുല്യമായ സ്ത്രീ പ്രാതിനിധ്യത്തിന്റെ ആവശ്യകത എടുത്തു പറയുന്നുണ്ട്.

അദ്ധ്യായം 5

# സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും മറ്റ സാമൂഹിക വികസന സൂചികയിലെ മുന്നേറ്റവും സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ കുറക്കാൻ കാരണമാകുന്നില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഗാർഹികാതിക്രമം, ബലാത്സംഗം, കൊലപാതകം, ലൈംഗിക വിൽപ്പനയ്ക്കായി പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകൽ (Trafficking), തൊഴിൽസ്ഥലത്തെ ലൈംഗിക പീഡനം, യാത്രാവേളയിലെ ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവ കേരളത്തിൽ കൂടിവരികയാണ്. മാത്രമല്ല സ്വഭവനങ്ങളിൽ പോലും സ്ത്രീകളും കുട്ടികളും ഇന്ന് സുരക്ഷിതരല്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നാൽ ശാരീരികാതിക്രമങ്ങൾ മാത്രമല്ല മാനസിക–വൈകാരിക–സാമ്പത്തികാതിക്രമങ്ങളും ഉൾപ്പെടും. പ്രായഘട്ട വ്യത്യാസമില്ലാതെ എല്ലാതരം അതിക്രമങ്ങൾക്കും സ്ത്രീകൾ വിധേയരാകുന്നുണ്ട് എന്നതും വസ്തുതയാണ്.

## 5.1 പ്രായഘട്ടവും അതിക്രമങ്ങളും

ഗർഭാവസ്ഥ തൊട്ട് വൃദ്ധാവസ്ഥ വരെയുള്ള എല്ലാ പ്രായഘട്ടത്തിലുമുള്ള സ്ത്രീകൾ അതിക്രമങ്ങൾക്കും ശാരീരിക–മാനസിക പീഡനങ്ങൾക്കും ലിംഗവിവേചനങ്ങൾക്കും ഇരയാകുന്നുണ്ട്. വ്യത്യസ്തമായ പ്രായഘട്ടത്തിൽ സ്ത്രീകൾ വ്യത്യസ്തമായ അതിക്രമങ്ങൾ നേരിടുന്നതായിട്ടാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പൊതുവായ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രായഘട്ടം | അതിക്രമത്തിന്റെ തരം |
|---|---|
| ജനനത്തിന് മുമ്പ് | പെൺഭ്രൂണഹത്യ, നിർബന്ധിത ഗർഭധാരണവും ഗർഭിണിയായിരിക്കുമ്പോഴുള്ള ശാരീരിക പീഡനവും |
| ശൈശവം | പെൺ ശിശുഹത്യ, ശാരീരിക–മാനസിക പീഡനം, ഭക്ഷണത്തിലും ആരോഗ്യ സംരക്ഷണത്തിലുമുള്ള വിവേചനം, ബാലവേല, ലൈംഗികാതിക്രമം |
| ബാല്യം | ബാല്യവിവാഹം, ശാരീരിക പീഡനം, ജനനേന്ദ്രിയ ഭാഗങ്ങൾ മുറിച്ചു മാറ്റൽ. ലൈംഗികാതിക്രമം, ആരോഗ്യ സംരക്ഷണത്തിലുള്ള വിവേചനം, പൊതുഇടങ്ങളിലും സ്വഭവനങ്ങളിൽ നിന്നുമുള്ള അതിക്രമം, പീഡനം, ബാലവേല |

| | |
|---|---|
| കൗമാരം | ലൈംഗീകാതിക്രമം, ജോലി സ്ഥലത്തെ പീഡനം, ബലാത്സംഗം, തട്ടികൊണ്ടു പോകൽ, പൂവാലശല്യം, സ്വഭവനത്തിൽ നിന്നുള്ള അതിക്രമം, പീഡനം, ബാലവേല |
| യൗവനം (പ്രത്യുൽപാദന കാലഘട്ടം) | ശാരീരിക മാനസിക പീഡനം, ലൈംഗികാതിക്രമം, നിർബന്ധിത ഗർഭധാരണം, ഗർഭഛിദ്രം, വിധവകളോടുള്ള വിവേചനവും പീഡനവും, വൈവാഹിക ജീവിതത്തിലെ പീഡനം, സ്വത്ത് തട്ടിയെടുക്കൽ, തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം |
| മുതിർന്ന സ്ത്രീകൾ | വിധവകളോടുള്ള ശാരീരിക–മാനസിക പീഡനം, സ്വത്ത് തട്ടിയെടുക്കൽ, ഒറ്റപ്പെടുത്തൽ, ലൈംഗികാതിക്രമം, കുടുംബത്തിലെ ചെറുപ്രായക്കാരുടെ മോശം മനോഭാവവും പീഡനവും, വിവേചനം, അവഗണന, വൃദ്ധസദനങ്ങളിലെ അതിക്രമങ്ങൾ |

നിലവിലുള്ള സാഹചര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ താഴെപ്പറയുന്ന വസ്തുതകൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു.

- എല്ലാ പ്രായത്തിൽപ്പെട്ട കുട്ടികളും സ്ത്രീകളും അതിക്രമത്തിന് ഇരകളാകുന്നു.
- ഫലപ്രദമായ സുരക്ഷാ സംവിധാനങ്ങളിലൂടേയും അനുയോജ്യമായ സാമൂഹ്യ സാഹചര്യങ്ങളിലൂടേയും തടയാൻ കഴിയുന്നവയാണ് അതിക്രമങ്ങളിലേറെയും
- സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നിത്യസംഭവങ്ങളായി മാറുന്നു
- ഗാർഹിക പീഡനത്തിന്റെ തോത് വളരെ വലുതാണ്.
- സ്ത്രീധന പ്രശ്നങ്ങൾ ഗൗരവമായി നിലനിൽക്കുന്നു
- വർദ്ധിച്ചു വരുന്ന ലൈംഗികാതിക്രമങ്ങൾ വലിയ വെല്ലുവിളി ഉയർത്തുന്നു
- കുട്ടികളും വ്യാപകമായി അതിക്രമങ്ങൾക്കിരയാകുന്നു
- ഇരകളുടെ എണ്ണം നാൾക്കുനാൾ ഏറിവരുന്നു. അതിക്രമങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ കൂടുതൽ ദുർബലമാകുന്നു.
- അതിക്രമങ്ങൾക്ക് വിധേയമായി പീഡനമനുഭവിച്ചവർക്ക് നീതിയോ സംരക്ഷണമോ വേണ്ട വിധത്തിലും സമയബന്ധിതമായും ലഭിക്കുന്നില്ല.
- നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല

## 5.2 ലിംഗാധിഷ്ഠിതവിവേചനങ്ങളും അതിക്രമങ്ങളും തടയുന്നതിനുള്ള പിന്തുണാ സംവിധാനങ്ങൾ

### ഭരണഘടനാവ്യവസ്ഥകൾ

അനുച്ഛേദം 14 : തുല്യതയ്ക്കുള്ള അവകാശം

അനുച്ഛേദം 15 : വിവേചനരാഹിത്യം.

| | |
|---|---|
| അനുച്ഛേദം 15 (3 | : സ്ത്രീകൾക്ക് വേണ്ടി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തെ അധികാരപ്പെടുത്തൽ |
| അനുച്ഛേദം 16 | : സർക്കാർ ജോലിയിൽ അവസര സമത്വം |
| അനുച്ഛേദം 19 | 1. അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം<br>2. സമ്മേളന സ്വാതന്ത്ര്യം<br>3. സംഘടനാ സ്വാതന്ത്ര്യം<br>4. സഞ്ചാര സ്വാതന്ത്ര്യം<br>5. താമസിക്കാൻ സ്വാതന്ത്ര്യം<br>6. തൊഴിൽ, ബിസിനസ് മുതലായവ നടത്താനുള്ള സ്വാതന്ത്ര്യം |
| അനുച്ഛേദം 21 | : അന്തസ്സോടെയും മറ്റും ജീവിക്കാനുള്ള അവകാശം, വ്യക്തി സ്വാതന്ത്ര്യം |
| അനുച്ഛേദം 23 | : മനുഷ്യക്കടത്ത്, നിർബന്ധിത തൊഴിൽ മുതലായ ചൂഷണത്തിൽ നിന്നുമുള്ള സംരക്ഷണം |
| അനുച്ഛേദം 32 | : ഭരണഘടന വാഗ്ദാനം നൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് നേടിയെടുക്കുന്നതിനുള്ള പരിഹാരങ്ങൾ |
| അനുച്ഛേദം 39 | : തുല്ല്യ ജോലിക്ക് തുല്ല്യ വേതനം, കഴിവിനു യോജിക്കാത്ത ജോലി എടുക്കാൻ നിർബന്ധിക്കരുതെന്ന നിർദ്ദേശം |
| അനുച്ഛേദം 42 | : ജോലി സ്ഥലം ആരോഗ്യകരമാകണമെന്നും പ്രസവാനുകൂല്യം നൽകണമെന്നുമുള്ള വ്യവസ്ഥകൾ |
| അനുച്ഛേദം 51എ(ഇ) | : സ്ത്രീയുടെ അന്തസ്സും അഭിമാനവും ഹനിക്കത്തക്ക പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്. |

### ദേശീയ വനിതാ കമ്മീഷൻ

സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി 1990 ൽ ഇന്ത്യൻ പാർലമെന്റ് ദേശീയ വനിതാ കമ്മീഷൻ നിയമം പാസാക്കുകയും തുടർന്ന് 1992 ൽ ജനുവരിയിൽ ദേശീയ വനിതാ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു.

### സംസ്ഥാന വനിതാകമ്മീഷൻ

ദേശീയ വനിതാ കമ്മീഷൻ നിയമം 1990 ൽ പാർലമെന്റ് പാസ്സാക്കിയതിനെ തുടർന്ന് 1990 ൽ കേരള നിയമസഭ കേരള സംസ്ഥാന വനിതാ കമ്മീഷൻ ബിൽ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ചെങ്കിലും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് 1995 ലാണ്. രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 1995 ൽ കേരള വനിതാ കമ്മീഷൻ നിയമം പാസ്സാക്കുകയും 1996 ൽ സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

## 5.3 അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ

### ഇന്ത്യൻ ശിക്ഷാ നിയമം 1860

**ലൈംഗിക കുറ്റങ്ങൾ**

1. പൊതു സ്ഥലത്തുവെച്ച് അശ്ലീല പ്രവൃത്തിചെയ്യുകയോ അസഭ്യം പറയുകയോ ചെയ്താൽ – 294ാം വകുപ്പ് പ്രകാരം 3 മാസം വരെ കഠിന തടവും പിഴയും.
2. സ്ത്രീയെ മാനഹാനി വരുത്തണമെന്ന ഉദ്ദേശ്യത്തോടെ ആംഗ്യം കാണിക്കുകയോ ശബ്ദം പുറപ്പെടുവിക്കുകയോ വസ്തുക്കൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നത് – 509 ാം വകുപ്പ് പ്രകാരം 3 വർഷം വരെ തടവും പിഴയും.
3. മാനഹാനി വരുത്തണമെന്ന ഉദ്ദേശ്യത്തോടെ സ്ത്രീയെ കൈയ്യേറ്റം ചെയ്താൽ – 354ാം വകുപ്പ് പ്രകാരം 1 വർഷം മുതൽ 5 വർഷം വരെ തടവും പിഴയും.
4. അശ്ലീല പരാമർശം നടത്തുന്നതും ശരീര ഭാഗങ്ങളിൽ സ്പർശിക്കുന്നത് മുതലായവയും – 354 എ പ്രകാരം – 3 വർഷം വരെ തടവോ പിഴയോ.
5. വിവസ്ത്രയാക്കിയാൽ – വകുപ്പ് 354 ബി പ്രകാരം 3 മുതൽ 7 വർഷം വരെ തടവും പിഴയും.
6. ഒളിഞ്ഞുനോട്ടവും സ്വകാര്യപ്രവൃത്തികൾ ചെയ്യുന്നത് ഫോട്ടോ എടുക്കുന്നതും മറ്റും – 354 സി പ്രകാരം 1 മുതൽ 3 വർഷം വരെ തടവോ പിഴയോ.
7. നിരന്തരം പിൻതുടർന്ന് ശല്യം ചെയ്യുക–354 ഡി പ്രകാരം 3 വർഷം വരെ തടവും പിഴയും.
8. ബലാൽസംഗം – 376–ആം വകുപ്പ് പ്രകാരം 7 വർഷത്തിൽ കുറയാത്ത കഠിന തടവോ അല്ലെങ്കിൽ ജീവപര്യന്തം വരെയാകാവുന്ന തടവോ പിഴയോ.
9. ബലാൽസംഗത്തിനിരയായ സ്ത്രീ മരിക്കാനിടയായാലോ ജീവച്ഛവമാക്കിയാലോ – 376ആം വകുപ്പ് പ്രകാരം 20 വർഷത്തിൽ കുറയാത്ത കഠിന തടവോ/ വധശിക്ഷയോ
10. കോടതിയുടെ ഉത്തരവ് പ്രകാരം പിരിഞ്ഞു താമസിക്കുന്ന ഭാര്യയുടെ സമ്മതം കൂടാതെയുള്ള ലൈംഗികവേഴ്ച്ച 376 ബി പ്രകാരം 2 മുതൽ 7 വർഷം വരെ തടവും പിഴയും.
11. അധികാരമുള്ള വ്യക്തി ബലാൽസംഗം ചെയ്താൽ 376–സി വകുപ്പ് പ്രകാരം 5 വർഷം മുതൽ 10 വർഷം വരെ തടവും പിഴയും
12. കൂട്ടബലാൽസംഗം – 376–ഉ വകുപ്പ് പ്രകാരം 20 വർഷത്തിൽ കുറയാത്ത കഠിന തടവും ജീവപര്യന്തം തടവും പിഴയും.

### കേരള പോലീസ് നിയമം, 2011

- പൊതുസ്ഥലത്ത് സ്ത്രീയുടെ അന്തസ്സിനെ ഹനിക്കുന്ന ലൈംഗിക ചേഷ്ടകളോ പ്രവൃത്തികളോ ചെയ്താൽ 119 (മ) പ്രകാരം 3 വർഷം തടവും 10000 രൂപ വരെ

പിഴയും, രണ്ടും കൂടി

- സ്ത്രീയുടെ സ്വകാര്യതക്ക് ഭംഗം വരുംവിധം ഫോട്ടോയോ വീഡിയോയോ എടുക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നത് 119 (യ) പ്രകാരം 3 വർഷം തടവും 10000 രൂപ വരെ പിഴയും, രണ്ടും കൂടി
- തീയറ്റർ മാനേജർ, ബസ് കണ്ടക്ടർ മുതലായ ആ പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോട് മേൽപറഞ്ഞ കുറ്റത്തെക്കുറിച്ച് പരാതി പറഞ്ഞിട്ടും അത് തടയുവാനോ അത് സംബന്ധിച്ച് അധികാരികളെ അറിയിക്കുവാനോ വേണ്ട ന്യായമായ നടപടി സ്വീകരിക്കാതിരിക്കുകയും അക്കാര്യത്തിൽ ബോധപൂർവ്വം വീഴ്ച്ച വരുത്തുകയും ചെയ്താൽ 119(2) പ്രകാരം 1000 രൂപ വരെ പിഴ ശിക്ഷ ലഭിക്കും.

## ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, 2005

- ഒരേ വീട്ടിൽ താമസിക്കുന്നതോ താമസിച്ചതോ ആയ ജന്മനാലുള്ള ബന്ധം, വിവാഹബന്ധം, കൂട്ടുകുടുംബബന്ധം, വിവാഹം കഴിക്കാതെയുള്ള ദാമ്പത്യബന്ധം എന്നീ ബന്ധത്തിലെ പുരുഷൻ ആ ബന്ധത്തിലെ സ്ത്രീയെ പീഡിപ്പിക്കുന്നത് ഗാർഹിക പീഡനമാണ്.
- ശാരീരികമോ വാചികമോ വൈകാരികമോ ലൈംഗികമോ സാമ്പത്തികമോ ആയ പീഡനങ്ങൾ ഇതിൽ ഉൾപ്പെടും
- ഇത്തരം പരാതി ജില്ലയിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ/സേവനദാതാക്കൾ മുതലായവർ മുമ്പാകെ നൽകാം
- മജിസ്ട്രേറ്റ് മുമ്പാകെ അഭിഭാഷകൻ മുഖാന്തരവും നൽകാം
- സംരക്ഷണം, നഷ്ടപരിഹാരം, സാമ്പത്തിക നിവൃത്തി, കസ്റ്റഡി മുതലായ ഉചിതമായ ഉത്തരവ് കോടതി നൽകും
- ഇത് കൂടാതെ പരാതിക്കാരിക്ക് താമസിക്കുന്ന വീട്ടിൽ നിന്ന് ഇറക്കി വിടാതിരിക്കാനോ താമസസൗകര്യം ഒരുക്കാനോ ഉള്ള റെസിഡൻസ് ഓഡർ അഥവാ പാർക്കാനുള്ള ഉത്തരവും ലഭിക്കാം
- നിയമസഹായം, ചികിത്സാ സഹായം പാർക്കാനുള്ള സംവിധാനം, കൗൺസലിങ് എന്നിവ സൗജന്യമായി ലഭിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു
- സംരക്ഷണ ഉത്തരവിന്റെ ലംഘനം ഒരു വർഷം വരെ തടവും 20, 000 രൂപ പിഴ ശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

## സ്ത്രീധനനിരോധന നിയമം 1961

- വിവാഹബന്ധത്തിലെ ഒരു പക്ഷം മറുപക്ഷത്തിനോ അവരുടെ മാതാപിതാക്കൾക്കോ മറ്റ് ബന്ധുക്കൾക്കോ വിവാഹസമയത്തോ അതിന് മുമ്പോ ശേഷമോ, വിവാഹാനുബന്ധമായി നൽകുന്ന സ്വത്തോ, വിലമതിക്കുന്ന പാത്രങ്ങളോ നേരിട്ടോ പരോക്ഷമായോ ആയി നൽകുന്നതിനെയാണ് സ്ത്രീധനം എന്ന് നിയമം വിവരിക്കുന്നത്.

- മഹറും വധൂവരൻമാർക്കുള്ള വിവാഹസമയത്ത് നൽകപ്പെട്ട സമ്മാനങ്ങളും ഇതിൽ നിന്ന് ഒഴിവാക്കപ്പെട്ടവയാണ്.
- സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും അഞ്ച് വർഷത്തിൽ കുറയാത്ത തടവും 15, 000 രൂപ പിഴയും (3ാം വകുപ്പ്) ലഭിക്കാവുന്ന കുറ്റകൃത്യമാണ്
- സ്ത്രീധനം ആവശ്യപ്പെടുന്നത് 6 മാസം മുതൽ 2 വർഷം വരെ തടവും 10, 000 രൂപ വരെ പിഴയും (വകുപ്പ് 4) ലഭിക്കാവുന്ന കുറ്റമാണ്
- സ്ത്രീധനം സംബന്ധിച്ച് പരസ്യം നൽകുന്നത്–6 മാസം മുതൽ 5 വർഷത്തിൽ കുറയാത്ത തടവും 15, 000 രൂപ വരെ പിഴയും (വകുപ്പ് 4 എ) ലഭിക്കാവുന്ന കുറ്റകൃത്യമാണ്
- വിവാഹത്തിന് മുമ്പ് ലഭിച്ച സ്ത്രീധനം വധുവിന് വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനുള്ളിൽ നൽകാതിരുന്നാൽ–6 മാസം മുതൽ 2 വർഷം വരെയും പിഴ 5000 രൂപ മുതൽ 10000/ രൂപ വരെയും (വകുപ്പ് 6) ലഭിക്കാവുന്ന കുറ്റമാണ്
- ഈ നിയമം നടപ്പിലാക്കുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാതല ഉദ്യോഗസ്ഥരെ സ്ത്രീധനനിരോധന ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുണ്ട്.

## സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ നിരോധന നിയമം 1986

- സ്ത്രീകളുടെ രൂപമോ ശരീരമോ ഏതെങ്കിലും പരസ്യത്തിലോ പ്രസിദ്ധീകരണത്തിലോ എഴുത്തിലോ ചിത്രത്തിലോ മറ്റു അശ്ലീലമായോ അപഹാസ്യമായോ അപകീർത്തികരമായോ ചിത്രീകരിക്കുന്നത് 2 വർഷം വരെ തടവും 2000 രൂപ പിഴയും ലഭിക്കാവുന്ന കുറ്റമാണ്.
- ഇത് ആവർത്തിച്ചാൽ 6 മാസം മുതൽ 5 വർഷം തടവും 10000 രൂപ മുതൽ 1 ലക്ഷം രൂപ വരെ പിഴയും ലഭിക്കാം
- എന്നാൽ ശാസ്ത്രം, സാഹിത്യം, കല, വിദ്യാഭ്യാസം, മതപരമായ ആവശ്യം എന്നിവക്കായിട്ടാണ് മേൽ പറഞ്ഞ ചിത്രീകരണമെങ്കിൽ ഈ നിയമം ബാധകമല്ല

## സൈബർ നിയമം 2000 (വിവരസാങ്കേതികവിദ്യാനിയമം, 2000)

- കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ക്യാമറ മുതലായ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിച്ചോ അവ ലക്ഷ്യം വച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ കുറ്റകൃത്യങ്ങൾ എന്ന് പറയുന്നത്.
- ഇത്തരം കുറ്റകൃത്യങ്ങൾ വ്യക്തികൾക്കെതിരെയും സംഘങ്ങൾക്കെതിരെയും പൊതുസമൂഹത്തിനെതിരെയും ഉണ്ടാവാം.
- മൊബൈൽ/വെബ് ക്യാമറ വഴി സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റം, ഇ–മെയിൽ മൊബൈൽ ഫോൺ മറ്റ് നവ മാധ്യമങ്ങൾ വഴി ശല്യപ്പെടുത്തൽ, സൈബർ ഇടങ്ങളിൽ പിൻതുടർന്ന് ശല്യപ്പെടുത്തൽ, കമ്പ്യൂട്ടർ /മൊബൈൽ ഫോൺ എന്തു ചെയ്യുന്നു എന്നറിയാൻ സ്പൈ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കൽ, ഇന്റർ നെറ്റിലെ ഹിസ്റ്ററി പരിശോധിച്ച് ഭീഷണിപ്പെടുത്തൽ,

ഇ–മെയിൽ സ്പൂഫിങ്ങ്, അശ്ലീല ചിത്രങ്ങൾ, മോർഫിങ്ങ് മുതലായവയാണ് സ്ത്രീകൾക്കെതിരെ പൊതുവെ നടക്കുന്ന സൈബർ കുറ്റങ്ങൾ.

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമം, 2013

- തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയുക, നിരോധിക്കുക, പരിഹാരം കാണുക എന്നിവ ഈ നിയമം ലക്ഷ്യമിടുന്നു
  - ഈ നിയമപ്രകാരം തൊഴിലിടങ്ങളിലെ ലൈംഗികപീഡനങ്ങൾ നിർവചിച്ചിട്ടുണ്ട്
  - ശാരീരികം
  - ലൈംഗികമായ കാര്യങ്ങൾക്ക് ആവശ്യപ്പെടുന്നതും അപേക്ഷിക്കുന്നതും
  - അശ്ലീലസാഹിത്യ പ്രദർശനം
  - ലൈംഗിക ച്ചുവയുള്ള സംസാരം
  - ലൈംഗികച്ചുവയുള്ള വാക്കാലോ അല്ലാത്തതോ, ശാരീരികമോ ആയോ സ്വാഗതാർഹമല്ലാത്ത പ്രവൃത്തികൾ

മേൽ പറഞ്ഞ പ്രവൃത്തികൾ ഉൾപ്പടെയുള്ള സ്വാഗതാർഹമല്ലാത്ത, നേരിട്ടോ വ്യംഗ്യമായോ ഉള്ള പ്രവൃത്തികളെ ലൈംഗിക പീഢനമായി കണക്കാക്കാം.

**തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാൻ എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്നും അസംഘടിത മേഖലയിലെ സ്ത്രീകൾക്കായി ജില്ലാതലത്തിൽ ലോക്കൽ കമ്മിറ്റികൾ സ്ഥാപിക്കേണ്ടതാണെന്നും നിയമം വ്യവസ്ഥ ചെയ്യുന്നു.**

## ക്രിമിനൽ നടപടിക്രമ നിയമം, 1973

- ഒരു സ്ത്രീയെ അറസ്റ്റ് ചെയ്യുമ്പോൾ അവരുടെ അന്തസ്സിനെ ഹനിക്കാത്ത തരത്തിൽ മറ്റൊരു സ്ത്രീയെ കൊണ്ട് മാത്രമേ ദേഹ പരിശോധന നടത്താവൂ–വകുപ്പ് 51 (2), 100(3)
- സ്ത്രീയാണ് പ്രതിയെങ്കിൽ അവരുടെ ദേഹപരിശോധന ഒരു വനിതാ ഡോക്ടറെ കൊണ്ട് മാത്രമേ നടത്തിക്കാവൂ–വകുപ്പ് 53(2)
- പോലീസ് സാക്ഷിമൊഴി സ്ത്രീകൾ താമസിക്കുന്നിടത്ത് വന്ന് എടുക്കേണ്ടതാണ്. അതായത് സാക്ഷിയായി മൊഴി എടുക്കാൻ അവരെ സ്റ്റേഷനിൽ വിളിച്ച് വരുത്തരുത്.
- ലൈംഗിക കുറ്റകൃത്യത്തിനിരയാവുന്ന സ്ത്രീക്ക് മാനസികമോ ശാരീരികമോ ആയ അവശതകൾ ഉണ്ടായാൽ അവരുടെ മൊഴി അവരുടെ വീട്ടിലോ അവർക്ക് സൗകര്യപ്രദമാകുന്ന മറ്റേതെങ്കിലും സ്ഥലത്തോ വച്ച് എടുക്കേണ്ടതും അത് വീഡിയോ റെക്കോർഡ് ചെയ്യേണ്ടതും കഴിവതും വേഗത്തിൽ മജിസ്ട്രേറ്റ് മുമ്പാകെ 164 സ്റ്റേറ്റ്മെന്റ് എടുപ്പിക്കേണ്ടതുമാണ് (വകുപ്പ് 154 )
- എല്ലാ ലൈംഗികകുറ്റകൃത്യങ്ങൾക്കും പോലീസ് ഉടനടി മജിസ്ട്രേറ്റ് മുമ്പാകെ

164 സ്റ്റേറ്റ്മെന്റ് എടുപ്പിക്കേണ്ടതുമാണ് ( വകുപ്പ് 164)

- ലൈംഗിക കുറ്റകൃത്യത്തിനിരയാവുന്നവർക്ക് എല്ലാ ആശുപത്രികളിലും വൈദ്യ സഹായം സൗജന്യമായി നല്കേണ്ടതാണ്. ( വകുപ്പ് 357 സി)

## ലൈംഗികാതിക്രമത്തിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണ നിയമം, 2012 (Protection of Children from Sexual Offences Act 2012), (POCSO ACT)

- കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുവാനും ദ്രുതഗതിയിൽ വിചാരണ നടത്തുവാൻ പ്രത്യേക കോടതി (Special Court) സ്ഥാപിക്കാനും ലക്ഷ്യമിടുന്ന നിയമമാണിത്.
- ഈ നിയമപ്രകാരം ലിംഗഭേദമന്യേ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഈ നിയമത്തിന്റെ സംരക്ഷണം ലഭിക്കും.
- പ്രവേശിക ലൈംഗികാതിക്രമം മുതൽ ലൈംഗിക ചുവയോടെയുള്ള നോട്ടവും സ്പർശവും അടക്കം എല്ലാ ലൈംഗിക ചേഷ്ടകളും പ്രവൃത്തികളും 6 മാസം മുതൽ ജീവപര്യന്തം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ്.
- ഏതെങ്കിലും കുട്ടിയെ ആരെങ്കിലും ലൈംഗികമായി ചൂഷണം ചെയ്യുന്നുവെന്നോ ചെയ്യാൻ ശ്രമിക്കുന്നു എന്നോ അറിവുകിട്ടിയ ഒരു വ്യക്തി അത് നിർബന്ധമായും പോലീസിൽ റിപ്പോർട്ട് ചെയ്യണം. അതിൽ വീഴ്ച വരുത്തിയാൽ വീഴ്ച്ച വരുത്തിയ ആൾക്ക് 6 മാസം തടവു ശിക്ഷ ലഭിക്കും.
- കുട്ടിയുടെ മൊഴി എടുക്കുന്നതും വൈദ്യപരിശോധന നടത്തുന്നതും കുട്ടിക്ക് വിശ്വാസമുള്ളവരുടെ സാന്നിദ്ധ്യത്തിലും ബാലസൗഹൃദപരമായും ആയിരിക്കണം.
- POCSO നിയമപ്രകാരമുള്ള കേസുകൾക്കായി പ്രത്യേക കോടതിയും പ്രത്യേക പബ്ലിക്ക് പ്രോസിക്യൂട്ടർമാരും ഉണ്ടാവണം.
- വിചാരണ വേളയിലോ അതിനു മുമ്പോ കുട്ടിയും പ്രതിയുമായി ആയി നേരിട്ട് കാണാനുള്ള അവസരം ഒഴിവാക്കാൻ പോലീസും മറ്റും ശ്രമിക്കണം.
- ഈ നിയമത്തിൽ കുട്ടിക്ക് നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥയുണ്ട്.
- ഈ നിയമപ്രകാരമുള്ള ഒരു കുറ്റകൃത്യവും മദ്ധ്യസ്ഥതയിൽ ഒത്ത് തീർപ്പാക്കാൻ പാടുള്ളതല്ല.
- കുട്ടിയെ ഒരു കാരണവശാലും പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി മൊഴി എടുക്കാൻ പാടില്ല.
- കുട്ടിക്ക് സൗജന്യവൈദ്യപരിശോധനയും ആവശ്യമെങ്കിൽ ചികിത്സയും നൽകേണ്ടതാണ്.

## ബാല്യവിവാഹ നിരോധന നിയമം, 2006

- ജാതിമതഭേദമന്യേ, 18 വയസ്സിൽ താഴെയുള്ള പെൺകുട്ടിയെയോ 21 വയസ്സിൽ താഴെയുള്ള ആൺകുട്ടിയേയോ വിവാഹം ചെയ്യാൻ പാടില്ല എന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

- ഇത് തടയുന്നതിനായി ബാല്യവിവാഹ നിരോധന ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ബാല്യവിവാഹത്തിനെതിരെ ബോധവൽക്കരണം നടത്താനും തടയാനുമുള്ള ഉത്തരവാദിത്തം ഇവരിൽ നിക്ഷിപ്തമാണ്.
- ബാല്യവിവാഹം തടയാൻ കോടതിയിൽ നിന്ന് 'ഇൻജംഗ്ഷന് ഉത്തരവ് നേടാവുന്നതുമാണ്.
- വിവാഹം റദ്ദാക്കാൻ കുട്ടിക്ക് കോടതിയെ സമീപിക്കാനും നിയമം വ്യവസ്ഥ ചെയ്യുന്നു.
- തട്ടികൊണ്ട് പോയിട്ടോ നിർബന്ധിച്ചോ വിവാഹത്തിനായി കുട്ടിയെ വിൽപ്പന നടത്തിയിട്ടോ ഉള്ള സാഹചര്യങ്ങളിൽ ആ വിവാഹം അസാധുവാക്കാവുന്നതാണ്. അത്തരം കുട്ടികൾക്ക് സംരക്ഷണചെലവും താമസസംവിധാനവും നൽകാൻ വിവാഹം കഴിച്ച പുരുഷന്മാർ ബാധ്യസ്ഥനാണ്.

ബാല്യവിവാഹ നിരോധന നിയമ പ്രകാരമുള്ള കുറ്റങ്ങൾ, ശിക്ഷകൾ (പ്രധാനപ്പെട്ടവ)

| കുറ്റത്തിന്റെ സ്വഭാവം | വകുപ്പ് | ശിക്ഷ |
|---|---|---|
| പ്രായപൂർത്തിയായ പുരുഷൻ പ്രായ പൂർത്തിയാകാത്ത കുട്ടിയെ വിവാഹം കഴിച്ചാൽ | വകുപ്പ് 9 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| ബാല്യവിവാഹം നടത്തുക, അതിന് നിർദ്ദേശം നൽകുക, പ്രേരിപ്പിക്കുക മുതലായ പ്രവൃത്തികൾ ചെയ്യുന്നത് | വകുപ്പ് 10 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| വിവാഹം തടഞ്ഞുകൊണ്ടുള്ള കോടതി ഉത്തരവ് ലംഘിക്കുന്നത് | വകുപ്പ് 11 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| കുട്ടിയിൽ അധികാരമുള്ള ആൾ ബാല്യവിവാഹത്തിന് അനുമതി നൽകുക, തടയുന്നതിൽ വീഴ്ച വരുത്തുക, മുതലായ പ്രവൃത്തികൾ ചെയ്താൽ | വകുപ്പ് 11 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |

## 5.4 സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ

### ജാഗ്രതാ സമിതി

സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളും പീഡനങ്ങളും തടയുന്നതിനും അവർക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ അവരുടെ പക്ഷത്ത് നിന്ന് പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനും വേണ്ടിയുള്ള സംവിധാനമാണ് ജാഗ്രതാ സമിതി. ജാഗ്രതാസമിതി പ്രവർത്തനം

സംബന്ധിച്ച് വിശദമായ മാർഗരേഖ സാമൂഹ്യക്ഷേമ വകുപ്പിന്റെ 23.6.2007 ലെ സ.ഉ(എം.എസ്) നം 31/07 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതനുസരിച്ച് വാർഡ് തലത്തിലും പഞ്ചായത്ത്/നഗരസഭ തലത്തിലും ജില്ലാതലത്തിലും ജാഗ്രതാ സമിതികൾ പ്രവർത്തിക്കേണ്ടതുണ്ട്.

## മറ്റു സംവിധാനങ്ങൾ

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | 14 ജില്ലകളിലെയും Women Protection Officer മാർ | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 1. | Women Protection Officer | DV Act 2005 | 14 ജില്ലകളിലെയും Women Protection Officer മാർ | സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾ |
| 2. | സ്ത്രീധന നിരോധന ഓഫീസർ | സ്ത്രീധന നിരോധന നിയമം 1961 | സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ(മുഖ്യ സ്ത്രീധന നിരോധന ഓഫീസർ), റീജിയണൽ സ്ത്രീധന നിരോധന ഓഫീസർമാർ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) | സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ |
| 3. | ശൈശവ വിവാഹ നിരോധന ഓഫീസർ | Child Marriage Protection Act 2012 | ഓരോ Integrated Child Development Project -ലേയും സി. ഡി. പി. ഒ മാർ (ബ്ലോക്ക് തലത്തിലും നഗരസഭാതലത്തിലും) | ശൈശവ വിവാഹങ്ങൾ തടയുന്നതിനും അത് നടത്തിക്കൊടുക്കുന്ന വരെ ശിക്ഷാനടപടികൾക്ക് വിധേയമാക്കുന്നതിനും |
| 4. | നിർഭയസെൽ | Nirbhaya Policy 2012, POCSO 2012 തൊഴിലിടങ്ങളിൽ ലൈംഗികാതിക്രമം തടയൽ നിമം 2013 | തദ്ദേശസ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ, ജില്ലാതല നിർഭയസെൽ, സംസ്ഥാന നിർഭയ സെൽ | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ |
| 5. | Integrated Child Protection Scheme(ICPS) | JJ Act 2000/2015 | District Child Protection Unit (DCPU) | കുട്ടികൾക്കെതിരെയുള്ള അവകാശനിഷേധങ്ങൾ, അതിക്രമങ്ങൾ എന്നിവയിൽ നിന്ന് സംരക്ഷണം |

| | | | | |
|---|---|---|---|---|
| 6. | Juvenile Justice Board(JJ Board) | JJ Act 2000/2015 | അതത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്/ ചുമതലയുള്ള ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് (Principal Magistrate, JJ Board) | നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സുരക്ഷ, വികസനം, പുനരധിവാസം, സംരക്ഷണം എന്നീ കാര്യങ്ങൾക്ക് വേണ്ടി |
| 7. | Child Welfare Committee (CWC) | JJ Act 2000/2015 | 14 ജില്ലകളിലെയും Child Welfare Committee lÄ (Chairman CWC) | ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ അവകാശം, സുരക്ഷ, സംരക്ഷണം, പുനരധിവാസം എന്നീ ആവശ്യങ്ങൾക്ക് വേണ്ടി |
| 8. | Special Juvenile Police Unit (SJPU) | JJ Act 2000/2015 | Crime Detachment, DySP District Special Juvenile Police Unit | കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഏകോപനം |
| 9. | CHILDLINE | CIF(Registered NGO & Central Nodal Agency for Childline Service) | ജില്ലാതല സേവനം, Toll free Phone No1098 | കുട്ടികൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളിൽ നിന്നും പീഢനങ്ങളിൽ നിന്നുമുള്ള സംരക്ഷണം |
| 10. | KELSA/DLSA/ TLSC | | KELSA സംസ്ഥാനതല യൂണിറ്റ്, DLSA ജില്ലാതല യൂണിറ്റുകൾ, TLSC താലൂക്ക് തല യൂണിറ്റുകൾ | പീഢനത്തിനും അതിക്രമങ്ങൾക്കും ഇരയാകുന്നവർക്ക് നിയമസഹായം ജാഗ്രതാസമിതികൾക്ക് നിയമസഹായ പരിശീലനങ്ങൾ |
| 11. | One Stop Crisis Cell (OSCC) | നിർഭയ പദ്ധതി | ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ (21 സെല്ലുകൾ) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗികാതിക്രമങ്ങൾ, സ്ത്രീകൾക്കെതിരായ ഗാർഹിക പീഢനം |
| 12. | പ്രത്യേക പോലീസ് ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാതലത്തിൽ പ്രത്യേക ചുമതലയുള്ള കുറഞ്ഞത് 7 പോലീസ് ഇൻസ്പെക്ടർമാർ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള എല്ലാ കുറ്റകൃത്യങ്ങളുടേയും അന്വേഷണം, അതിക്രമങ്ങൾക്ക് ഇരയായവർക്ക് വേണ്ടി സഹായം |

| | | | | |
|---|---|---|---|---|
| 13. | പ്രത്യേക മെഡിക്കൽ ഓഫീസർ | DV Act 2005 | സംസ്ഥാനത്തെ എല്ലാ ജില്ലാ–താലൂക്ക് ആശുപത്രികൾ | ഗാർഹികപീഢനം, ലൈംഗിക പീഢനം എന്നിവയ്ക്ക് വിധേയരാകുന്ന സ്ത്രീകൾ |
| 14. | പ്രത്യേക മെഡിക്കൽ ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാ–താലൂക്ക് ആശുപത്രികളിലെ പ്രത്യേകം ചുമതലപ്പെടുത്തിയ ഗൈനക്കോളജിസ്റ്റുകൾ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ |
| 15. | ബാലാവകാശ സംരക്ഷണ കമ്മീഷൻ | National Commission for Protection of Child Rights Act, 2005 | സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | എല്ലാ അവകാശനിഷേധങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം ലഭിക്കാൻ |
| 16. | വനിതാ കമ്മീഷൻ | ദേശീയ സംസ്ഥാന വനിതാകമ്മീഷൻ | സംസ്ഥാന വനിതാകമ്മീഷൻ | എല്ലാ അവകാശനിഷേധങ്ങളിൽനിന്നും സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കാൻ |

അദ്ധ്യായം 6

# ജെൻഡറും പഞ്ചായത്തീരാജ് / നഗരപാലികസംവിധാനവും

സാമൂഹ്യ നീതിയിലധിഷ്ഠിതമായ പ്രാദേശിക സാമ്പത്തിക വികസനം ഇന്ത്യൻ ഭരണഘടനയുടെ പ്രഖ്യാപിതലക്ഷ്യമാണ്. "തുല്യത, വികസനം, സമാധാനം" എന്ന സാർവ്വദേശീയ വനിതാവർഷത്തിലെ (1975) മുദ്രാവാക്യം അനുസരിച്ച് ഓരോ സൂചികയും നേടിയെടുക്കുന്നതിന് ദാരിദ്ര്യനിർമാർജ്ജനം, തൊഴിൽ സുരക്ഷ, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെ വളർച്ച, അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാത്ത ആഹ്ലാദകരമായ കൗമാരം, ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾക്കും ഭിന്നശേഷിക്കാർക്കും ആരോഗ്യത്തോടെയും അന്തസ്സ് നഷ്ടപ്പെടാതെയും ജീവിക്കാനുള്ള അവസരങ്ങൾ, വയോജനങ്ങളുടെയും വിധവകളുടെയും സമാധാനപൂർണമായ ജീവിതം, അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാത്ത സാമൂഹിക പൊതുമണ്ഡലം എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതി പാർലമെന്റ് പാസാക്കിയപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ സൂചിപ്പിച്ച ചുമതലകൾ നിർവഹിക്കുന്നതിനുള്ള വിപുലമായ സാധ്യതകളാണ് തുറന്നുകിട്ടിയത്. ഈ സാധ്യതകൾ പ്രാദേശിക വികസനത്തെ കുറേക്കൂടി ഉത്തരവാദിത്ത പൂർണ്ണമാക്കി.

## 6.1 അധികാരവികേന്ദ്രീകരണം- ജെൻഡർ പരിഗണന

നമ്മുടെ സാമൂഹിക ജീവിതത്തിൽ സമൂല പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുന്ന സംവിധാനമാണ് പഞ്ചായത്തീരാജ്/നഗരപാലികനിയമങ്ങൾ. വികസനാസൂത്രണത്തിലും തദ്ദേശ ഭരണ കാര്യങ്ങളിലും വർധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് 1992ലെ, എഴുപത്തിമൂന്നാം ഭരണഘടന ഭേദഗതിപ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും എഴുപത്തിനാലാം ഭരണഘടന ഭേദഗതി പ്രകാരം നഗരഭരണ സംവിധാനവും രൂപീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെ സ്വയം ഭരണ സ്ഥാപനങ്ങളായി (പരമാധികാര സ്ഥാപനങ്ങളല്ല) പ്രവർത്തിക്കുന്നതിനും ഭരണഘടനയുടെ 11, 12 പട്ടികകളിലെ വിഷയങ്ങൾ സംബന്ധിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമായി.

## 6.2 അധികാരവികേന്ദ്രീകരണ മൂല്യങ്ങൾ

- സ്വയം ഭരണാധികാരം
- കീഴ്തല മുൻഗണന
- ചുമതല വ്യക്തത
- അനുപൂരകത
- ഏകത
- ജനപങ്കാളിത്തം

- ഉത്തരവാദിത്തം
- സുതാര്യത

## 6.3 ഭരണഘടന ഭേദഗതി

ഇന്ത്യൻ പാർലമെന്റ് 1992 ൽ 73, 74 ഭരണഘടനാ ഭേദഗതികൾ ഐക്യകണ്ഠേന പാസാക്കി. ഇതിന്റെ ഭാഗമായി എഴുപത്തിമൂന്നാം ഭരണഘടന ഭേദഗതി മുഖേന ഗ്രാമ –ബ്ലോക്ക്–ജില്ലാപഞ്ചായത്ത് എന്ന ത്രിതല സംവിധാനവും എഴുപത്തിനാലാം ഭരണഘടന ഭേദഗതി മുഖേന നഗരപാലിക–(മുനിസിപ്പാലിറ്റിയും കോർപ്പറേഷനും) സംവിധാനവും പ്രാബല്യത്തിൽ വന്നു. പ്രസ്തുത ഭരണഘടന ഭേദഗതിയുടെ സവിശേഷതകൾ:

- പ്രാദേശിക ഭരണകൂടങ്ങളിൽ മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം.
- എസ്. സി/എസ്. ടി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം
- ഭരണഘടന പിൻബലത്തോടെ ഗ്രാമസഭകൾ/വാർഡ്സഭകൾ
- പതിനൊന്നാം പട്ടികയിൽ സാമൂഹിക നീതി ഉറപ്പാക്കുന്നതിനും പന്ത്രണ്ടാം പട്ടികയിൽ പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല.
- സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, മറ്റ് ദുർബലവിഭാഗക്കാർ, ഇവരുടെ ക്ഷേമം ഉറപ്പ് വരുത്തൽ.
- നയപരവും ഭരണപരവുമായ തീരുമാനങ്ങൾ എടുക്കുമ്പോൾ വനിതാ ജനപ്രതിനിധികൾക്ക് ഇടപെടാൻ അവസരം
- വികസനത്തിന്റെ ദിശ നിർണയിക്കുന്ന ഗ്രാമസഭകളിൽ നടക്കുന്ന ചർച്ചകളിൽ ജീവിതപ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ഗ്രാമീണ സ്ത്രീകൾക്ക് അവസരം

## 6.4 വികസന പ്രക്രിയകളിലെ സ്ത്രീപങ്കാളിത്തം

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ ഭരണനിർവ്വഹണത്തിന്റെ നടത്തിപ്പ് ഉന്നതാധികാര കേന്ദ്രങ്ങളിൽ നിന്ന് ജനസമൂഹങ്ങളിലേക്ക് ഇറങ്ങിവന്നു. ഓരോ വ്യക്തിയുടേയും അനുദിന ജീവിതത്തിലെ അനുഭവങ്ങളെ സ്വാധീനിക്കുന്ന നിയമസംവിധാനവും ഭരണക്രമവും ആയി നിയമഭേദഗതികൾ പ്രയോഗത്തിൽ വന്നു. സ്ത്രീകൾക്കും ദുർബലവിഭാഗങ്ങൾക്കും ഭരണത്തിലും നയരൂപീകരണത്തിലും പദ്ധതി ആസൂത്രണത്തിലും പങ്കാളിത്തം ഉറപ്പാക്കുന്നതിന് സാധിച്ചു. സ്ഥിരംസമിതികളിലും കർമ്മസമിതികളിലും ഗ്രാമസഭകളിലും മറ്റ് ജനകീയ സമിതികളിലും ലഭിച്ച നിർണായകമായ പങ്കാളിത്തം അതിന് സഹായകമായി. ഇത് വികസന പ്രവർത്തനങ്ങളെ ഗുണകരമായി സ്വാധീനിച്ചു. നാളിതുവരെ റോഡുകളും പാലങ്ങളും ഷോപ്പിംഗ് കോംപ്ലക്സുകളും ആണ് വികസനത്തിൽ മുൻഗണന നേടിയിരുന്നതെങ്കിൽ കുടിവെള്ളം, ശുചിത്വസംവിധാനം, ഭക്ഷണാവശ്യങ്ങൾ, തൊഴിൽ എന്നിവയിലേക്ക് വികസനമുൻഗണനകൾ മാറി. സ്കൂളുകളിൽ ശുചിമുറികൾ, കുടിവെള്ളസൗകര്യം, ഭക്ഷണആവശ്യങ്ങൾക്കായി കാർഷികവികസനം, ആരോഗ്യ സംവിധാനങ്ങളുടെ ഗുണപരത, കാര്യക്ഷമത എന്നിവയായി വികസന അജണ്ടകൾ. സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങളിലേക്ക് ഭരണാധികാരികളുടെ സജീവശ്രദ്ധ ആകർഷിക്കുന്നതിന് ഇത്കാരണമായി.

സ്ത്രീകളും പട്ടികജാതി–പട്ടികവർഗവിഭാഗങ്ങളും പ്രാദേശിക ഭരണകൂടങ്ങളിലെ പദവികളിൽ വന്നപ്പോൾ സാധാരണക്കാർക്ക് അവരുടെ വികസനപ്രശ്നങ്ങൾ ഉന്നയിക്കാൻ

അവസരമൊരുങ്ങി. ഗ്രാമസഭകൾ എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കുന്ന വേദികളായി. കൃഷിഭവൻ, സ്കൂളുകൾ, ആരോഗ്യസ്ഥാപനങ്ങൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അതോടെ അവയുടെ മാനേജ്മെന്റ് കമ്മിറ്റികൾ സജീവമായി. അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി. കുടിവെള്ളസൗകര്യം, ശുചിത്വസംവിധാനം, തൊഴിൽ/ വരുമാനവർദ്ധനവ്, സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരണം, ക്ലബ്ബുകളുടെയും വായനശാലകളുടെയും സജീവത എന്നിവ ഗ്രാമീണ മേഖലകളിൽ പുത്തനുണർവിന് കാരണമായി. ഗ്രാമസഭകൾ പദ്ധതി ആസൂത്രണത്തിനും ഗുണഭോക്തൃ തിരഞ്ഞെടുപ്പിനും പദ്ധതി വിശകലനത്തിനും വേദികളായി. വർക്കിംഗ് ഗ്രൂപ്പുകൾ (കർമ്മസമിതികൾ) വികസനസെമിനാർ, സ്റ്റേക്ക് ഹോൾഡർ ചർച്ചകൾ, കാർഷികവികസന സമിതികൾ കുടുംബശ്രീ സംവിധാനം, സ്കൂൾ-രക്ഷാകർതൃ സമിതികൾ, മാതൃ സംഗമങ്ങൾ, ആശുപത്രി വികസന സമിതികൾ ഇവയിലെല്ലാം സ്ത്രീകളുടെയും മറ്റു ദുർബലവിഭാഗങ്ങളുടെയും പങ്കാളിത്തം ഉയർന്നു.

## 6.5 കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം

1995 ഒക്ടോബർ രണ്ടിന് പ്രാദേശിക സർക്കാരുകൾ കേരളത്തിൽ നിലവിൽ വന്നു. ഭരണഘടനാ പിൻബലമുള്ള ആദ്യത്തെ പ്രാദേശികസർക്കാരുകൾ ഇവയാണ്. 1963 ൽ കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വനിതകൾ ഉൾപ്പെടാത്ത പഞ്ചായത്തുകളിൽ ഒരു വനിതയെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നു. 20 അംഗങ്ങളുള്ള മുൻസിപ്പാലിറ്റിയിൽ ഒരു സീറ്റും, ഇരുപതിലധികം ഉള്ളവയിൽ രണ്ട് സീറ്റുകളും വനിതകൾക്ക് സംവരണം ചെയ്തിരുന്നു. കോർപ്പറേഷനുകളിലും രണ്ട് സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിരുന്നു. 73, 74 ഭരണഘടനാ ഭേദഗതിയിലാവട്ടെ മൂന്നിലൊന്ന് സംവരണം അംഗത്വത്തിലും പദവികളിലും വനിതകൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുകയുണ്ടായി. 2010ൽ, 50 ശതമാനം വനിതാസംവരണം അംഗത്വത്തിലും പദവിയിലും ഉറപ്പാക്കുകയുണ്ടായി. മാത്രവുമല്ല ജനാധിപത്യസംവിധാനം ശക്തമാക്കും വിധത്തിൽ ഗ്രാമസഭകളും/ വാർഡ്സഭകളും ഭരണഘടന പിൻബലത്തോടെ രൂപപ്പെട്ടു എന്ന സവിശേഷതയുമുണ്ട്. പ്രദേശത്തെ വികസനപ്രശ്നങ്ങൾ, സാമൂഹ്യപ്രശ്നങ്ങൾ, വിശേഷിച്ച് സ്ത്രീകളുടെ പ്രായോഗികവും നിർണായകവുമായ ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം തേടുന്നതിനുള്ള പൊതുവേദികളായി ഗ്രാമസഭകളും വാർഡ്സഭകളും മാറി. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുന്നിൽ നിൽക്കുന്ന കേരളത്തിൽ പ്രാദേശിക ഭരണനിർവ്വഹണത്തിൽ സ്ത്രീകൾക്ക് മറ്റു സംസ്ഥാനങ്ങളിലേതിനേക്കാൾ കാര്യക്ഷമമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്.

അധികാര വികേന്ദ്രീകരണം എന്ന കേവല സിദ്ധാന്തമെന്നതിനുമപ്പുറം പ്രയോഗത്തിൽ അത് വരുത്താൻ കഴിഞ്ഞസംസ്ഥാനമാണ് കേരളം. സാക്ഷരതാപ്രസ്ഥാനത്തിനുശേഷം നമ്മുടെ സംസ്ഥാനത്ത് നടന്ന ഏറ്റവും ജനകീയമായ പ്രവർത്തനമാണ് ജനകീയാസൂത്രണം. നിയമപരമായ അധികാര വികേന്ദ്രീകരണത്തിന് അപ്പുറം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്ഷരാർത്ഥത്തിൽ പ്രാദേശികസർക്കാരുകൾ ആയി മാറി. പ്രളയകാലത്തും കോവിഡ് പ്രതിരോധത്തിലും നടന്ന പ്രവർത്തനങ്ങളിൽ അത് തെളിഞ്ഞിരിക്കുന്നു.

## 6.6 എല്ലാ സംവിധാനങ്ങളിലും പ്രാതിനിധ്യം

- വനിതാവികസന വർക്കിംഗ് ഗ്രൂപ്പ് രൂപികരിക്കപ്പെട്ടു (പതിനാലാം പദ്ധതി മുതൽ വർക്കിംഗ് ഗ്രൂപ്പിന്റെ പേര് ജെൻഡറും വികസനവും കുട്ടികളുടെ വികസനവും എന്നാക്കി മാറ്റിയിട്ടുണ്ട്)

- എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും30% സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കി
- ഗ്രാമസഭയിൽ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾ സജീവ പങ്കാളികളായി. എല്ലാ വിഷയ ഗ്രൂപ്പുകളിലും ഗ്രാമസഭകളിലും ചർച്ചകൾക്കു നേതൃത്വം കൊടുക്കാൻ വനിതാ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ഉണ്ടായി. സ്ത്രീകൾ അനുഭവിക്കുന്ന വികസന പ്രശ്നങ്ങൾ, വിവേചനം, ചൂഷണം, അതിക്രമങ്ങൾ എന്നിവ ഗ്രാമീണ ജനങ്ങൾക്കിടയിൽ ആദ്യമായി ചർച്ചചെയ്യപ്പെട്ടു. ഇത്തരം ചർച്ചയിൽ നിന്ന് ഉയർന്നു വന്ന പരിഹാരനിർദേശങ്ങൾ ആണ് പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിൽ ഇടംപിടിച്ചത്.
- ജില്ലാതലത്തിലും പ്രാദേശികതലത്തിലും നടന്ന പരിശീലനങ്ങളിൽ ധാരാളം സ്ത്രീകൾ സജീവമായി പങ്കെടുത്തു.

ഓരോ വിഷയഗ്രൂപ്പുകളിൽ നിന്നും രണ്ടുപേർ (അതിൽ ഒരാൾ സ്ത്രീ) വികസന സെമിനാറിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

## 6.7 വനിതാ ഘടകപദ്ധതി

ഓരോ പ്രദേശത്തെയും സ്ത്രീകൾ നേരിടുന്ന സവിശേഷപ്രശ്നങ്ങൾ കണ്ടെത്താൻ വേണ്ട ശ്രമങ്ങൾ തദ്ദേശ സ്വയംഭരണ സർക്കാരുകൾ ഏറ്റെടുത്തിരുന്നു. സ്ത്രീകളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് കുടുംബത്തിനുള്ളിലും പുറത്തും ഉണ്ടാകുന്ന സവിശേഷ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ഗ്രാമസഭകളിലെ വനിതാ വിഷയ ഗ്രൂപ്പുകൾ വേദിയായി.

ഈ ചർച്ചകൾ വികസനരേഖയിലെ വനിതാ വികസന അധ്യായത്തിലും പ്രതിഫലിച്ചു. ഇവ സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെട്ടതോടെ പദ്ധതിരൂപീകരണ മാർഗരേഖയിൽ 1997–98 വാർഷികപദ്ധതിയിൽ 10 ശതമാനം തുക സ്ത്രീകൾക്ക് നേരിട്ടു ഗുണകരമാകുന്ന പദ്ധതികൾക്ക് നീക്കിവെക്കണമെന്നും പൊതു പദ്ധതികളിൽ സ്ത്രീകൾക്ക് മുൻഗണന നൽകണമെന്നും നിർദേശമുണ്ടായി.

അങ്ങിനെ **ജനകീയാസൂത്രണത്തിലെ സ്ത്രീ പരിഗണനയുടെ കേന്ദ്രബിന്ദുവായ 'വനിതാ ഘടക പദ്ധതി'** രൂപം കൊണ്ടു. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളും സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങൾക്ക് പരിഹാരമായി 10 ശതമാനം തുക പദ്ധതി വിഹിതത്തിൽ നിന്ന് നീക്കിവയ്ക്കുന്നത്. പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ 10 ശതമാനം ഉണ്ടായില്ല. എന്നാൽ 1998 99 പദ്ധതി മുതൽ 10 ശതമാനം തുകയെങ്കിലും നിർബന്ധമായി വനിതാഘടക പദ്ധതിയ്ക്കായി നീക്കിവെക്കണമെന്ന് മാർഗരേഖയിൽ നിർദ്ദേശിച്ചു. ഇതു കൂടാതെ പൊതു പദ്ധതികളിൽ സ്ത്രീകൾക്ക് മുൻഗണ നൽകേണ്ടതുണ്ട്.

- ഇന്ത്യൻ ഭരണഘടന ഒരു വ്യക്തിക്ക് ഉറപ്പാക്കുന്ന എല്ലാ അവകാശങ്ങളും സ്ത്രീകൾക്കും ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങൾക്കും ലഭ്യമാക്കേണ്ട ഉത്തരവാദിത്തം പ്രാദേശിക സർക്കാരുകൾക്കുണ്ട്.
- പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളുടെയും ബഹുമുഖ ശേഷി വികസനത്തിന് സാഹചര്യം ഒരുക്കണം.
- പ്രസ്തുത ശേഷികളെ നവ സാമൂഹിക സൃഷ്ടിക്കായി വിനിയോഗിക്കുന്ന നയം ഉണ്ടാകണം.
- അടുത്ത അഞ്ചു വർഷത്തിനുള്ളിൽ തദ്ദേശസ്ഥാപന പരിധിക്കുള്ളിലെ സ്ത്രീകളുടെ

ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലിടങ്ങളിലെ സൗഹൃദ അന്തരീക്ഷം, സാങ്കേതിക വൈദഗ്ധ്യത്തിനുള്ള വളർച്ച, രാഷ്ട്രീയ സാംസ്കാരിക സാമൂഹിക പദവി എന്നിവയിൽ എത്രമാത്രം വളർച്ച ലക്ഷ്യം വെക്കുന്നു എന്ന് തിട്ടപ്പെടുത്തണം.

- ദുർബ്ബലവിഭാഗങ്ങൾ, അവിവാഹിതരായ അമ്മമാർ, വിധവകൾ, ഒറ്റയ്ക്കായവർ, പട്ടികജാതിവർഗ വിഭാഗങ്ങളിലെ സ്ത്രീകൾ എന്നിവരുടെ ജീവിതഗുണനിലവാരം, അംഗീകാരം, ശേഷിവികസനം എന്നിവ എത്രമാത്രം മെച്ചപ്പെടണമെന്ന് ലക്ഷ്യമാക്കണം

ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ ഒരു വനിതാ നയത്തിന് തദ്ദേശസ്ഥാപനങ്ങൾ രൂപം നൽകേണ്ടതുണ്ട്. രാഷ്ട്രീയ–പൊതു–സാമൂഹിക മണ്ഡലത്തിൽ അവസരങ്ങൾ ഉറപ്പാക്കാൻ ഇവയെല്ലാം ലക്ഷ്യമിട്ടു കൊണ്ടുള്ള വനിതാനയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രഖ്യാപിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാവണം വനിതാ ഘടക പദ്ധതി രൂപീകരിക്കേണ്ടത്.

## 6.8 ജെൻഡർ റിസോഴ്സ് സെന്റർ

നിലവിലുള്ള സാമൂഹ്യസ്ഥിതിയിൽ സ്ത്രീകളും ലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന സവിശേഷ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും അവരുടെ സാമൂഹ്യ –സാമ്പത്തിക പദവി ഉയർത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലുമായി നടക്കുന്ന പ്രവർത്തനങ്ങളെ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. മാത്രമല്ല, സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന മേൽ സവിശേഷ പ്രശ്നങ്ങളിൽ പ്രാദേശികമായി ഇടപെടേണ്ടതുമുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഏകോപനവും സംയോജനവും ഏറെ പ്രധാനമാണ്. ഇതുവരെ നടന്ന പ്രവർത്തനങ്ങളിൽ നിന്ന് കുറേക്കൂടി മുന്നോട്ട് പോകുന്നതിനും ലിംഗ സമത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യക്രമം കൊണ്ടുവരുന്നതിന് വേണ്ടി ബോധപൂർവ്വമായ ഇടപെടൽ നടത്തുന്നതിനുമുള്ള ഒരു സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകളുടെ വികസനം ലക്ഷ്യമിട്ടു കൊണ്ട് നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്ന ഒന്നാണ് ജെൻഡർ റിസോഴ്സ് സെന്റർ. വനിതാപദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർച്ചയായ സഹായം നൽകൽ ഈ സംവിധാനം കൊണ്ട് ലക്ഷ്യമിടുന്നു.

## ജില്ലാതല ജെൻഡർ റിസോഴ്സ് സെന്റർ

**ചുമതലകളും പ്രവർത്തനങ്ങളും**

- ജില്ലാപഞ്ചായത്ത് /നഗരസഭ സ്ഥാപനതലത്തിലുള്ള സ്ക്കൂളുകൾ ഉൾപ്പടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾക്കുള്ള വൈദഗ്ധ്യം, പിന്തുണ, ഏകോപനം എന്നിവ ഉറപ്പാക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലിംഗനീതിയുമായി ബന്ധപ്പെട്ട പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുക
- ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകുക

- ലിംഗനീതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രൊജക്ടുകൾക്ക് സാങ്കേതിക സഹായം നൽകൽ, വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ, പരിശീലനം, നൂതന ആശയങ്ങൾ വികസിപ്പിക്കൽ, പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. .

## ബ്ലോക്ക്തല ജെൻഡർ റിസോഴ്സ് സെന്റർ

**ചുമതലകളും പ്രവർത്തനങ്ങളും**

- ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ നടത്തുന്ന ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, ഏകോപനം, പരിശീലനം, സാങ്കേതിക സഹായം, പ്രചരണ പ്രവർത്തനങ്ങൾ മുതലായവ ബ്ലോക്ക്തല ജി.ആർ.സി ഏറ്റെടുക്കേണ്ടതാണ്.
- ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ നൽകൽ, ഗ്രാമപഞ്ചായത്ത്തല ജി.ആർ.സികൾ സജീവമാക്കുന്നതിനുള്ള ഇടപെടലുകൾ എന്നിവയും ബ്ലോക്ക്തല ജി.ആർ.സി ഏറ്റെടുക്കേണ്ടതാണ്.

## ഗ്രാമപഞ്ചായത്ത്/നഗരസഭാതല ജെൻഡർ റിസോഴ്സ് സെന്റർ

**ചുമതലകളും പ്രവർത്തനങ്ങളും**

- വനിതാ ഘടക പദ്ധതി (WCP) യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും ഫലപ്രദമായ നിർവഹണം നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക
- പ്രദേശത്തെ സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക.
- തദ്ദേശ സ്ഥാപന പരിധിയ്ക്കകത്ത് ജീവിയ്ക്കുന്ന ട്രാൻസ്ജെൻഡർ/ഇന്റർസെക്സ് വ്യക്തികളുടെ അവസ്ഥയും പദവിയും മനസ്സിലാക്കാനും അവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും ഏറ്റെടുക്കാനും പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഘടക സ്ഥാപനങ്ങളും ജെൻഡർ സൗഹൃദ മാക്കുന്നതിന് ഇടപെടലുകൾ നടത്തുക.
- ലിംഗപദവി/ സ്ത്രീപദവി പഠനം നടത്തുക.
- ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം, ബോധവൽക്കരണം, കൗൺസിലിംഗ് തുടങ്ങിയ പിന്തുണ നൽകുക.
- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾക്കും ഉള്ള വൈദഗ്ധ്യം, പിന്തുണ, ഏകോപനം, പരിശീലനം മുതലായവ നൽകുക
- എല്ലാ വർഷവും ലിംഗതുല്യത പെർഫോമൻസ് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുക.

അദ്ധ്യായം 7

# ജെൻഡർ സൗഹൃദ തദ്ദേശ ഭരണം

അധികാര വികേന്ദ്രീകരണവും പഞ്ചായത്ത് രാജ് സംവിധാനവും ലിംഗപദവി തുല്യതയിൽ അധിഷ്ഠിതമായ ഭരണനിർവഹണത്തിന് വഴിയൊരുക്കുകയുണ്ടായി. പ്രാദേശിക ഭരണ സംവിധാനത്തിൽ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ അർഹമായ പങ്കാളിത്തം ഉറപ്പുവരുത്താനും വിഭവങ്ങൾ വകയിരുത്തുന്നതിലും വിനിയോഗത്തിലും സ്ത്രീകളെയും മറ്റ് അവശത അനുഭവിക്കുന്നവരെയും പരിഗണിക്കുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ കാലാകാലങ്ങളായി സ്ത്രീകൾ ഉൾപ്പെടെയുള്ളവർ അനുഭവിക്കുന്ന വിവേചനത്തിന്റേയും ചൂഷണത്തിന്റേയും അസമത്വത്തിന്റേയും കാരണങ്ങൾ വിശകലനം ചെയ്യുവാനും ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന കാരണങ്ങളുടെ വേരുകൾ ഇല്ലാതാക്കാനും തുല്യതയിലും നീതിയിലും അധിഷ്ഠിതമായി വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ആവിഷ്ക്കരിക്കപ്പെടാനും കഴിയണം. അതിനായി ലിംഗപദവി സൗഹാർദ്ദപരമായ ഒരു ഭരണക്രമം പ്രാദേശികതലത്തിൽ രൂപപ്പെടേണ്ടതുണ്ട്. പ്രാദേശിക ഭരണസംവിധാനത്തിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ ലക്ഷ്യം നേടണമെങ്കിൽ ലിംഗപദവി അടിസ്ഥാനമാക്കി ആസൂത്രണ രീതികൾ അവലംബിക്കേണ്ടതുണ്ട്.

വികസനത്തിലെ ലിംഗ അസമത്വം ഇല്ലാതാക്കാൻ ഒട്ടനവധി ശ്രമങ്ങൾ ലോകത്താകെ നടന്നിട്ടുണ്ട്. നിർഭാഗ്യവശാൽ ലിംഗാസമത്വം ഇന്നും നിലനിൽക്കുന്നു. വികസന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും സംഘടനകളും ഏജൻസികളും ഇതിനെ ഗൗരവത്തോടെ എടുത്തിട്ടില്ലെന്ന് വേണം കരുതാൻ. മേൽപ്പറഞ്ഞ സംവിധാനങ്ങൾ പ്രവത്തനക്ഷമമാകുന്നതിലൂടെ മാത്രമേ ഇത് ഒരു പരിധി വരെയെങ്കിലും സാധ്യമാകു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമൂഹ്യ മാറ്റത്തിനായി വലിയ രീതിയിൽ പ്രവർത്തിക്കാൻ കഴിയും. പൊതുജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്ന സംവിധാനം എന്ന നിലയിൽ ജനങ്ങൾക്ക് ഏറ്റവും വിശ്വാസ്യതയുള്ള ഒന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ഭരണഘടനാ ഭേദഗതിയിലൂടെ ലഭിച്ച അധികാരമുപയോഗിച്ച് തദ്ദേശ സ്ഥാപനങ്ങളാണ് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ച് വരുന്നത്. കേരളത്തിൽ സംസ്ഥാന ബഡ്ജറ്റിന്റെ 40 ശതമാനത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതാണ്. ആ അർത്ഥത്തിൽ ഏറെക്കുറെ

സ്വതന്ത്രമായി പ്രവർത്തിക്കാൻ അവർക്ക് കഴിയും. നമ്മുടെ ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും കോപ്പറേഷനുകൾക്കും ജെൻഡർ സൗഹൃദ തദ്ദേശഭരണം എന്ന ആശയം സാക്ഷാത്കരിക്കാൻ കഴിയും.

1. വേറിട്ട അല്ലെങ്കിൽ ഒറ്റപ്പെട്ട തദ്ദേശഭരണം അല്ല
2. സാമൂഹ്യനീതിയലധിഷ്ഠിതമായ തദ്ദേശഭരണ കാഴ്ചപ്പാടും അനുസരിച്ച പ്രവർത്തനങ്ങളും
3. എല്ലാവിഭാഗങ്ങൾക്കും തുല്യഅവകാശങ്ങൾ, അവസരങ്ങൾ, എല്ലാവ്യക്തികളുടേയും ആവശ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിയൽ
4. സവിശേഷ പ്രശ്നങ്ങൾ അനുഭവിക്കുന്നവർ എന്ന നിലയിൽ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ പ്രത്യേക പരിഗണന
5. ലിംഗ-ലൈംഗിക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന
6. നേട്ടങ്ങളിൽ മാത്രം ഊന്നിയല്ല, മറിച്ച് ഭരണനിർവഹണ പ്രക്രിയയിലെ പങ്കാളിത്തം നൽകിക്കൊണ്ടുള്ള വികസനനയം പിന്തുടരൽ

## 7.1 ലക്ഷ്യങ്ങൾ

ജെൻഡർ സൗഹൃദ പഞ്ചായത്ത് /നഗരസഭകൾ ആയി മാറുവാൻ താഴെപ്പറയുന്ന പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

1. മുഴുവൻ ലിംഗ വിഭാഗങ്ങൾക്കും പങ്കാളിത്തമുള്ള രീതിയിൽ സാമ്പത്തിക വികസനവും ഉപജീവനമാർഗങ്ങളും ലഭ്യമാവുക. താരതമ്യേന പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ പ്രത്യേകമായി പരിഗണിക്കപ്പെടുക.
2. മറ്റ് ലിംഗ-ലൈംഗിക വിഭാഗങ്ങളുടെയും സവിശേഷ സാഹചര്യങ്ങളും പ്രശ്നങ്ങളും ഒന്നൊന്നായി വിലയിരുത്തിക്കൊണ്ട് സാമൂഹ്യ വികസനം നടപ്പിലാക്കുക.
3. വിഭവങ്ങളും സേവനങ്ങളും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമാക്കുക
4. എല്ലാ വിഭാഗം വ്യക്തികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി സംവിധാനങ്ങൾ പ്രവർത്തനക്ഷമമാകുക
5. സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വേദികളിൽ എല്ലാം സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യവും ഫലപ്രദവുമായ പ്രാതിനിധ്യവും പങ്കാളിത്തവും ഉണ്ടാവുക
6. എല്ലാ ജനപ്രതിനിധികൾക്കും ഭരണനിർവ്വഹണത്തിൽ ഒരുപോലെ കഴിവുകൾ പ്രകടിപ്പിക്കാനാവുക
7. ലിംഗ സമത്വത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും സ്കീമുകളും ആവശ്യക്കാർക്ക് എല്ലാം എല്ലായ്പ്പോഴും സഹായകരമാവുക.




## 7.2 എങ്ങിനെ ജെൻഡർ സൗഹൃദമാക്കാം?

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ലിംഗ സൗഹൃദമാക്കാൻ കൃത്യമായ പ്രവർത്തന പദ്ധതി രൂപപ്പെടേണ്ടതായുണ്ട്. നിലവിലുള്ള സംവിധാനങ്ങളിലും പ്രക്രിയകളിലും ചില മാറ്റങ്ങൾ ആവശ്യമായിവരും. നമ്മുടെ സ്ഥാപനത്തിനകത്തും പുറത്തുമുള്ള വ്യക്തികളിലും സംവിധാനങ്ങളിലും ഈ മാറ്റം അനിവാര്യമാണ്.


### വ്യക്തികളിൽ കൊണ്ടുവരേണ്ടതായ മാറ്റങ്ങൾ

| പൊതുവായി | സ്ഥാപനത്തിനകത്ത് |
|---|---|
| ലിംഗാവബോധം സൃഷ്ടിക്കൽ | ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ലിംഗാവബോധ മുള്ളവരാവൽ |
| സജീവപങ്കാളിത്തം | സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ നേതൃശേഷി/ ചുമതലാബോധം |
| ശാക്തീകരണം | ജെൻഡർ ലെൻസിലൂടെ കാര്യങ്ങൾ കാണാനുള്ള ശേഷി |
| ശേഷിവർദ്ധന | പ്രശ്നപരിഹാരശേഷി |

### സ്ഥാപനങ്ങളിൽ കൊണ്ടുവരേണ്ടതായ മാറ്റങ്ങൾ

| പൊതുവായി | സ്ഥാപനത്തിനകത്ത് |
|---|---|
| നിയമങ്ങളിലും മാനദണ്ഡങ്ങളിലും കാലാനുസൃതമായ മാറ്റം | ലിംഗസമത്വത്തെ ലക്ഷ്യമാക്കിയ പ്രോജക്ട്കളടങ്ങുന്ന ബജറ്റ് |
| വിഭവങ്ങളിലും പ്രക്രിയകളിലും സ്ത്രീകൾക്ക് കൂടി പ്രാപ്യത, നിയന്ത്രണം | ആസൂത്രണ പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തം |
| സ്ത്രീ നേതൃത്വശേഷി അംഗീകരിക്കൽ | സ്ത്രീകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൊണ്ടുള്ള പദ്ധതികൾ |
| ജെൻഡർ പ്രശ്നങ്ങളെ സാമൂഹ്യ പ്രശ്നങ്ങളായി മനസ്സിലാക്കൽ | കൂടുതൽ സ്ത്രീകളെ നേതൃത്വപദവിയിലേക്ക് കൊണ്ടുവരൽ |
| ഗാർഹിക ജോലിഭാരം പങ്ക് വെയ്ക്കൽ/സ്ത്രീകളുടെ തൊഴിലിനുള്ള അംഗീകാരം | അതിക്രമങ്ങളിൽ നിന്നുമുള്ള സുരക്ഷ (സംവിധാനങ്ങൾ സുശക്തമാക്കൽ) |
| | ജെൻഡർ പ്രശ്നങ്ങൾക്ക് അജണ്ടയിൽ വരുത്തേണ്ട പ്രാധാന്യം |
| | ജെൻഡർ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള ഒരു നയം |
| | ഓഫീസ് സംവിധാനങ്ങളിൽ സ്ത്രീ സൗഹൃദപരമായ പെരുമാറ്റം /അംഗീകാരം/ പരിഗണന |

## 7.3 സംവിധാനങ്ങളും പ്രർത്തനങ്ങളും



| | |
|---|---|
| സ്ത്രീകൾക്കും ലിംഗ ന്യൂനപക്ഷങ്ങൾക്കുമുള്ള സുരക്ഷയും ആവശ്യങ്ങള നടപ്പിലാക്കാൻ | ജെൻഡർ റിസോഴ്സ് സെന്റർ<br>ജാഗ്രതാ സമിതി<br>ജെൻഡർ ഡെസ്ക് |
| സ്കീമുകളും പദ്ധതികളും പ്രവർത്തനക്ഷമമാക്കാൻ | സോഷ്യൽ ഓഡിറ്റ്<br>ഫലപ്രദമായ മോണിറ്ററിംഗ് |
| തൊഴിലും സ്വാശ്രയത്വവും ഉറപ്പാക്കൽ | അയൽക്കൂട്ടങ്ങൾ<br>സ്വയം തൊഴിൽ സംഘങ്ങൾ രൂപീകരിക്കൽ |
| വികസനത്തിന്റെ ഫലപ്രാപ്തി എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമാക്കുന്നതിനായി | ജെൻഡർ പ്ലാനിംഗ്<br>ജെൻഡർ ബജറ്റിംഗ്<br>ജെൻഡർ ഓഡിറ്റിംഗ് |
| പൊതുവായ പ്രശ്നങ്ങളിലും സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളിലും ഊന്നിയുള്ള വികസനത്തിനായി | പൊതു പദ്ധതികളിലെ ജെൻഡർ പരിഗണന<br>വനിതാ ഘടക പദ്ധതി |
| ജെൻഡർ സമത്വത്തിനായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ | ജെൻഡർ റിസോഴ്സ് സെന്റർ |

- ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ജെൻഡർ സൗഹാർദപരമായി തീരണമെങ്കിൽ ജനപ്രതിനിധികൾ, അവർ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ തുടങ്ങി എല്ലാവരേയും ആശയപരമായി ശക്തിപ്പെടുത്തേണ്ടതുണ്ട്. കർശനമായ, തുടർച്ചയായ പരിശീലനം അനിവാര്യമാണ്.
- പ്രദേശത്തെ ജനങ്ങൾക്കിടയിൽ വ്യാപകമായ ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതുണ്ട്.

അതിനായി അനൗൺസ്മെന്റ്, പോസ്റ്ററുകൾ, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണം തുടങ്ങിയവ നടത്താം. വായന ശാല, അയൽക്കൂട്ട സഭകൾ, റെസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, പൊതുയോഗങ്ങൾ ഇവയിലെല്ലാം ജെൻഡർ ഒരു വിഷയമായി ചർച്ചകൾ സംഘടിപ്പിക്കാം.

- പ്രദേശത്തെ പ്രശ്നങ്ങളിൽ ഗ്രാമസഭ, ജാഗ്രതാസമിതി, കുടുംബശ്രീ അയൽക്കൂട്ടം, ജെൻഡർ റിസോഴ്സ് സെന്റർ തുടങ്ങിയ വേദികൾ/സംവിധാനങ്ങൾ ഉപയോഗിച്ച് ഇടപെടലുകൾ നടത്താം. പരിഹാരം കണ്ടെത്തി സഹായിക്കാം.
- അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട വേദികളിലും പ്രക്രിയകളിലും എല്ലാം പൊതുജനങ്ങളുടെ (എല്ലാ വിഭാഗവും) പങ്കാളിത്തം ഉറപ്പാക്കിയാൽ ആവശ്യാധിഷ്ഠിത പദ്ധതികൾക്ക് രൂപം നൽകാം
- സ്ത്രീസൗഹൃദ സംവിധാനങ്ങൾ/സ്കീമുകൾ നടപ്പിലാക്കാം.
- മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കാം.

ജനപ്രതിനിധികൾ തങ്ങളുടെ കൃത്യമായ നയം പ്രഖ്യാപിക്കുകയും അതിനെ തുടർന്ന് പൊതുജനങ്ങളുടെ ഇടയിൽ പ്രചരണം സംഘടിപ്പിക്കുകയും ചെയ്യുന്നതോടെ ലിംഗ സമത്വം സംബന്ധിച്ച ധാരണകൾ വ്യക്തമാകുകയും ചെയുന്നു. ധാരണയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തന ഗ്രൂപ്പുകളിൽ പദ്ധതികൾ രൂപീകരിക്കപ്പെടുകയും കൂട്ടത്തിൽ മേഖലയിലെ സംവിധാനങ്ങളെല്ലാം പ്രവർത്തനക്ഷമമാകുകയും ചെയ്യും. ഈ പ്രക്രിയ ഒരു വർഷത്തേക്ക് മാത്രമുള്ള പദ്ധതിയല്ല. സമൂഹത്തിന്റെ മനോഭാവ മാറ്റം അത്ര ദ്രുതഗതിയിൽ സാധിച്ചെടുക്കാവുന്നതല്ലാത്തതിനാൽ തുടർച്ചയായി പദ്ധതികളും ഇടപെടലുകളും നടത്തിയാൽ മാത്രമേ ഒരു ജെൻഡർ സൗഹൃദ സമൂഹം സൃഷ്ടിച്ചെടുക്കാനാവൂ.

## 7.4 ജെൻഡർ സൗഹൃദമാക്കാൻ നടത്തേണ്ട ഇടപെടലുകൾ

ഓരോ മേഖലയെയും ജെൻഡർ സൗഹൃദമാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മുൻകൈ എടുക്കാൻ കഴിയും. ചില മേഖലകളിലെ ഇടപെടലുകൾ മാത്രം താഴെ സൂചിപ്പിച്ചിക്കുന്നു. മറ്റ് വർക്കിംഗ് ഗ്രൂപ്പ്കളുമായി ബന്ധപ്പെട്ട മേഖലകളിലും ഇത്തരത്തിൽ വ്യത്യസ്തങ്ങളായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പും അവയെ കുറിച്ച് കൂട്ടായ ആലോചനകൾ നടത്തേണ്ടതുണ്ട്. വനിതാ വികസന വർക്കിംഗ് ഗ്രൂപ്പ് അവയ്ക്കു ദിശാബോധം നൽകേണ്ടതുമുണ്ട്.

### ഓഫീസുകൾ

- സ്ത്രീകളോടും കുട്ടികളോടും മാന്യമായ പെരുമാറ്റം നിർബന്ധമാക്കാം.
- അതാത് ഓഫീസുകളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളിലും അവയ്ക്കായി ഹാജരാക്കേണ്ട രേഖകളിലും ഫോറങ്ങളിലും ഭാഷാപരമായിട്ടും വിവരാധിഷ്ഠിതമായിട്ടും ഉള്ള തുല്യത കൊണ്ട് വരേണ്ടതാണ് (പിതാവിന്റെ പേര് ചോദിക്കുന്നിടത്ത് പിതാവിന്റെ/മാതാവിന്റെ പേര് ചോദിക്കുക, സെക്സ് /ജെൻഡറോ ചോദിക്കുന്നിടത്ത് സ്ത്രീ/പു/ഇന്റർസെക്സ്/ട്രാൻസ്ജെൻഡർ എന്നിവ കൊടുക്കാം). . (ഭിന്നലിംഗമെന്നുള്ള പദം ഉപയോഗിക്കരുതെന്ന് സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. )
- വിവരങ്ങൾക്കായി വിശദമായ നോട്ടീസ് ബോർഡ് സ്ഥാപിക്കാം (സ്ത്രീകൾക്കായുള്ള സേവനങ്ങളുടെ വിവരങ്ങളും സുരക്ഷയ്ക്കായുള്ള ഹെൽപ്പ് ലൈൻ

നമ്പറുകളും നൽകുക)
- ഓഫീസിനകത്ത് സ്ത്രീ പുരുഷ സൗഹൃദ അന്തരീക്ഷം നിലനിർത്താം
- Internal Committee (Sexual Harassment of Women at Workplace-Prevention, Prohibition & Redressal Act, 2013) കൃത്യമായി കൂടുകയും പ്രശ്നങ്ങൾ അവലോകനം ചെയ്യുകയുമാവാം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തിക്കാം.
- ഇരിപ്പിടം, കുടിവെള്ള സൗകര്യം സജ്ജമാക്കാം
- വിശ്രമമുറി നിർമ്മിക്കാം
- വൃത്തിയുള്ള ടോയ്‌ലറ്റ് ഒരുക്കാം
- കുട്ടികൾക്കായി ക്രെഷ് പ്രവർത്തിപ്പിക്കാം

## കമ്മിറ്റികൾ

- വനിതാ മെമ്പർമാരുടെ ഹാജർ പൂർണമാക്കാം
- അവരെ അഭിപ്രായ പ്രകടനത്തിനായി പ്രോത്സാഹിപ്പിക്കാം
- മീറ്റിംഗ് നടപടികൾ സംബന്ധിച്ച് കൃത്യമായ ധാരണയുണ്ടാക്കി കൊടുക്കാം
- തീരുമാനമെടുക്കുന്ന സമയങ്ങളിൽ വനിതാ ജനപ്രതിനിധികൾക്കും തുല്യമായി പരിഗണന നൽകാം
- വനിതാ ജനപ്രതിനിധികളുടെ പ്രവർത്തനത്തിന് കൂടുതലായി പിന്തുണ നൽകാം.

## ആരോഗ്യം

- പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ട സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ പരിശോധനകളും ചികിത്സയും കൗൺസിലിംഗും ഏതുസമയത്തും ലഭ്യമാക്കാം. (പ്രീ മെൻസ്ട്രൽ സിൻഡ്രോം, മെനോപോസ് സിൻഡ്രോം. പോസ്റ്റ് പാർട്ടം ഡിപ്രഷൻ)
- എത്തിപ്പെടാൻ എളുപ്പമുള്ള സ്ഥലങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രവും സബ് സെന്ററുകളും സ്ഥാപിക്കാം
- ജനന-മരണങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്യിക്കാം, ശൈശവവിവാഹം നടക്കാതിരിക്കാൻ ജാഗ്രത പുലർത്താം
- കുടുംബാസൂത്രണം സംബന്ധിച്ച് ബോധവത്കരണം നടത്താം.
- കൗമാരക്കാരായ പെൺകുട്ടികൾക്ക് സാധാരണയായി കാണുന്ന അനീമിയ പോലുള്ള പ്രശ്നങ്ങൾ ഇല്ലാതാക്കാൻ ചികിത്സ നൽകാം.

## വിദ്യാഭ്യാസം

- ലിംഗ വ്യത്യാസമില്ലാതെ ക്ലാസ് റൂമുകളിൽ കുട്ടികളെ സെക്കൻഡറി തലം വരെയെങ്കിലും ഇരുത്താം.
- ജെൻഡർ അവബോധം അധ്യാപകരിൽ ആദ്യം സൃഷ്ടിക്കാം അത്തരം അധ്യാപകർക്ക് ശരിയായ ധാരണ കുട്ടികളിലും ഉണ്ടാക്കാനാകും
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകൾ വേണം. പെൺകുട്ടികളുടെ ടോയ്‌ലറ്റുകളോട് ചേർന്ന് ഒരു സ്വകാര്യ മുറി വേണ്ടതാണ്. അതോടൊപ്പം സാനിറ്ററി പാഡിന്റെ വെൻഡിംഗ് /ഡിസ്പോസിംഗ് സംവിധാനവും വേണം.
- ലിംഗസമത്വത്തിലൂന്നിയ കരിക്കുലം സംസ്ഥാനത്താകെ ഉണ്ടാകേണ്ടതാണ്.

പഠനരീതിയും അത്തരത്തിലാക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

- തുല്യാവകാശം എല്ലാ ലിംഗവിഭാഗങ്ങൾക്കും ഉണ്ടാകേണ്ടതാണെന്ന വിഷയം മുൻനിർത്തി സിനിമാ പ്രദർശനങ്ങൾ നടത്താം. വായനാഗ്രൂപ്പുകളിലും ക്ലബ്ബുകളിലും എല്ലാം ചർച്ചകൾ സംഘടിപ്പിക്കാം.
- ഭാഷ, വേഷം തുടങ്ങിയവയിലെ ലിംഗഭേദങ്ങളെ ഒഴിവാക്കാനുള്ള നടപടികൾ എടുക്കാം

## കാർഷിക മേഖല

- കൃഷിപ്പണികളിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ ആകുന്ന പദ്ധതികൾ രൂപീകരിക്കാം
- 'കൃഷിക്കാരൻ' എന്നാണ് പൊതുവെ കാണാറുള്ളത്. 'കൃഷിക്കാരി'യും ഉണ്ടാകേണ്ടതുണ്ട്.
- കാർഷിക ഉപകരണങ്ങൾ സ്ത്രീകൾക്കുടി വഴങ്ങുന്ന രീതിയിൽ ആക്കുകയും ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുകയും ചെയ്യാം.
- വിവിധ വിളകളുടെ വിവരങ്ങൾ സംബന്ധിച്ച് പരിശീലനം നൽകാം
- MKSP, JLG ഇവ പ്രോത്സാഹിപ്പിക്കാം
- കൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതും എടുക്കുന്നതുമായ സമിതികളിലും സംഘടനകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാം

## വ്യവസായ രംഗം

- സ്ത്രീകളുടെ സാമ്പത്തിക പദവി ഉയരുന്നതിന് അവൾ തൊഴിൽ ചെയ്യേണ്ടതുണ്ട്. നിലവിൽ സെക്കണ്ടറി ആയാണ് ഒരു കുടുംബത്തിലെ സ്ത്രീയുടെ വരുമാനത്തെ കാണുന്നത്. വീട്ടമ്മമാരെ ലക്ഷ്യം വച്ച് കൊണ്ടുള്ളതാണ് നിലവിൽ നമ്മുടെ മൈക്രോ സംരംഭങ്ങൾ. കിട്ടുന്ന വരുമാനം അർഹമായ വേതനം ആണോ എന്ന് ചിന്തിക്കാറില്ല. എന്നാൽ വ്യവസായ സംരംഭങ്ങളിൽ തുല്യ പങ്കാളിത്തവും തുല്യ വേതനവും സ്ത്രീകൾക്ക് ലഭ്യമാകണം.
- പണിയെടുക്കാൻ ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ആർജ്ജിക്കാൻ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം നൽകണം
- ശേഷി വികസനത്തിനും പരിശീലിപ്പിക്കണം. അവരുടെ വിശ്വാസം വർദ്ധിപ്പിക്കണം
- കുഞ്ഞുങ്ങളുടേയും പ്രായം ചെന്നവരുടെയും സംരക്ഷണത്തിനായി പകൽ വീടുകൾ നിർമ്മിക്കാണം
- വിപണി സംബന്ധിച്ചും മാർക്കറ്റിംഗ് രീതികൾ സംബന്ധിച്ചും പരിശീലനം നൽകുകയും ചുമതല ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.
- ഫീഡിങ് റൂം, ടോയ്‌ലറ്റുകൾ, വിശ്രമമുറി എന്നിവ സജ്ജമാക്കണം
- സുരക്ഷാസംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കണം
- ആരോഗ്യസുരക്ഷയും ഉറപ്പാക്കേണ്ടതുണ്ട്.
- സംരംഭകരുടെ കൂടിച്ചേരലുകൾ സംഘടിപ്പിക്കുകയും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരം കണ്ടെത്തുകയും ചെയ്യാം.

## മറ്റ് തൊഴിൽമേഖലകൾ

- കുടുംബശ്രീയുടെ കീഴിലുള്ള സംരംഭങ്ങളുടെ നടത്തിപ്പ്, ഉൽപ്പന്നങ്ങളുടെ വിതരണം എന്നിവ കാര്യക്ഷമമാക്കണം

- ന്യായമായ ലാഭം ഉറപ്പാക്കണം
- സംഘടിത/അസംഘടിത മേഖലകളിൽ വിവിധ നിലവാരത്തിലുള്ള വേതനം ലഭിക്കുന്ന സ്ത്രീ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കാൻ ആകണം. ഒരു രജിസ്റ്റർ അതിനായി ഓരോ വാർഡ് തലത്തിലും സൂക്ഷിക്കാം.
- ഓരോ പ്രദേശത്തിനിണങ്ങുന്ന തരത്തിലുള്ള കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം സ്ത്രീകളുടെ നേതൃത്വത്തിൽ ആരംഭിക്കാം.
- ഇതിനാവശ്യമായ ശേഷി വികസിപ്പിക്കാനുള്ള പരിശീലനം നൽകാം

**പൊതുഇടങ്ങൾ**

- ലൈബ്രറി, ബസ് സ്റ്റാന്റ്, മാർക്കറ്റ്, പാർക്ക് തുടങ്ങി പൊതു ഇടങ്ങൾ ജെൻഡർ സൗഹൃദമാക്കുന്നതിന് നടപടി എടുക്കാം.
- സ്ത്രീസുരക്ഷയ്ക്കായുള്ള ഹെൽപ്പ് ലൈൻ നമ്പറുകൾ പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കുക

ഒരു നാടിന്റെ വികസനം പൂർണ്ണമാകുന്നതിന് അവിടുത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾ നിർവ്വഹിയ്ക്കപ്പെടേണ്ടതുണ്ട്. ലിംഗ സമത്വം എന്ന ആശയം പ്രാബല്യത്തിൽ വരുത്താൻ പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടലുകൾക്ക് കഴിയും. ഈ മേഖലയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രവർത്തനങ്ങളെയും സംവിധാനങ്ങളെയും ഏകോപിപ്പിയ്ക്കാനും നമുക്ക് സാധിയ്ക്കും. അതിൽ ജനപ്രതിനിധികൾക്ക് കാര്യമായ പങ്കു വഹിയ്ക്കാനാകും. അതിക്രമങ്ങൾ അനുഭവിക്കാത്ത, സ്വയം പര്യാപ്തമായ ജനാധിപത്യപരമായ ഒരു സമൂഹത്തെ വാർത്തെടുക്കാനാവും.

അദ്ധ്യായം 8

# വികസനം ലിംഗ സമത്വ കാഴ്ച്ചപ്പാടിലൂടെ

ഒമ്പതാം പഞ്ചവത്സരക്കാലം മുതൽ ആരംഭിച്ച ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജിച്ച നേട്ടങ്ങളിൽ പലതും സ്ഥായിയായി നിലനിൽക്കുന്നില്ല എന്നതും ലിംഗ പദവി സമത്വം കൈവരിക്കുന്നതിൽ ഉണ്ടായ പരിമിതികളും ശ്രദ്ധേയമാണ്. കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ അനന്തരഫല വിശകലനം നടത്തിയപ്പോൾ കൈവരിച്ച പല നേട്ടങ്ങളും നേട്ടങ്ങളും നിലനിർത്താനായില്ല എന്നതും വസ്തുതയാണ്. ഭരണ മാറ്റത്തിനനുസരിച്ചും വ്യക്തികളും ജീവനക്കാരും മാറുന്നതനുസരിച്ചും പ്രവർത്തനങ്ങളുടെ തുടർച്ച നഷ്ടപ്പെടുന്ന (ഉദാഹരണത്തിന് ജാഗ്രത സമിതി, ജി ആർ സി, സംരംഭങ്ങൾ, കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവ). ദീർഘവീക്ഷണം ഇല്ലാത്തതും ആവശ്യാധിഷ്ഠിതമല്ലാത്തതും, പ്രാദേശിക സാധ്യതകൾ പ്രയോജനപെടുത്താതെയും തയ്യാറാക്കിയ പദ്ധതികൾ കേവലം ക്ഷേമ പ്രവർത്തനം മാത്രമായി പരിണമിച്ചു. വിവിധ ജൻഡർ വിഭാഗങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച് ധാരണയില്ലാതെയും വിവരാധിഷ്ഠിതമായി കാലികമാക്കിയ അവസ്ഥാപഠനത്തിന്റെ അഭാവത്തിലും തയ്യാറാക്കിയ പദ്ധതികൾക്ക് നിലനിൽപ്പില്ലാതായി. ഈ സാഹചര്യത്തിൽ നിന്ന് കൊണ്ടാണ് വികസന പ്രവർത്തനങ്ങളുടെ സുസ്ഥിരതയും ഫലപ്രാപ്തിയും സംബന്ധിച്ച കാഴ്ചപ്പാടിലൂന്നിയ വികസന പ്രവർത്തങ്ങൾക്ക് കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്ക് നേതൃത്വം നൽകേണ്ടി വരുന്നത്. ഇതിനു സഹായകമായ വിധത്തിൽ ഐക്യരാഷ്ട്രസഭ മുന്നോട്ടു വെച്ച സുസ്ഥിര വികസന ലക്ഷ്യത്തിൽ അധിഷ്ഠിതമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുനതിനുള്ള ആസൂത്രണ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## 8.1 പതിനാലാം പഞ്ചവത്സര പദ്ധതി മുൻഗണനകൾ

ജനസംഖ്യയുടെ പകുതിയിൽ അധികം വരുന്ന സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ് ജൻഡർ വിഭാഗങ്ങൾ, പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ വികസന പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സാമൂഹ്യ നീതി ഉറപ്പാക്കി സുസ്ഥിര വികസന ലക്ഷ്യം സാധ്യമാവൂ. സാമ്പത്തിക വളർച്ച, ഉപജീവനസുരക്ഷ, സുസ്ഥിര വികസനം, സാമൂഹ്യ നീതി, ലിംഗപദവി തുല്യത എന്നിവ ഉറപ്പു വരുത്തുകയും, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കേരളത്തെ ജ്ഞാന സമൂഹമായി വളർത്തുകയും ചെയ്യുക എന്നത് അനിവാര്യമാണ്. ഇതിനായി പൊതു മുൻഗണനകളിൽ, ഉദ്പാദനം, ഉദ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക, പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, നൈപുണ്യ വികസനം, തൊഴിൽ സൃഷ്ടി,

അതിജീവന ക്ഷമത, കാലാവസ്ഥ വ്യതിയാനം, പ്രാദേശിക കർമ പദ്ധതി, പ്രകൃതി വിഭവ സംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, അതിദാരിദ്ര്യ നിർമാജനം, അടിസ്ഥാന സൗകര്യവികസനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ആരോഗ്യ രംഗത്തെ പ്രതിരോധ പ്രവർത്തനങ്ങൾ, വാതിൽപ്പടി സേവനങ്ങൾ, കലാ കായിക സാംസ്കാരിക മണ്ഡലങ്ങളിലെ ഇടപെടലുകൾ, കാര്യക്ഷമവും പ്രതികരണത്മാവുമായ സദ്ഭരണം എന്നിവ ഉൾപെടുത്തേണ്ടതുണ്ട്.

## ആരോഗ്യം

ശുദ്ധമായ വായു, ശുദ്ധ ജലം, പോഷണ സമ്പുഷ്ടമായ ഭക്ഷണം, ശുചിത്വപൂർണമായ പരിസരം ഇത്രയുമാണ് ആരോഗ്യത്തിന്റെ മുൻ ഉപാധികൾ. പോഷണ സമ്പുഷ്ടമായ ഭക്ഷണത്തിന് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കണം. ഭക്ഷ്യ വസ്തുകളായ പാൽ, ഇറച്ചി, മുട്ട, പഴം, പച്ചക്കറികൾ, ധാന്യങ്ങൾ ഇവയുടെ ഉത്പാദനം വർധിപ്പിച്ച് സ്വയം പര്യാപ്തതയിലെത്തണം.

ശുദ്ധജലം ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിലുള്ള മുഴുവൻ ജല സ്രോതസ്സുകളും ശുദ്ധീകരിക്കുകയും നീരൊഴുക്ക് സുഗമമായി സംരക്ഷിക്കുകയും വേണം എല്ലാ വീട്ടിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാകുന്നതിലൂടെ സ്ത്രീകളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയും സമയം ലാഭിക്കുകയും ചെയ്യാം.

ആരോഗ്യ മേഖലയിൽ സ്ത്രീകളുടെ പ്രത്യുല്പാദന ആരോഗ്യം, ലൈംഗികതയുമായി ബന്ധപ്പെട്ട അവകാശങ്ങൾ, വിവാഹപൂർവ്വ കൗൺസിലിംഗ്, ആദിവാസി മേഖലകളിലെ പ്രസവം ആശുപത്രിയിലാക്കൽ, ജീവിത ശൈലി രോഗങ്ങളുടെ നിയന്ത്രണം, ഗർഭാശയ ക്യാൻസർ, സെർവൈക്കൽ ക്യാൻസർ, സ്തനാർബുദം എന്നിവയുടെ പരിശോധനയും മുൻകൂട്ടി കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ മുതലായവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ആർത്തവസമയത്തും ആർത്തവ വിരാമസമയത്തും അനുഭവപ്പെടുന്ന മാനസിക സമ്മർദ്ദങ്ങൾ, ആർത്തവ സമയത്തെ ശുചിത്വം, ആരോഗ്യം വിളർച്ചാ പരിചരണം, ഹിമോഗ്ലോബിന്റെ അളവ് നിലനിർത്തൽ, വയോജനങ്ങളുടെ മാനസിക ശാരീരിക പ്രശ്നങ്ങൾ, കൗമാരക്കാരുടെ ശാരീരിക–മാനസിക ആരോഗ്യ പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി പരിഹാര പ്രവർത്തങ്ങൾ ഏറ്റെടുക്കേണ്ടതാണ്. പട്ടിക ജാതി പട്ടിക വർഗ്ഗ മേഖലയിലെ സവിശേഷ ആരോഗ്യ പ്രശ്നങ്ങൾ തൂക്കകുറവ്, അനീമിയ, സിക്കിൾസെൽ അനീമിയ, ക്ഷയം, ത്വക് രോഗങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക പരിഹാര നടപടികൾ ഏറ്റെടുക്കേണ്ടതുണ്ട്.

ട്രാൻസ് ജെൻഡർ വിഭാഗങ്ങളുടെ സവിശേഷ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി – ഹോർമോൺ ചികിത്സ, സർജറി മുതലായവയ്ക്കാവശ്യമായ പിന്തുണ നൽകേണ്ടതാണ്.

## വിദ്യാഭ്യാസം

അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ലിംഗാവബോധ പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. കുട്ടികളിലെ വ്യത്യസ്ഥത (ജെൻഡർ വൈവിധ്യങ്ങൾ) തിരിച്ചറിയാനും അവയെ അംഗീകരിക്കാനും കഴിയണം. അവരെ വ്യക്തികളായി കണ്ട് പരിഹസിക്കാതെ, അവഗണിക്കാതെ അംഗീകരിച്ച്, സഹ വിദ്യാർത്ഥികളുമായി ഇടപെടുന്നതിനുള്ള സൗഹൃദ അന്തരീക്ഷം വിദ്യാലയങ്ങളിലും കുടുംബങ്ങളിലും പൊതു ഇടങ്ങളിലും ഉണ്ടാവണം. പൊതു വിഭാഗത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന

കുട്ടികൾക്ക് എസ്സ്. എസ്സ്. കെ യുടെ നേതൃത്വത്തിൽ സവിശേഷതകൾക്കനുസരിച്ചുള്ള അക്കാദമിക പരിശീലനം നൽകാവുന്നതാണ്. ശാസ്ത്ര ബോധവും യുക്തി ചിന്തയും കുട്ടികളിൽ വളർത്തുന്നതിന് ശാസ്ത്ര ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് സ്ഥാപന മാനേജ്മെന്റ് കമ്മിറ്റി നേതൃത്വം കൊടുക്കണം. ഇതോടൊപ്പം ജീവിത നൈപുണീ വിദ്യാഭ്യസവും തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കണം. വിദ്യാഭ്യാസം പെൺകുട്ടികളുടെ അഭിരുചിക്കനുസരിച്ച തെരഞ്ഞെടുക്കുന്നതിനുള്ള അവസരവും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാവണം. ലൈംഗിക വിദ്യാഭ്യാസം കരികുലത്തിന്റെ ഭാഗമാവണം. വിദ്യാലയങ്ങൾ ബാലിക സൗഹൃദമാവണം. അതിജീവത്തിനും പൗരബോധം വളർത്തുന്നതിനും ഉതകുന്ന വിദ്യാഭ്യാസം ലഭ്യമാക്കണം. പാർശ്വവൽകൃത സമൂഹത്തെ ഉൾചേർക്കുന്ന സമീപനം വിദ്യാലയങ്ങൾക്കുണ്ടാകണം.

വിദ്യാർത്ഥികളുടെ സുരക്ഷ പരാതി പരിഹാരം, കൗൺസിലിംഗ്, ലിംഗ പദവി, ലൈംഗീകത, സംബന്ധിച്ചും വിദ്യാഭ്യാസം നൽകാൻ ജൻഡർ ഹെല്പ് ഡെസ്കുകൾ നടപ്പാക്കാം.

ജൂഡോ, തയ്ക്കോണ്ട പരിശീലനം എന്നിവ ഏറ്റെടുക്കേണ്ടതുണ്ട്.

Effective and equal parenting ക്ലാസുകൾ രക്ഷിതകൾക്ക് നൽകാവുന്നതാണ്.

പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക പഠന സൗകര്യം ഒരുക്കാവുന്നതാണ്.

## തൊഴിൽ

കേരളത്തിൽ ഉന്നത വിദ്യാഭ്യാസമേഖലയിലെ പെൺകുട്ടികളുടെ എണ്ണത്തിനനുസരിച്ച് തൊഴിൽ പങ്കാളിത്ത നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. ഇതിന് കാരണം കേരളത്തിലെ പ്രത്യേക സാമൂഹിക വ്യവസ്ഥയുടെ ഭാഗമായി നിലനിൽക്കുന്ന മൂല്യങ്ങളും ശിശു പരിചരണം, രോഗി പരിചരണം, വയോജന പരിചരണം തുടങ്ങി കൂലി ഇല്ലാത്ത ഗാർഹിക ഉത്തരവാദിത്തങ്ങൾ സ്ത്രീയുടെ മാത്രം ബാധ്യതയായി കാണുന്ന കാഴ്ചപ്പാടാണ്.

ഇതിന്റെ ഫലമായി, സംരംഭങ്ങളിലേർപ്പേടുന്ന സ്ത്രീകൾക്ക് പോലും ക്രിയാത്മകമായി ഇടപെടുന്നതിന് സാധ്യമാകുന്നില്ല. നൈപുണികുറവ്, മാനേജ്മെന്റ് ശേഷി, സാമ്പത്തിക പരാധീനത, വിപണി കണ്ടെത്തൽ, വിവരസാങ്കേതിക വിദ്യ, യന്ത്രവൽക്കരണം എന്നിവയുടെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഈ പരിമിതി മറികടക്കാൻ കഴിയണം, കൂടാതെ നൂതനമായ തൊഴിൽ സംരംഭങ്ങളിലേക് തൊഴിൽ അന്വേഷകരെ ആകർഷിക്കാൻ കഴിയണം. അതിന് തൊഴിലിടങ്ങൾ ജെൻഡർ സൗഹൃദം ആകുകയും, സാങ്കേതിക വിദ്യ പ്രാപ്തമാക്കുകയും ഓൺലൈൻ വിപണി തുറക്കുകയും വേണം. കൃഷി, മൃഗസംരക്ഷണം, മത്സ്യ ബന്ധനം എന്നിവയും ഇതുമായി ബന്ധപ്പെട്ട മൂല്യവർധിത ഉൽപ്പന്നങ്ങളും അവയുടെ വിപണനവും ഏറ്റെടുകേണ്ടതുണ്ട്. കമ്മ്യൂണിറ്റി കിച്ചൺ, ക്രഷുകൾ മുതിർന്നവർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവ നടപ്പാക്കാവുന്നതാണ്. നിലവിൽ സ്ത്രീകൾ നടത്തുന്ന സംരഭങ്ങളിൽ നന്നായി പോകുന്നവ, ഭാഗികമായി നടത്തുന്നവ, നിലച്ച പോയവ എന്നിവ തരംതിരിച്ച് അവയിൽ ഭാഗികമായി നടത്തുന്നതിന്റെയും നിലച്ച പോയതിന്റെയും കാരണം കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. ഇതിനായി അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണി, ഓൺലൈൻ മാർക്കറ്റിംഗിന്റെ

സംവിധാനങ്ങൾ, ഗുണമേന്മാവൽക്കരണം, ഊർജ്ജ ലഭ്യത മറ്റു അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ വനിതാ ഘടക പദ്ധതിയിലോ പൊതു പദ്ധതിയിലോ ഉൾപ്പെടുത്താവുന്നതാണ്. ഇതിനായി താലൂക്ക് വ്യവസായ ഓഫീസ്, കുടുംബശ്രീ സംവിധാനം, വനിതാവികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗ കോർപ്പറേഷൻ. തുടങ്ങിയവയുടെ സാധ്യതകൾ ഉപയോഗിക്കാം. പുതിയതും നൂതനവുമായ സംരഭങ്ങൾ ചെയ്യുന്നതിനും നിലവിലുള്ള സംരഭങ്ങളുടെ വിപുലീകരണത്തിനും പ്രാദേശിക സേവന സാധ്യതകൾ അടിസ്ഥാനമാക്കി സേവന സംഘങ്ങൾ രൂപീകരിക്കുന്നതിനും നടപടികളെടുക്കാം. പുതിയ സംരഭങ്ങളിൽ സ്വന്തം മുതൽമുടക്കിൽ ആരംഭിച്ചവ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സഹകരണത്തിൽ ആരംഭിച്ചവ കുടുംബശ്രീയുടെ മൈക്രോ സംരംഭങ്ങൾ എന്നിവയ്ക്ക് പലിശ സബ്സിഡി കൺസൽറ്റിന്റെ സേവനം എന്നിവ ലഭ്യമാക്കാം. കൂടാതെ ഇന്നവേഷൻ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, ഇൻസെന്റീവ് ഗ്രാന്റ് എന്നിവ കുടുംബശ്രീ മുഖേനെ ലഭ്യമാക്കാം. തൊഴിൽ സംരഭകരുടെ മുൻഗണനാ മാനദണ്ഡത്തിൽ വിവിധ ജെന്റഡർ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകുകയും വേണം, തൊഴിൽ മേളകൾ, തൊഴിൽ സേവങ്ങൾ, ലേബർ ബാങ്ക് എന്നിവയും ഏറ്റെടുക്കാം.

## സുരക്ഷ

ഒരു വ്യക്തി എന്ന നിലയിൽ സ്ത്രീകൾക്കും പെൺക്കുട്ടികൾക്കും അന്തസ്സോടെ തൊഴിലെടുത്ത് ആത്മാഭിമാനത്തോടെ സുരക്ഷിതമായി ജീവിക്കാനുള്ള അവകാശം ഭരണഘടനാദത്തമാണ്. എന്നാലും വർധിച്ചുവരുന്ന അതിക്രമങ്ങൾ പെൺകുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവർക്ക് എതിരെ നിലനിൽക്കുന്നു എന്നത് സമൂഹിക വികസനത്തിനു വെല്ലുവിളി ഉണ്ടാക്കുന്നു. ജാഗ്രതാ സമിതികളുടെ പ്രവർത്തനം വാർഡ് തലത്തിൽ ഉൾപ്പടെ ഊർജ്ജിതമാകേണ്ടതുണ്ട്. ഗാർഹിക അതിക്രമങ്ങൾ, പോക്സോ കേസുകൾ എന്നിവയുടെ പരിഹാര പ്രവർത്തനങ്ങൾ, നിയമ സാക്ഷരത കുടുംബാംഗങ്ങൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവത്കരണ പ്രവർത്തനങ്ങൾ–കേരള ലീഗൽ സർവീസ് അതോറിറ്റിയുടെ സഹകരണത്തോടെ ഏറ്റെടുക്കുന്നതിന് കഴിയേണ്ടതുണ്ട്. ക്രൈംമാപ്പിംഗ്, പൊലീസ്, എക്സൈസ് എന്നിവയുടെ സഹകരണത്തോടെ ജാഗ്രതാ സമിതിയുടെ പ്രവർത്തന മേഖലകൾ സജീവമാക്കുകയും ചെയ്യേണ്ടതുണ്ട്.

## രാഷ്ട്രീയം-സാമൂഹികം

രാഷ്ട്രീയ സംഘടനാ സംവിധാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം അംഗത്വത്തിലും പദവിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ട്. ആവശ്യത്തിനനുസരിച്ച് വനിതകളുടെ സംഘങ്ങളെയും സംഘാടന ശേഷിയെയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ വ്യക്തികൾ എന്ന നിലയിൽ സ്ത്രീകളുടെ നേതൃത്വ ഗുണം വർധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാവുന്നില്ല. എല്ലാ തലങ്ങളിലും സ്ത്രീകളുടെ എണ്ണത്തിലും ദൃശ്യതയിലും മികവുണ്ടായിട്ടുണ്ട്. എന്നാൽ തീരുമാനം എടുക്കുന്നതിലോ, തിരുത്തൽ ശക്തിയായോ കൂട്ടായ വിലപേശൽശേഷി വികസിപ്പിക്കുന്നതിനോ സാധിച്ചിട്ടില്ല. സ്ത്രീകൾ മാത്രം നേതൃത്വം നൽകി പ്രവർത്തിക്കുന്ന കുടുംബശ്രീ, അംഗൻവാടികൾ, ആശാവർക്കർമാർ വനിതാ ജനപ്രതിനിധികൾ എന്നിവർ ഇടപെടുന്ന മേഖലകളിൽ വരുന്ന പ്രശ്നങ്ങൾ

കൂട്ടായി ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുള്ള പരിശീലനവും അവസരമൊരുക്കുകയും വേണ്ടതുണ്ട്. ഇതിനാവശ്യമായ തന്ത്രങ്ങൾ നടപ്പാക്കണം. ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ ജീവിതവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ, നിയമങ്ങൾ, നയങ്ങൾ എന്നിവയുണ്ടാക്കുന്ന നിയമസഭ, ലോകസഭ, രാജ്യസഭകളിൽ സ്ത്രീളുടെ പ്രാതിനിധ്യം നാമമാത്രവുമാണ്.

## കലാകായിക സാംസ്കാരികം

വിദ്യാഭ്യാസ കാലഘട്ടത്തിൽ കലാകായിക സാംസ്കാരിക രംഗങ്ങളിൽ മികവു പുലർത്തിയിരുന്ന സ്ത്രീകൾ പോലും ജീവിതത്തിലേക്ക് കടക്കുമ്പോൾ അത്തരം മേഖല കളിൽ നിന്നും പൂർണമായും അന്യമാവുന്ന സ്ഥിതിയുണ്ട്. എന്നാൽ ഭൂരിപക്ഷവും ഈ മേഖലകളിൽ നിന്നും അകന്നു നിൽക്കുന്നതിന് കാരണം ഗാർഹിക ഉത്തരവാദിത്തമാണ്. സാർവ്വദേശിയമായ അംഗീകരിക്കപ്പെട്ട 8 മണിക്കൂർ അദ്ധ്വാനം, 8 മണിക്കൂർ വിനോദം, 8 മണിക്കൂർ വിശ്രമം എന്ന അവകാശം കേരളത്തിലെ സ്ത്രീകൾക്ക് ഇന്നും അന്യമാണ്. ഇത് പരിഹരിക്കുന്നതിന് കുടുംബശ്രീ സംവിധാനത്തിന്റെ നിരന്തരമായ ഇടപെടൽ ഈ മേഖലയിലുണ്ടാവണം. സ്ത്രീകളുടെ സർഗ്ഗവാസനകളെ പോഷിപ്പിക്കുന്നതിനു സ്ഥിരം വേദികൾ ഉണ്ടാവണം. കായിക ശേഷി വികസനത്തിന് ജി ആർ സി യുടെ നേതൃത്വത്തിൽ ഫിറ്റ്നസ് സെന്റർ, കലാകായിക സാഹിത്യ സാംസ്കാരിക മേളകൾ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക. (വോളിബോൾ ടീം, ക്രിക്കറ്റ് ടീം, ഫുട്ബോൾ ടീം, അത്ലറ്റിക്സ്, നീന്തൽ പരിശീലനം) ജീവിതചക്ര വിശകലനം ചെയ്യുമ്പോൾ, യൗവന കാലത്ത് അദ്ധ്വാനിച്ചുണ്ടാക്കുന്ന സമ്പത്ത്, ജീവിത ശൈലി രോഗങ്ങളുടെ ഭാഗമായി ആശുപത്രികളിൽ നിക്ഷേപിക്കുന്ന കാര്യം സുസ്ഥിര വികസനത്തിന് വെല്ലുവിളിയാണ്.

## കാലാവസ്ഥ വ്യതിയാനം

ജലസംരക്ഷണം

തീരദേശ സംരക്ഷണം, പ്രകൃതി വിഭവ പരിപാലനം

ഊർജകാര്യക്ഷമത, ഹരിതഗൃഹവാതകങ്ങൾ കുറയ്ക്കൽ

സുസ്ഥിര ജലപരിപാലന രീതികൾ

കാർബൺ ബഹിർഗമനം കുറയ്ക്കൽ

ദുരന്ത ലഘൂകരണം എന്നിവയെല്ലാം സംബന്ധിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കണം

അദ്ധ്യായം 9

# ലിംഗപദവി ആസൂത്രണം / ജെൻഡർ പ്ലാനിംഗ്

ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ ജെൻഡർ പരിഗണനകൾ എങ്ങനെ ഉപയോഗിക്കാം എന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. സ്ത്രീ പുരുഷ അധികാരബന്ധങ്ങളെകുറിച്ചും ഇത് സമൂഹത്തിൽ വിവിധ സ്ഥാപനങ്ങളിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെകുറിച്ചും വ്യക്തമായ അറിവ് ഉണ്ടെങ്കിൽ മാത്രമേ ഇപ്രകാരമുള്ള ഉൾചേർക്കൽ സാധ്യമാവൂ.

സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും സ്ത്രീകളുടെയും പ്രശ്നങ്ങളാണ്. ഓരോ പ്രശ്നവും ഓരോ വികസന ഇടപെടലും സ്ത്രീയേയും പുരുഷനേയും ബാധിക്കുന്നതും വ്യത്യസ്തമായിട്ടാണ്. വികസന ഇടപെടലുകളുടെ പല നേട്ടങ്ങളും സ്ത്രീപുരുഷന്മാർ അനുഭവിക്കുന്നതും വ്യത്യസ്തമായിട്ടാണ്. അതുകൊണ്ടു തന്നെയാണ് പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുമ്പോൾ ഈ വ്യത്യസ്തതകൾ കണക്കിലെടുക്കേണ്ടത്. പ്രായോഗികമായ ആവശ്യങ്ങളും തന്ത്രപരമായ അവകാശങ്ങളും (Practical Gender Needs & Strategic Gender Needs) തിരിച്ചറിഞ്ഞ് പദ്ധതികളിൽ ഉൾച്ചേർക്കാൻ കഴിയണം.

പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ശാക്തീകരണം നടക്കുന്നതോടൊപ്പം പൊതു സമൂഹത്തിന്റെ കാഴ്ച്ചപ്പാടിലും മനോഭാവത്തിലും മാറ്റം വരുത്തി മുഖ്യധാരാവൽക്കരണം കൂടി നടത്തേണ്ടതുണ്ട്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ പ്രശ്നങ്ങളായി ഉൾക്കൊള്ളാനും അവ പരിഹരിക്കാനും പൊതുസമൂഹത്തെ പ്രാപ്തരാക്കുക എന്ന ഉത്തരവാദിത്തം കൂടി നടത്തേണ്ടതുണ്ട്

## 9.1 ലിംഗപദവി ആസൂത്രണ ഘട്ടങ്ങൾ

- വിവരശേഖരണം
- പ്രശ്നത്തെ നിർവചിക്കുക
- തന്ത്രങ്ങൾ രൂപപ്പെടുത്തുക
- പദ്ധതി ലക്ഷ്യം വെക്കുന്നവരെ കണ്ടെത്തുക
- സ്ഥാപനപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തുക
- ലക്ഷ്യങ്ങൾ കൃത്യമായി നിർവചിക്കുക, ഫലപ്രാപ്തിയുടെ സൂചകങ്ങൾ
- പ്രവർത്തനങ്ങൾ നൽകുന്ന വിവരങ്ങൾ (inputs) പരിണിതഫലങ്ങൾ(output) ഇവ നിർവചിക്കുക
- മോണിറ്ററിംഗ്, റിപ്പോർട്ടിംഗ് നടപടികൾ

## 9.2 ലിംഗപദവി ആസൂത്രണം - പ്രത്യേകതകൾ

1. സാമൂഹ്യവും, സാമ്പത്തികവും സാംസ്കാരികവുമായി നിലനിൽക്കുന്ന അസമ

ത്വങ്ങളെ തിരിച്ചറിഞ്ഞ് പരിഹാരം കാണാൻ സഹായിക്കുന്നു.

2. സ്ത്രീകൾ, അനുഭവിക്കുന്ന ചൂഷണം, വിവേചനം, അടിച്ചമർത്തൽ തുടങ്ങിയ പ്രശ്നങ്ങളെ കണ്ടെത്തി അതിജീവിക്കാൻ സഹായിക്കുന്നു.
3. നിലനിൽക്കുന്ന ലിംഗവിവേചനത്തിലധിഷ്ഠിതമായ വാർപ്പ് മാതൃകകളെ പൊളിച്ചെഴുതാൻ സഹായിക്കുന്നു
4. വികസന ആവശ്യങ്ങളുടെ കൃത്യമായ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കാൻ സഹായിക്കുന്നു
5. സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും നിർണ്ണായക ആവശ്യങ്ങളും തിരിച്ചറിഞ്ഞ് മുൻഗണന ക്രമത്തിൽ ഇടപെടാൻ സാധിക്കുന്നു
6. വികസന പ്രക്രിയയിൽ സ്ത്രീകളുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്താൻ സഹായിക്കുന്നു.
7. വികസന പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും മേൽനോട്ടത്തിലും സ്ത്രീകൾക്ക് നിയന്ത്രണവും പ്രാപ്യതയും ഉറപ്പ് വരുത്താൻ സഹായിക്കുന്നു.
8. പൊതുസമൂഹത്തിന് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് തിരിച്ചറിവുണ്ടാവാൻ സാധിക്കുന്നു.

## 9.3 ആസൂത്രണത്തിലെ മുൻകാല സമീപനങ്ങളിൽ നിന്നുള്ള വ്യത്യസ്തതകൾ

| മുൻകാല സമീപനം | ലിംഗപദവി സമീപനം |
|---|---|
| സ്ത്രീകൾ ആസൂത്രണപ്രക്രിയയിലെ ഒരു ഉന്നം മാത്രം (Target) | സ്ത്രീകളുടെ പങ്കാളിത്തവും നിയന്ത്രണവും ഉറപ്പുവരുത്തുന്നു |
| സ്ത്രീകളെ, വീട്ടമ്മ, മാതൃത്വം, അനുബന്ധ വരുമാനം തുടങ്ങി ലിംഗപദവി റോളുകളുമായി ബന്ധപ്പെടുത്തുന്നു | അധികാരബന്ധങ്ങളെ പരിഗണിക്കുകയും നീതി നിഷേധങ്ങളും വ്യത്യസ്തതളെയും കണക്കിലെടുക്കുകയും ചെയ്യുന്നു |
| സ്ത്രീകൾ നിർജീവ ഗുണഭോക്താക്കൾ മാത്രം | സ്ത്രീകൾ സജീവ പങ്കാളികൾ |
| പ്രായോഗിക ആവശ്യങ്ങൾക്ക് മാത്രം മുൻഗണന | പ്രായോഗികആവശ്യങ്ങൾക്കൊപ്പം നിർണായക ആവശ്യങ്ങൾക്കും മുൻഗണന |
| പൊതുവികസനത്തിന്റെ ഭാഗമായി മാത്രം പരിഗണിക്കുന്നു. | സ്ത്രീകളുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടുന്നു |
| ക്ഷേമ സമീപനം മാത്രം | ശാക്തീകരണ സമീപനം |
| സ്ത്രീകളെ മാത്രം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം | പൊതുസമൂഹത്തിന്റെ മനോഭാവമടക്കം എല്ലാ ലിംഗ ലൈംഗിക ലക്ഷ്യം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം |
| ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിവയ്ക്ക് സംഘടനാസംവിധാനമുണ്ടായിരുന്നില്ല | ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിവയ്ക്ക് സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംഘടനാസംവിധാനങ്ങൾ |
| ലിംഗപദവി ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടില്ല | സ്ത്രീകൾക്കിടയിലുള്ള വ്യത്യസ്ഥത, ലിംഗപദവി ആവശ്യങ്ങൾ കൂടി പരിഗണിക്കപ്പെടുന്നു. |

അദ്ധ്യായം 10

# മോണിറ്ററിംഗ്

എല്ലാ മേഖലകളിലേയും പ്രവർത്തനങ്ങൾ പദ്ധതികൾ ഇവയുടെ രൂപീകരണത്തിന്റെയും നിർവഹണത്തിന്റെയും ഓരോ ഘട്ടത്തിലും അതിലെ വിവിധ ജെന്റഡർ വിഭാഗങ്ങളുടെ പങ്കാളിത്തം, പ്രയോജനം, കാര്യക്ഷമതയിലുണ്ടായ മാറ്റം, ലക്ഷ്യങ്ങൾ എല്ലാം പദ്ധതി പ്രകാരം നേടാനായോ, സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് പ്രാപ്തമായോ എന്നത് വിശകലനം ചെയുന്നതാണ് മോണിറ്ററിംഗിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതി രൂപികരണത്തിൽ ഗ്രാമസഭ ചർച്ചകൾ, നിർദേശങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, വിവര വിശകലനം, പദ്ധതി നിർദേശങ്ങൾ അവയുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും ചിട്ടപെടുത്തൽ, ഗുണഭോക്താക്കളെ നിർണയിക്കൽ, ഈ ഘട്ടങ്ങളിലെല്ലാം വിവിധ ജെന്റഡർ വിഭാഗങ്ങളുടെ പങ്കാളിത്തവും നിർദേശങ്ങളും ഉൾകൊള്ളുക്കയും ലിംഗപദവി നിർണായക ആവശ്യങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. അത് പോലെ നിർവഹണത്തിന്റെ ഓരോ ഘട്ടത്തിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പ പദ്ധതി നിർവഹണത്തിന്റെ സ്ഥാപന ചട്ടക്കൂടിനുള്ളിലെ സ്ത്രീകളുടെ നേതൃത്വപരമായ ഇടപെടൽ, നിർവഹണ ഉദ്യോഗസ്ഥർക്ക് എത്രമാത്രം ലിംഗപദവി കാഴ്ചപ്പാടോടെ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് ഇതെല്ലം പരിശോധിക്കേണ്ടതുണ്ട്. ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നടത്തേണ്ടതും എല്ലാ പദ്ധതി പ്രവർത്തനങ്ങളിലും ലിംഗ പദവി കാഴ്ചപ്പാടിൽ അനന്തര ഫല വിശലകനം ചെയ്യുന്നതിനും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക അജണ്ടയായി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നത് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനത്തിൽ പ്രയോജനപ്പെടുകയും ചെയ്യും

അദ്ധ്യായം 11

# ഉപസംഹാരം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ, പൊതു മേഖലാ ചുമതലകളിൽപ്പെട്ടതാണ് സുസ്ഥിര വികസനലക്ഷ്യങ്ങൾ. കൂടാതെ പൊതുചുമതലകളിലും മേഖലാചുമതലകളിലും ഉപലക്ഷ്യങ്ങളും ഉൾകൊള്ളുന്നുണ്ട്. എന്നാൽ 25 വർഷത്തെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയക്കു ശേഷവും നാം നടത്തിയ വികസന ഇടപെടലുകൾ സുസ്ഥിരമായില്ല എന്നത് പ്രത്യേകം തിരിച്ചറിയേണ്ടതുണ്ട്. അതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സുസ്ഥിര വികസന സൂചികകൾ പ്രകാരം വികസന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

യാതൊരു തരത്തിലുള്ള പിൻബലവുമില്ലാതെ തന്നെ പൗരാവകാശ നിയമവുമില്ലാതെ തന്നെ പൊതുജനങ്ങൾക്ക് സുതാര്യമായി ഭരണ സേവന വികസന പ്രവർത്തനങ്ങൾ അനുഭവിക്കാൻ കഴിയുന്ന തരത്തിൽ സദ്ഭരണ തത്വങ്ങൾ പാലിച്ച പദ്ധതി പ്രവർത്തനങ്ങളും ഭരണസംവിധാനവും കരുത്താർജ്ജിക്കേണ്ടതുണ്ട്. ജനസഞ്ചയങ്ങൾക്കിടയിൽ ലിംഗപദവി തുല്യത എന്നെന്നും ജനാധിപത്യപരമായ അനുശീലങ്ങളായി എല്ലാവർക്കും അവസരങ്ങളിലും അനുഭവങ്ങളിലും അംഗീകാരവും കരുതലും ബഹുമാനവും ലഭ്യമാവുന്ന സാമൂഹികാന്തരീക്ഷം ഉറപ്പാക്കുകയും ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമാവേണ്ടതുണ്ട്.